വിശുദ്ധ ഖുർആൻ മാനവർക്ക് മാർഗദീപം

MSM

ദേശീയ ഖുർആൻ വിജ്ഞാന പരീക്ഷ

2020 മേയ് 17

സിലബസ് - ജൂനിയർ

സൂറ: നബഅ് മുതൽ ത്വാരിഖ്

MSM KERALA
Mujahid Center, New Block, 5th Floor CD Tower,Arayadathupalam Calicut - 4
+917593882001,02,03 msmkerala.in msmkerala1970@gmail.com

سورة النبأ

78. സൂറതു ന്നബഅ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 40 - വിഭാഗം (റുകൂഉ്) 2

ജുസ്ഉ് - 30

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

عَمَّ يَتَسَآءَلُونَ ﴿١﴾

《1》 എന്തിനെക്കുറിച്ചാണ് അവർ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നത്?

عَنِ ٱلنَّبَإِ ٱلۡعَظِيمِ ﴿٢﴾

《2》 (അതെ, ആ) മഹത്തായ വൃത്താന്തത്തെക്കുറിച്ച്!

ٱلَّذِى هُمۡ فِيهِ مُخۡتَلِفُونَ ﴿٣﴾

《3》 അതായത്, യാതൊന്നിൽ അവർ ഭിന്നാഭിപ്രായക്കാരാകുന്നുവോ അക്കാര്യം (തന്നെ).

كَلَّا سَيَعۡلَمُونَ ﴿٤﴾

《4》 അങ്ങനെ വേണ്ട, അവർക്ക് വഴിയെ അറിയാറാകും!

ثُمَّ كَلَّا سَيَعۡلَمُونَ ﴿٥﴾

《5》 പിന്നെ, [വീണ്ടും] അങ്ങനെ വേണ്ട, അവർക്ക് വഴിയെ അറിയാറാകും!!

《1》عَمَّ എന്തിനെക്കുറിച്ചാണ് يَتَسَآءَلُونَ അവർ (പരസ്പരം) ചോദിക്കുന്നു, ചോദ്യം ചെയ്യുന്നു 《2》 عَنِ ٱلنَّبَإِ വൃത്താന്തത്തെക്കുറിച്ചാകുന്നു ٱلۡعَظِيمِ മഹത്താ

ය, വമ്പിച്ച ﴾3﴿ ٱلَّذِى അതായത് യാതൊരു കാര്യം هُمْ فِيهِ അവർ അതിൽ مُخْتَلِفُونَ
ഭിന്നിച്ചവരാണ്, വ്യത്യസ്താഭിപ്രായക്കാരാണ് ﴾4﴿ كَلَّا അങ്ങനെ വേണ്ടാ, അങ്ങ
നെയല്ല سَيَعْلَمُونَ അവർ വഴിയെ അറിയും, അവർക്കറിയാം ﴾5﴿ ثُمَّ كَلَّا പിന്നെ
വേണ്ടാ سَيَعْلَمُونَ അവർ വഴിയെ അറിയും, അറിയാറാകും

ഈ ലോകത്തിന് ഒരു അന്ത്യമുണ്ടെന്നും, അനന്തരം മറ്റൊരു ജീവിതമുണ്ടെന്നും, അവിടെവെച്ച് ഓരോരുത്തനും ഇഹത്തിൽവെച്ച് ചെയ്ത കർമങ്ങളെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുമെന്നുമുള്ള യാഥാർത്ഥ്യത്തെയാണ് മുശ്‌രിക്കുകൾ മറ്റെല്ലാറ്റിനെക്കാളും കഠിനമായി നിഷേധിക്കുന്നത്. ഈ വിഷയകമായി -തമ്മതമ്മിലും, നബിﷺയോടും, സത്യവിശ്വാസികളോടും- പല ചോദ്യങ്ങളും വാദങ്ങളും നടത്തിക്കൊണ്ടിരിക്കുക അവരുടെ പതിവത്രെ. സത്യാന്വേഷണമല്ല ഇതിന്റെ ലക്ഷ്യം. പരിഹാസം, ആശ്ചര്യം, ധിക്കാരം, നിഷേധം ഇവയൊക്കെയാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്. എന്നാൽ, അത് അങ്ങനെ ചോദ്യം ചെയ്യപ്പെടാവുന്ന ഒരു കാര്യമല്ലെന്നും, അതിനെ സംബന്ധിച്ച് സഗൗരവം മനസ്സിരുത്താത്ത പക്ഷം അതിന്റെ ഫലം അതിഗുരുതരമായിരിക്കുമെന്നും അല്ലാഹു അവരെ താക്കീത് ചെയ്യുന്നു.

النبأ العظيم (മഹത്തായ വൃത്താന്തം) എന്ന് പറഞ്ഞത് മരണാനന്തര ജീവിതത്തെ ഉദ്ദേശിച്ചാണെന്ന് മേൽവിവരിച്ചതിൽനിന്ന് വ്യക്തമാണ്. മിക്കവാറും എല്ലാ ക്വുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായവും അതുതന്നെ. ചുരുക്കം ചിലർ അതുകൊണ്ടുദ്ദേശ്യം ക്വുർആനാണെന്നും പറഞ്ഞുകാണുന്നു. ഏതായാലും, രണ്ടാമത്തെ ജീവിതത്തിന്റെ സാധ്യതയും, സംഭവ്യതയും സ്ഥാപിക്കുന്ന പല ദൃഷ്ടാന്തങ്ങളാണ് അല്ലാഹു തുടർന്ന് വിവരിക്കുന്നത്.

أَلَمْ نَجْعَلِ ٱلْأَرْضَ مِهَـٰدًا ﴿٦﴾

﴾6﴿ ഭൂമിയെ നാം ഒരു വിതാനം [വിരിപ്പെന്നോണം] ആക്കിയിട്ടില്ലേ?!-

وَٱلْجِبَالَ أَوْتَادًا ﴿٧﴾

﴾7﴿ മലകളെ (ഭൂമിക്ക്) ആണികളും (ആക്കിയിട്ടില്ലേ)?!

وَخَلَقْنَـٰكُمْ أَزْوَٰجًا ﴿٨﴾

﴾8﴿ നിങ്ങളെ നാം ഇണകളാക്കി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു;

وَجَعَلْنَا نَوْمَكُمْ سُبَاتًا ﴿٩﴾

﴾9﴿ നിങ്ങളുടെ ഉറക്കം നാം (നിങ്ങൾക്ക്) ഒരു വിശ്രമമാക്കുകയും ചെയ്തിരിക്കുന്നു;

وَجَعَلْنَا ٱلَّيْلَ لِبَاسًا ﴿١٠﴾

﴾10﴿ രാത്രിയെ (നിങ്ങൾക്ക്) നാം ഒരു വസ്ത്രവും ആക്കിയിരിക്കുന്നു;

وَجَعَلْنَا ٱلنَّهَارَ مَعَاشًا ﴿١١﴾

《11》 പകലിനെ നാം ജീവിതസന്ധാരണവേളയായും ആക്കിയിരിക്കുന്നു;

وَبَنَيْنَا فَوْقَكُمْ سَبْعًا شِدَادًا ﴿١٢﴾

《12》 നിങ്ങളുടെ മീതെ നാം ശക്തമായ (ആകാശങ്ങൾ) ഏഴെണ്ണം സ്ഥാപിച്ചിരിക്കുന്നു;

وَجَعَلْنَا سِرَاجًا وَهَّاجًا ﴿١٣﴾

《13》 കത്തിത്തിളങ്ങിക്കൊണ്ടിരിക്കുന്ന ഒരു വിളക്ക് [സൂര്യനും] നാം ഉണ്ടാക്കിയിരിക്കുന്നു.

وَأَنزَلْنَا مِنَ ٱلْمُعْصِرَٰتِ مَآءً ثَجَّاجًا ﴿١٤﴾

《14》 മഴക്കാറുകളിൽനിന്ന് കുത്തി ഒഴുകുന്ന വെള്ളം [മഴയും] നാം ഇറക്കി;-

لِّنُخْرِجَ بِهِۦ حَبًّا وَنَبَاتًا ﴿١٥﴾

《15》 അതുകൊണ്ട് നാം ധാന്യവും സസ്യവും (ഉൽപ്പാദിപ്പിച്ച്) വെളിക്ക് വരുത്തുവാൻവേണ്ടി;-

وَجَنَّٰتٍ أَلْفَافًا ﴿١٦﴾

《16》 ഇടതിങ്ങിയ തോട്ടങ്ങളും (വെളിക്ക് വരുത്തുവാൻ)

《6》 أَلَمْ نَجْعَلِ നാം ആക്കിയില്ലേ ٱلْأَرْضَ ഭൂമിയെ مِهَٰدًا ഒരു വിതാനം, തൊട്ടിൽ,
വിരിപ്പ് 《7》 وَٱلْجِبَالَ മലകളെ أَوْتَادًا ആണികളും, കുറ്റികളും 《8》 وَخَلَقْنَٰكُمْ നിങ്ങളെ
നാം സൃഷ്ടിക്കയും ചെയ്തു أَزْوَٰجًا ഇണകളായിട്ട് 《9》 وَجَعَلْنَا നാം ആക്കുകയും
ചെയ്തു نَوْمَكُمْ നിങ്ങളുടെ നിദ്രയെ سُبَاتًا ഒരു വിശ്രമം, ശാന്തത 《10》 وَجَعَلْنَا
നാം ആക്കുകയും ചെയ്തു ٱلَّيْلَ രാത്രിയെ لِبَاسًا ഒരു വസ്ത്രം 《11》 وَجَعَلْنَا ٱلنَّهَارَ
പകലിനെ നാം ആക്കുകയും ചെയ്തു مَعَاشًا ഉപജീവനമമന്വേഷിക്കുന്നത് 《12》
وَبَنَيْنَا നാം സ്ഥാപിക്കുക (ഉണ്ടാക്കുക)യും ചെയ്തു فَوْقَكُمْ നിങ്ങൾക്കുമീതെ سَبْعًا
ഏഴെണ്ണം شِدَادًا കഠിനമായ, ശക്തമായ 《13》 وَجَعَلْنَا നാം ഉണ്ടാക്കുക (ഏർപ്പെ
ടുത്തുക)യും ചെയ്തു سِرَاجًا ഒരു വിളക്ക് وَهَّاجًا തിളങ്ങുന്ന, കത്തിജ്വലിക്കുന്ന
《14》 وَأَنزَلْنَا നാം ഇറക്കുകയും ചെയ്തു مِنَ ٱلْمُعْصِرَٰتِ മഴക്കാറുകളിൽനിന്ന്,
മഴക്കാറ്റുകളിൽനിന്ന് مَآءً ثَجَّاجًا കുത്തി ഒഴുകുന്ന വെള്ളം 《15》 لِّنُخْرِجَ بِهِ അതു
കൊണ്ട് നാം വെളിക്ക് വരുത്തുവാൻ, പുറപ്പെടുവിക്കാൻ حَبًّا ധാന്യം وَنَبَاتًا സസ്യ
വും, ചെടിയും 《16》 وَجَنَّٰتٍ തോട്ടങ്ങളും أَلْفَافًا (മരങ്ങളാൽ) ഇടതിങ്ങിയ,
തൂർന്നു നിൽക്കുന്ന

നിത്യേന മനുഷ്യൻ കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുന്ന പത്ത് പ്രത്യക്ഷ ദൃഷ്ടാന്തങ്ങളും, അതേ അവസരത്തിൽ മഹത്തായ അനുഗ്രഹങ്ങളുമാണ് അല്ലാഹു ഈ വചനങ്ങളിൽ എടുത്തുകാട്ടിയിരിക്കുന്നത്. പലപ്പോഴും ക്വുർആനിൽ ഇവയെപ്പറ്റി ആവർത്തിച്ചും വിവരിച്ചും പ്രസ്താവിക്കാറുള്ളതുമാകുന്നു.

(1) ഭൂമിയിൽ മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ ജീവിതസന്ധാരണത്തിന് ഉപയുക്തമായ വിധത്തിൽ അതിനെ വിരിച്ചു വിതാനപ്പെടുത്തിയിരിക്കുന്നത്.

(2) ഭൂമിക്ക് ഇളക്കം പറ്റാതെ അതിനെ ഉറപ്പിച്ചു നിറുത്തുന്ന കുറ്റികൾ അഥവാ ആണികൾ- എന്നോണം അതിൽ പർവ്വതങ്ങളെ സ്ഥാപിച്ചത്.

(3) മനുഷ്യനെ ആണും പെണ്ണുമായി ഇണവർഗങ്ങളാക്കിയത്.

(4) ദേഹാദ്ധ്വാനം, രോഗം മുതലായവകൊണ്ടോ, വ്യസനം, ഭയം, മുതലായവ നിമിത്തമോ ഉണ്ടാകുന്ന ക്ഷീണങ്ങളിൽനിന്നും, പകലത്തെ വിവിധ ജോലിത്തിരക്കുകളിൽനിന്നും വിശ്രമവും, ശാന്തതയും നൽകുന്നവിധം മനുഷ്യന് ഉറക്കിനെ ഏർപ്പെടുത്തിയിരിക്കുന്നത്.

(5) രാത്രിയെ കേവലം വസ്ത്രംകൊണ്ടെന്നോണം ദേഹം മൂടി മറഞ്ഞു സ്വസ്ഥമായിരിക്കുവാൻ പര്യാപ്തമാക്കിയത്.

(6) മുഴുവൻ സമയവും രാത്രിയെപ്പോലെ ഇരുട്ടിയതാക്കാതെ പകലിനെ അതിൽനിന്നും വേർതിരിച്ചു ജീവിതസന്ധാരണത്തിന് പക്വമായ അവസരമാക്കിയത്.

(7) ഭൂമിയിലെ എത്രയോ കാര്യങ്ങൾക്ക് അനുപേക്ഷണീയമായ നിരവധി പ്രകൃതിബന്ധങ്ങൾ സ്ഥിതിചെയ്യുന്ന വമ്പിച്ച ഏഴ് ആകാശലോകങ്ങളെ ഭൂമിക്കുമീതെ സ്ഥാപിച്ചുവെച്ചിരിക്കുന്നത്.

(8) കത്തിജ്വലിച്ചും തിളങ്ങി പ്രകാശിച്ചും കൊണ്ടിരിക്കുന്ന ലോകവിളക്കാകുന്ന സൂര്യനെ ഏർപ്പെടുത്തിയത്.

(9) മഴവർഷിപ്പിക്കുമാറുള്ള കാർമേഘങ്ങളിൽ നിന്ന്- അല്ലെങ്കിൽ മഴക്കാറുകളെ തട്ടിക്കൂട്ടുന്ന മഴക്കാറ്റുകളിൽനിന്ന്- ധാരാളം മഴവെള്ളം വർഷിപ്പിക്കുന്നത്.

(10) അങ്ങനെ, മഴമൂലം ധാന്യം തുടങ്ങിയ എല്ലാ സസ്യവർഗങ്ങളും,

വൃക്ഷങ്ങളാലും ചെടികളാലും തിങ്ങിത്തൂർന്ന് നിൽക്കുന്ന തോട്ടങ്ങളും മനുഷ്യർക്ക്‌വേണ്ടി ഉൽപാദിപ്പിക്കുന്നത്. അതെ, وإن تعدوا نعمة الله لا تحصوها (അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുന്നപക്ഷം നിങ്ങൾ കണക്കാക്കുന്നതല്ല.) ഇതെല്ലാം നിരത്തിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:-

إِنَّ يَوْمَ ٱلْفَصْلِ كَانَ مِيقَـٰتًا ﴿١٧﴾

﴾17﴿ നിശ്ചയമായും, തീരുമാനത്തിന്റെ ദിവസം സമയനിർണിതമായിരിക്കുന്നു.

يَوْمَ يُنفَخُ فِى ٱلصُّورِ فَتَأْتُونَ أَفْوَاجًا ﴿١٨﴾

﴾18﴿ അതായത്, കാഹളത്തിൽ ഊതപ്പെടുന്ന ദിവസം, അപ്പോൾ, നിങ്ങൾ കൂട്ടമായി വന്നെത്തും.

وَفُتِحَتِ ٱلسَّمَآءُ فَكَانَتْ أَبْوَٰبًا ﴿١٩﴾

﴾19﴿ ആകാശം തുറക്കപ്പെടുകയും ചെയ്യും; എന്നിട്ടത് പല വാതിലുകളായിത്തീരും.

وَسُيِّرَتِ ٱلْجِبَالُ فَكَانَتْ سَرَابًا ﴿٢٠﴾

﴾20﴿ പർവതങ്ങൾ (തൽസ്ഥാനം വിട്ട്) നടത്തപ്പെടുകയും ചെയ്യും; എന്നിട്ട് അവ കാനൽ (സമാനം) ആയിത്തീരും.

﴾17﴿ إِنَّ يَوْمَ നിശ്ചയമായും ദിവസം ٱلْفَصْلِ തീരുമാനത്തിന്റെ كَانَ അതാകുന്നു, ആയിരിക്കുന്നു مِيقَـٰتًا സമയം നിർണയിക്ക (നിശ്ചയിക്ക)പ്പെട്ടത് ﴾18﴿ يَوْمَ يُنفَخُ അതായത് ഊതപ്പെടുന്ന ദിവസം فِى ٱلصُّورِ കാഹളത്തിൽ, കൊമ്പിൽ فَتَأْتُونَ അപ്പോൾ നിങ്ങൾ വരും, ചെല്ലും أَفْوَاجًا പല കൂട്ടങ്ങളായി, കൂട്ടംകൂട്ടമായി ﴾19﴿ وَفُتِحَتِ തുറക്കപ്പെടുകയും ചെയ്യും ٱلسَّمَآءُ ആകാശം فَكَانَتْ എന്നിട്ടത് ആയിരിക്കും أَبْوَٰبًا പല വാതിലുകൾ, പ്രവേശനമാർഗങ്ങൾ, കവാടങ്ങൾ ﴾20﴿ وَسُيِّرَتِ നടത്തപ്പെടുകയും ചെയ്യും ٱلْجِبَالُ മല (പർവ്വതം)കൾ فَكَانَتْ എന്നിട്ടവ ആയിത്തീരും سَرَابًا കാനൽ (പോലെ)

കിയാമത്തുനാളിലെ സംഭവവികാസങ്ങളാണ് ഇവയെല്ലാം. ഇവയെപ്പറ്റി പലപ്പോഴും- ഇതിന് മുമ്പുള്ള ചില അദ്ധ്യായങ്ങളിലും, താഴെ വരുന്ന അദ്ധ്യായങ്ങളിലും- വിവരിക്കുപ്പെട്ടിട്ടുള്ളതാകുന്നു. ആകാശം പൊട്ടിപ്പിളരുമ്പോൾ അതിൽ

ഏർപ്പെടുന്ന വിടവുകളെ ഉദ്ദേശിച്ചാണ് ആകാശം വാതിലുകൾ ആയിത്തീരും (فكانت أبوابا) എന്ന് പറഞ്ഞതെന്നും, അതല്ല, ആകാശത്ത്നിന്ന് മലക്കുകൾ കൂട്ടം കൂട്ടമായി പ്രവഹിക്കുവാനുള്ള പ്രവേശനമാർഗങ്ങൾ അന്ന് തുറക്കപ്പെടുന്നതിനെ ഉദ്ദേശിച്ചാണെന്നും അഭിപ്രായങ്ങളുണ്ട്. അല്ലാഹുവിനറിയാം.

إِنَّ جَهَنَّمَ كَانَتْ مِرْصَادًا ﴿٢١﴾

《21》 നിശ്ചയമായും 'ജഹന്നം' [നരകം] ഒരു പതിസ്ഥാനമാകുന്നു;-

لِّلطَّٰغِينَ مَـَٔابًا ﴿٢٢﴾

《22》 അതിക്രമികാരികൾക്ക് സങ്കേത സ്ഥലമായിക്കൊണ്ട്;-

لَّٰبِثِينَ فِيهَآ أَحْقَابًا ﴿٢٣﴾

《23》 (അതെ) അതിൽ പല യുഗങ്ങൾ താമസിക്കുന്നവരായും കൊണ്ട്!

لَّا يَذُوقُونَ فِيهَا بَرْدًا وَلَا شَرَابًا ﴿٢٤﴾

《24》 അതിൽവെച്ച് ഒരു തണുപ്പാകട്ടെ, വല്ല പാനീയമാകട്ടെ അവർ രുചി നോക്കുന്നതല്ല;

إِلَّا حَمِيمًا وَغَسَّاقًا ﴿٢٥﴾

《25》 -അത്യുഷ്ണജലവും (ദുർഗന്ധത്തോടെ ഒഴുകുന്ന) അതിശൈത്യ ജലവുമല്ലാതെ.

جَزَآءً وِفَاقًا ﴿٢٦﴾

《26》 (അവർക്ക്) യോജിച്ച പ്രതിഫലമെന്ന നിലക്ക്!

《21》 إِنَّ جَهَنَّمَ നിശ്ചയമായും ജഹന്നം (നരകം) كَانَتْ അതാകുന്നു مِرْصَادًا പതിസ്ഥാനം, കാത്തിരിക്കുന്നത്, നിരീക്ഷണസ്ഥലം 《22》 لِّلطَّٰغِينَ അതിക്രമി (ധിക്കാരി)കൾക്ക് مَـَٔابًا സങ്കേതം (പ്രാപ്യസ്ഥാനം) ആയിട്ട് 《23》 لَّٰبِثِينَ താമസിക്കുന്ന (കഴിഞ്ഞുകൂടുന്ന)വരായിക്കൊണ്ട് فِيهَآ അതിൽ أَحْقَابًا പല യുഗങ്ങൾ (ദീർഘിച്ച കാലഘട്ടങ്ങൾ) 《24》 لَّا يَذُوقُونَ അവർ രുചിനോക്കുക (ആസ്വദിക്കുക)യില്ല فِيهَا അതിൽവെച്ച് بَرْدًا ഒരു തണുപ്പും وَلَا شَرَابًا ഒരു പാനീയവുമില്ല 《25》 إِلَّا حَمِيمًا അത്യുഷ്ണ (ചുട്ടു തിളക്കുന്ന) ജലമല്ലാതെ وَغَسَّاقًا ഗസ്സാകും (ദുർഗന്ധമുള്ള) അതിശൈത്യ ജലവും 《26》 جَزَآءً പ്രതിഫലമായിട്ട് وِفَاقًا യോജിച്ച, ഒത്തതായ

അതിരുവിട്ടിരുന്ന ധിക്കാരികളെ പതിയിരുന്നു തേടിപ്പിടിക്കുന്ന സ്ഥലമത്രെ നരകം. അതിലെ കാവൽക്കാരായ മലക്കുകൾ അവിടെ പതിയിരിക്കുന്നുണ്ടാകും. പിന്നോക്കം പോകുന്നവരെയും തിരിഞ്ഞുപോകുന്നവരെയും അത് വിളിച്ചുവരുത്തുകതന്നെ ചെയ്യും. (تدعوا من أدبر وتولى–المعارج) അവരുടെ ഏക സങ്കേതമായ നരകത്തിൽനിന്ന് അവർക്ക് ഒരിക്കലും രക്ഷയില്ല. കണക്കറ്റ യുഗങ്ങൾ- അഥവാ എന്നെന്നും- അവരതിൽ തന്നെ കഴിച്ചുകൂട്ടേണ്ടിയിരിക്കുന്നു. അത്യുഗ്രമായ ഉഷ്ണത്തിന് ഒരു ശാന്തിയോ, അസഹനീയമായ ദാഹത്തിന് ഒരു ശമനമോ പോലും അവർക്ക് ആസ്വദിക്കുവാൻ സാദ്ധ്യമല്ല. ദേഹത്തിന് ലഭിക്കുവാനുള്ളത് 'ഹമീം' മാത്രമാകുന്നു. അതാകട്ടെ, വായയും കുടലും വെന്തുരുകിപ്പോകുമാറുള്ള അത്യുഷ്ണജലം! തണുപ്പിന് ലഭിക്കുവാനുള്ളത് 'ഗസ്സാക്വും'! അതാണെങ്കിൽ, നരകത്തിൽനിന്ന് കീണ്ടൊഴുകുന്നതും, ദുർഗന്ധവും അഴുക്കും നിറഞ്ഞതും, നരകത്തിന്റെ ഉഷ്ണത്തെ വെല്ലുമാറ് തണുപ്പുള്ളതും!. അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ. ഈ രണ്ടിനെപ്പറ്റിയും സൂറ: സ്വാദ് 57 ൽ വിവരിച്ചത് ഓർക്കുക.

അല്ലാഹുവിന്റെ സന്ദേശങ്ങളെയും, കൽപനകളെയും ധിക്കരിച്ചു അക്രമികളായി ഭൂമിയിൽ ജീവിതകാലം കഴിച്ചുകൂട്ടിയവർക്ക് പരലോകത്തുവെച്ച് അവരുടെ അഭീഷ്ടത്തിനും ഇച്ഛക്കും കടകവിരുദ്ധമായ ഇത്തരം കടുത്ത ശിക്ഷകൾ നൽകുന്നത് തികച്ചും അനുയോജ്യം തന്നെയാണ് എന്നത്രെ 26 -ാം വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ഇതിനെല്ലാം ഇടയാക്കിയ അവരുടെ ചെയ്തികളെന്താണെന്ന് അല്ലാഹു എടുത്തുകാട്ടുന്നു:-

إِنَّهُمْ كَانُوا۟ لَا يَرْجُونَ حِسَابًا ٢٧

﴾27﴿ നിശ്ചയമായും, അവർ വിചാരണയെ പ്രതീക്ഷിക്കുന്നില്ലായിരുന്നു;

وَكَذَّبُوا۟ بِـَٔايَـٰتِنَا كِذَّابًا ٢٨

﴾28﴿ നമ്മുടെ ലക്ഷ്യങ്ങളെ അവർ ഒരു (വല്ലാത്ത) വ്യാജമാക്കൽ വ്യാജമാക്കുകയും ചെയ്തു. [ഇതാണ് കാരണം]

وَكُلَّ شَىْءٍ أَحْصَيْنَـٰهُ كِتَـٰبًا ٢٩

﴾29﴿ എല്ലാ കാര്യവും തന്നെ, നാം (എഴുതി) രേഖപ്പെടുത്തി തിട്ടമാക്കിവെച്ചിരിക്കുന്നു.

فَذُوقُواْ فَلَن نَّزِيدَكُمۡ إِلَّا عَذَابًا ٣٠

《30》 ആകയാൽ, (ഹേ, അതിക്രമികാരികളേ) രുചിനോക്കിക്കൊള്ളുവിൻ! എനി, നിങ്ങൾക്ക് ശിക്ഷയല്ലാതെ (മറ്റൊന്നും) നാം വർദ്ധിപ്പിച്ചുതരുന്നതേയല്ല.

《27》 إِنَّهُمۡ നിശ്ചയമായും അവർ كَانُواْ لَا يَرۡجُونَ അവർ പ്രതീക്ഷിച്ചിരുന്നില്ല حِسَابًا വിചാരണ, കണക്കുനോക്കൽ 《28》 وَكَذَّبُوا അവർ വ്യാജമാക്കുകയും ചെയ്തു بِـَٔايَٰتِنَا നമ്മുടെ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ كِذَّابًا ഒരു (വലിയ) വ്യാജമാക്കൽ 《29》 وَكُلَّ شَيۡءٍ എല്ലാ കാര്യവും, വസ്തുവും أَحۡصَيۡنَٰهُ അതിനെ നാം കണക്കാക്കി (തിട്ടപ്പെടുത്തി)യിരിക്കുന്നു كِتَٰبًا എഴുത്തായി, രേഖപ്പെടുത്തിക്കൊണ്ട് 《30》 فَذُوقُواْ ആകയാൽ ആസ്വദിക്കു (രുചിനോക്കു)വിൻ فَلَن نَّزِيدَكُمۡ എനി നിങ്ങൾക്ക് നാം വർദ്ധിപ്പിക്കുന്നതേയല്ല إِلَّا عَذَابًا ശിക്ഷയല്ലാതെ

നരകക്കാരെ സംബന്ധിച്ചടത്തോളം- ക്വത്താദഃ (റ)യിൽനിന്ന് നിവേദനം ചെയ്യപ്പെട്ടതുപോലെ- ഇതിലധികം ഗൗരവമേറിയ മറ്റൊരു വാക്യം ക്വുർആനിൽ ഇല്ലെന്ന് പറയാം. നിങ്ങൾക്ക് എന്തെങ്കിലും എനി കൂടുതൽ നൽകുവാനുണ്ടെങ്കിൽ, അത് കൂടുതൽ ശിക്ഷ മാത്രമാണെന്ന് സർവാധിരാജനായ സ്രഷ്ടാവ് അവരോട് പറയുമ്പോൾ അവരുടെ നിരാശയും സങ്കടവും എത്രമാത്രമായിരിക്കും? ആലോചിച്ചുനോക്കുക! അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ.

വിഭാഗം- 2

അവിശ്വാസത്തിന്റെ കെടുതികളെയും ശിക്ഷയെയും കുറിച്ച് പ്രസ്താവിച്ചശേഷം സത്യവിശ്വാസികളായ സൽഭാഗ്യവാൻമാർക്ക് അടുത്ത വചനങ്ങളിൽ അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നു:-

إِنَّ لِلۡمُتَّقِينَ مَفَازًا ٣١

《31》 നിശ്ചയമായും സൂക്ഷ്മതയുള്ളവർക്ക് വിജയം (അഥവാ ഭാഗ്യസ്ഥാനം) ഉണ്ട്.

حَدَآئِقَ وَأَعۡنَٰبًا ٣٢

《32》 അതായത്, തോപ്പുകളും, മുന്തിരി (വള്ളി)കളും.

وَكَوَاعِبَ أَتۡرَابًا ٣٣

《33》 സമപ്രായക്കാരായ സ്തനം തുടിച്ച തരുണികളും.

وَكَأْسًا دِهَاقًا ﴿٣٤﴾

﴿34﴾ (കള്ളിന്റെ) നിറഞ്ഞ കോപ്പകളും (ഉണ്ട്).

لَّا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّٰبًا ﴿٣٥﴾

﴿35﴾ അവിടത്തിൽവെച്ച് വല്ല അനാവശ്യമാകട്ടെ, വ്യാജവാർത്ത യാകട്ടെ അവർ കേൾക്കുന്നതല്ല.

جَزَآءً مِّن رَّبِّكَ عَطَآءً حِسَابًا ﴿٣٦﴾

﴿36﴾ നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള പ്രതിഫലം! അതായത്, കണക്കൊത്ത [തികച്ചും മതിയായ] സമ്മാനം!

رَّبِّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ٱلرَّحْمَٰنِ ۖ لَا يَمْلِكُونَ مِنْهُ خِطَابًا ﴿٣٧﴾

﴿37﴾ (അതെ) ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിന്റെയും രക്ഷിതാവിന്റെ -പരമകാരുണികനായുള്ളവന്റെ -(വക സമ്മാനം)! അവനോട് അഭിമുഖസംസാരത്തിന് അവർക്ക് (ആർക്കും) സാധിക്കുകയില്ല.

يَوْمَ يَقُومُ ٱلرُّوحُ وَٱلْمَلَٰٓئِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَٰنُ وَقَالَ صَوَابًا ﴿٣٨﴾

﴿38﴾ 'റൂഹും' [ആത്മാവും] മലക്കുകളും അണിയായി നിൽക്കുന്ന ദിവസം;- (അന്ന്) പരമകാരുണികനായുള്ളവൻ ഏതൊരുവന് അനുമതി നൽകുകയും, താൻ ശരിയായത് പറയുകയും ചെയ്തിരിക്കുന്നുവോ അവനല്ലാതെ അവർ (ആരും തന്നെ)സംസാരിക്കുകയില്ല.

﴿31﴾ إِنَّ لِلْمُتَّقِينَ നിശ്ചയമായും സൂക്ഷ്മതയുള്ളവർക്കു (ഭയഭക്തൻമാർക്കു)ണ്ട് مَفَازًا വിജയം, ഭാഗ്യത്തിന്റെ സ്ഥലം ﴿32﴾ حَدَآئِقَ അതായത് തോപ്പുകൾ وَأَعْنَٰبًا മുന്തിരികളും ﴿33﴾ وَكَوَاعِبَ സ്തനം തുടിച്ച തരുണികളും أَتْرَابًا സമപ്രായക്കാരായ, ഇണയൊത്ത ﴿34﴾ وَكَأْسًا (കള്ളിന്റെ) കോപ്പയും دِهَاقًا നിറഞ്ഞ, സമർത്ഥമായ ﴿35﴾ لَّا يَسْمَعُونَ അവർ കേൾക്കയില്ല فِيهَا അതിൽവെച്ച് لَغْوًا ഒരു അനാവശ്യവും, നിരർത്ഥവും وَلَا كِذَّٰبًا വ്യാജമായതും ഇല്ല ﴿36﴾ جَزَآءً പ്രതിഫലം, പ്രതിഫലമായിട്ട് مِّن رَّبِّكَ നിന്റെ രക്ഷിതാവിങ്കൽനിന്ന് عَطَآءً സമ്മാനം, ദാനം حِسَابًا

കണക്കൊത്ത, മതിയായ, തികഞ്ഞ ﴾37﴿ رَّبِّ ٱلسَّمَـٰوَٰتِ അതായത് ആകാശ ങ്ങളുടെ രക്ഷിതാവ് وَٱلْأَرْضِ ഭൂമിയുടെയും وَمَا بَيْنَهُمَا അവ രണ്ടിനിടയിലുള്ളതി ന്റെയും ٱلرَّحْمَـٰنِ പരമകാരുണികനായുള്ളവൻ لَا يَمْلِكُونَ അവർ അധീനമാക്കുക (അവർക്ക് സാധ്യമാകുക)യില്ല مِنْهُ അവനോട് خِطَابًا അഭിമുഖഭാഷണം, സംസാരം ﴾38﴿ يَوْمَ يَقُومُ നിൽക്കുന്ന ദിവസം ٱلرُّوحُ റൂഹ് (ആത്മാവ്) وَٱلْمَلَـٰٓئِكَةُ മലക്കു കളും صَفًّا അണിയായി لَّا يَتَكَلَّمُونَ അവർ സംസാരിക്കയില്ല إِلَّا مَنْ യാതൊരുവ നല്ലാതെ أَذِنَ لَهُ അവന് അനുവാദം നൽകിയിരിക്കുന്നു ٱلرَّحْمَـٰنُ പരമകാരുണികൻ وَقَالَ താൻ പറയുകയും ചെയ്തിരിക്കുന്നു صَوَابًا ശരിയായത്, നേരെയുള്ളത്, ചൊവ്വായത്

വ്യാജവാദികളുടെ ശിക്ഷകളെക്കുറിച്ച് പറഞ്ഞപ്പോൾ 26 -ാം വചനത്തിൽ 'യോജിച്ച പ്രതിഫലം (جزاء وفاقا)' എന്ന് പറഞ്ഞുവല്ലോ. ഭയഭക്തൻമാരുടെ പ്രതി ഫലത്തെപ്പറ്റി ഇവിടെ പറഞ്ഞത് നോക്കുക: 'നിന്റെ റബ്ബിന്റെ പക്കൽനിന്നുള്ള പ്രതിഫലം (جزاء من ربك)'എന്നും, 'മതിയായ സമ്മാനം (عطاء حسابا)'എന്നും വിശേ ഷിപ്പിച്ചിരിക്കുന്നു. ദുഷ്ക്കർമങ്ങൾക്കുള്ള പ്രതിഫലം അവക്ക് സമാനമായ ശിക്ഷ മാത്രമായിരിക്കുമല്ലോ. സൽക്കർമങ്ങൾക്കുള്ള പ്രതിഫലമാകട്ടെ, പത്തിരട്ടിയും അതിലധികവുമായിരിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അപ്പോൾ രണ്ടുകൂട്ടരുടെ പ്രതിഫലത്തെയും വ്യത്യസ്ത രൂപത്തിൽ വിശേഷിപ്പിച്ചതിന്റെ രഹസ്യം മനസ്സിലാക്കാവുന്നതാണ്.

അണിയണിയായി നിൽക്കുന്ന മലക്കുകളുടെ വലയത്തിൽ സൃഷ്ടിക ളെല്ലാം ഭയവിഹ്വലരായി നിലകൊള്ളുന്ന ആ മഹാസമ്മേളനത്തിൽ, പ്രവാച കൻമാർപോലും 'എന്റെ കാര്യം, എന്റെ കാര്യം'എന്ന് പറഞ്ഞേക്കുന്ന ആ ഭയ ങ്കരദിനത്തിൽ, തന്നെപ്പറ്റി എന്ത് തീരുമാനമാണ് ലോകനിയന്താവ് തീരുമാനി ക്കുന്നതെന്ന് ഓരോരുത്തനും പരിഭ്രാന്തിയോടെ നിശ്ചലമായി കാത്തുനിൽക്കുന്ന ആ സ്തംഭനഘട്ടത്തിൽ, അല്ലാഹുവിന്റെ അനുമതി കൂടാതെ വല്ലതും ഉരിയാടു വാൻ ആർക്ക് സാധിക്കും?! ഇല്ല. അവൻ അനുമതി നൽകുകയും, അവൻ തൃപ്തി പ്പെടുകയും ചെയ്തവർക്കല്ലാതെ അവിടെവെച്ച് മിണ്ടുവാൻ സാധ്യമല്ല. يوم يأتي لا تكلم نفس إلا باذنه– هود:١٠٥ (അത് വന്നെത്തുന്ന ദിവസം ഒരാളും തന്നെ അവന്റെ- അല്ലാഹുവിന്റെ- അനുവാദമില്ലാതെ സംസാരിക്കയില്ല.) من ذا الذي يشفع عنده إلا باذنه – البقرة:٢٥٥ (അവന്റെ അനുവാദമില്ലാതെ അവന്റെ അടു ക്കൽ ആർ ശുപാർശ ചെയ്യും?) സംസാരിക്കുവാൻ അനുമതി ലഭിക്കുന്നത് ആർക്കായിരിക്കുമെന്ന് وقال صوابا (ശരിയായത് പറയുകയും ചെയ്യും) എന്ന വാക്യം മുഖേന അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. അഥവാ, ഇഹത്തിൽവെച്ച് തൗഹീ ദിന്റെ വാക്യവും തദടിസ്ഥാനത്തിലുള്ള തത്വങ്ങളും സമ്മതിച്ചവർ.

റൂഹും മലക്കുകളും (الروح والملائكة) എന്ന് പറഞ്ഞുവല്ലോ. ഇവിടെ റൂഹുകൊണ്ട് ഉദ്ദേശ്യം ജിബ്രീൽ (അ) എന്ന മലക്കാണെന്നും, മനുഷ്യാത്മാ

ക്കളാണെന്നും മറ്റും അഭിപ്രായങ്ങളുണ്ട്. ജിബ്‌രീലിനെപ്പറ്റി റൂഹ് എന്ന് ക്വുർആനിലും ഹദീഥിലും ഉപയോഗിക്കാറുള്ളതാണ്. എങ്കിലും- ഇമാം ഇബ്നു കഥീർ (റ) അഭിപ്രായപ്പെട്ടതുപോലെ- ഇവിടെ മനുഷ്യാത്മാക്കളാണ് ഉദ്ദേശ്യമെന്ന് വെക്കുന്നതാണ് കൂടുതൽ സന്ദർഭോചിതമായിക്കാണുന്നത്. الله اعلم

ذَٰلِكَ ٱلْيَوْمُ ٱلْحَقُّ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ مَـَٔابًا ﴿٣٩﴾

﴾39﴿ അതത്രെ, യഥാർത്ഥദിവസം! ആകയാൽ, (വേണമെന്ന്) ആർ ഉദ്ദേശിച്ചുവോ അവൻ തന്റെ രക്ഷിതാവിങ്കലേക്ക് (മടങ്ങുവാനുള്ള) സങ്കേതം ഏർപ്പെടുത്തിക്കൊള്ളട്ടെ.

إِنَّآ أَنذَرْنَـٰكُمْ عَذَابًا قَرِيبًا يَوْمَ يَنظُرُ ٱلْمَرْءُ مَا قَدَّمَتْ يَدَاهُ وَيَقُولُ ٱلْكَافِرُ يَـٰلَيْتَنِى كُنتُ تُرَٰبًۢا ﴿٤٠﴾

﴾40﴿(ജനങ്ങളേ) നിശ്ചയമായും, സമീപസ്ഥമായ ഒരു ശിക്ഷയെക്കുറിച്ച് നിങ്ങൾക്ക് നാം (ഇതാ) മുന്നറിയിപ്പ് നൽകിയിരിക്കുന്നു! (അതെ) മനുഷ്യൻ തന്റെ കരങ്ങൾ മുൻചെയ്തുവെച്ചതിനെ നോക്കിക്കാണുന്ന ദിവസം;- അവിശ്വാസിയായുള്ളവൻ (അന്ന്) പറയും: 'അയ്യോ! ഞാൻ മണ്ണായിരുന്നെങ്കിൽ നന്നായേനേ!' എന്ന്.

﴾39﴿ ذَٰلِكَ അത്, അതത്രെ ٱلْيَوْمُ ٱلْحَقُّ യഥാർത്ഥ ദിവസം فَمَن شَآءَ ആകയാൽ, (എന്നാൽ) ആർ ഉദ്ദേശിച്ചുവോ ٱتَّخَذَ അവൻ ഏർപ്പെടുത്തട്ടെ, ഉണ്ടാക്കട്ടെ إِلَىٰ رَبِّهِۦ തന്റെ റബ്ബിങ്കലേക്ക് مَـَٔابًا ഒരു സങ്കേതം, മടക്കസ്ഥാനം, മടക്കം ﴾40﴿ إِنَّآ നിശ്ചയമായും നാം أَنذَرْنَـٰكُمْ നിങ്ങൾക്ക് മുന്നറിയിപ്പ് (താക്കീത്) നൽകിയിരിക്കുന്നു عَذَابًا ഒരു ശിക്ഷയെ(ക്കുറിച്ച്) قَرِيبًا അടുത്ത, സമീപസ്ഥമായ يَوْمَ يَنظُرُ നോക്കുന്ന (കാണുന്ന) ദിവസം ٱلْمَرْءُ മനുഷ്യൻ مَا قَدَّمَتْ മുൻചെയ്തതിനെ يَدَاهُ തന്റെ രണ്ട് കരങ്ങൾ, കൈകൾ وَيَقُولُ പറയുകയും ചെയ്യും, പറയുന്നതുമായ ٱلْكَافِرُ അവിശ്വാസി يَـٰلَيْتَنِى അയ്യോ ഞാനായെങ്കിൽ നന്നായിരുന്നേനേ كُنتُ ആയിരുന്നു (എങ്കിൽ) تُرَٰبًۢا മണ്ണ്

അന്നത്തെ ഭയങ്കരതയും കഠിനശിക്ഷകളും കാണുമ്പോൾ അവിശ്വാസികൾ കൊതിച്ചുപോകും:'തങ്ങൾ മനുഷ്യരായി സൃഷ്ടിക്കപ്പെടാതെ വെറും മണ്ണായിരുന്നുവെങ്കിൽ നന്നായേനെ! എന്നാൽ ഇതൊന്നും അനുഭവിക്കേണ്ടിവരികയില്ലായിരുന്നുവല്ലോ!!' എന്നൊക്കെ. അബൂഹുറയ്റഃ (റ)യിൽ നിന്നും ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: എല്ലാ സൃഷ്ടികളും ക്വിയാമത്തുനാ

ളിൽ ഒരുമിച്ചുകൂട്ടപ്പെടും. കാലികളും പറവകളും ഇതര ജീവികളുമെല്ലാം തന്നെ. അങ്ങനെ, കൊമ്പില്ലാത്തവർക്ക് കൊമ്പുള്ള ജീവികളിൽനിന്ന് പ്രതികാരം എടുത്തുകൊള്ളത്തക്കവണ്ണം അല്ലാഹു നടപടിയെടുക്കും. പിന്നീട് അവയോട് അല്ലാഹു 'നിങ്ങൾ മണ്ണായിക്കൊള്ളുക' എന്ന് പറയും. അപ്പോഴാണ് അവിശ്വാസിയായവൻ 'അയ്യോ, ഞാൻ മണ്ണായിരുന്നെങ്കിൽ നന്നായേനേ!' എന്ന് പറയുക. (ابن جرير وابن المنذر والبيهقي وأبو حاتم)

لله الحمد والمنة والفضل

سورة النازعات

79. സൂറതു ന്നാസിആത്ത്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 46 - വിഭാഗം (റുകൂഉ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلنَّٰزِعَٰتِ غَرۡقٗا ﴿١﴾

《1》 മുഴുകി പ്രവേശിച്ചു (നിർദ്ദയം) ഊരിയെടുക്കുന്നവ തന്നെയാണ (സത്യം)!

وَٱلنَّٰشِطَٰتِ نَشۡطٗا ﴿٢﴾

《2》 വേഗതയിൽ (സൗമ്യമായി) അഴിച്ചുവിടുന്നവ തന്നെയാണ (സത്യം)!

وَٱلسَّٰبِحَٰتِ سَبۡحٗا ﴿٣﴾

《3》 ഒരു (ശക്തമായ) ഒഴുക്ക് ഒഴുകിവരുന്നവ തന്നെയാണ (സത്യം)!

فَٱلسَّٰبِقَٰتِ سَبۡقٗا ﴿٤﴾

《4》 എന്നിട്ട്, മുന്നോട്ട് കുതിച്ചു പോകുന്നവ തന്നെയാണ (സത്യം)!

فَٱلۡمُدَبِّرَٰتِ أَمۡرٗا ﴿٥﴾

《5》 എന്നിട്ട്, കൽപന (വ്യവസ്ഥ പ്രകാരം) ചിട്ടപ്പെടുത്തുന്നവ തന്നെയാണ (സത്യം)!

《1》 وَٱلنَّٰزِعَٰتِ ഊരിയെടുക്കുന്നവ (നീക്കുന്നവ, പിടിച്ചുവലിക്കുന്നവ) തന്നെയാണ غَرۡقٗا മുങ്ങി (മുഴുകി പ്രവേശിച്ചു- നിർദ്ദയമായി)ക്കൊണ്ട് 《2》 وَٱلنَّٰشِطَٰتِ അഴിച്ചുവിടുന്നവ (വേഗം എടുക്കുന്നവ) തന്നെയാണ نَشۡطٗا ഒരു (വേഗത്തിലുള്ള- സൗമ്യമായ) അഴിച്ചുവിടൽ 《3》 وَٱلسَّٰبِحَٰتِ നീന്തുന്ന (ഒഴുകിവരുന്ന- വേഗം ഇറങ്ങിവരുന്ന)വ തന്നെയാണ سَبۡحٗا ഒരു (ശക്തമായ) നീന്തൽ, ഇറങ്ങൽ 《4》 فَٱلسَّٰبِقَٰتِ എന്നിട്ട് (അങ്ങനെ) മുൻകടക്കുന്നവ (മുന്നോട്ട് ഗമിക്കുന്ന- കുതിച്ചു

പോകുന്നവ) തന്നെയാണ سَبْقًا മുൻകടക്കൽ (ഊക്കോടെ) ﴾5﴿ فَٱلْمُدَبِّرَٰتِ എന്നിട്ട് (അങ്ങനെ, പിന്നെ) ചിട്ടപ്പെടുത്തുന്ന (വ്യവസ്ഥപ്പെടുത്തുന്ന -പരിപാടിയിടുന്ന) വതന്നെയാണ أَمْرًا കൽപനയെ, കാര്യത്തെ

മരണസമയത്ത് മനുഷ്യരുടെ ആത്മാക്കളെ പിടിച്ചെടുക്കുന്ന മലക്കുകളെക്കൊണ്ട് അല്ലാഹു ഈ വചനങ്ങളിൽ സത്യം ചെയ്യുന്നു. അതോടൊപ്പം അവർ ആ കൃത്യം നിർവ്വഹിക്കുന്നതിന്റെ സ്വഭാവവും ചൂണ്ടിക്കാട്ടുന്നു. അവിശ്വാസികളുടെ ആത്മാക്കളെ പിടിച്ചെടുക്കുന്നത് വളരെ നിർദ്ദയമായ രീതിയിലായിരിക്കും. ഒരു ജലാശയത്തിനടിയിൽ മുങ്ങിത്തപ്പുന്നതുപോലെ ശരീരത്തിന്റെ നാനാഭാഗങ്ങളിലും അവർ മുഴുകി പ്രവേശിക്കും. മരണമടയുന്നവൻ അതിനാൽ അങ്ങേ അറ്റം വേദനയും യാതനും അനുഭവിക്കയും ചെയ്യും. ഇതാണ് 1 -ാം വചനത്തിൽ സൂചിപ്പിക്കുന്നത്. അവിശ്വാസികളുടെ മരണവേളയിൽ മലക്കുകൾ അവരോട് വളരെ പരുഷമായ നിലയിൽ പെരുമാറുന്നതിനെപ്പറ്റി സൂറ: മുഹമ്മദ് 27 ലും, അൻഫാൽ 50 ലും, അൻആം 93 ലും പ്രസ്താവിച്ചിട്ടുള്ളത് സ്മരണീയമാകുന്നു. എന്നാൽ, സജ്ജനങ്ങളുടെ ആത്മാക്കളെ പിടിച്ചെടുക്കുന്നതാകട്ടെ, വളരെ സൗമ്യത്തിലും വേഗത്തിലുമായിരിക്കും. അഥവാ കെട്ടിയിട്ട മൃഗത്തെ കെട്ടഴിച്ചുകൊണ്ട് പോകുന്നതുപോലെ വളരെ വേഗത്തിലും സന്തോഷത്തോടുകൂടിയുമായിരിക്കും. മലക്കുകൾ അവർക്ക് സലാം പറയുകയും, സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. സൂറ: നഹ്ൽ 32 ൽ ഇതിനെക്കുറിച്ച് പ്രസ്താവിക്കുന്നത് കാണാം. 2 -ാം വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് ഇതിനെപ്പറ്റിയാണ്. 3 -ാം വചനത്തിൽ, ആകാശത്തുനിന്ന് മലക്കുകൾ അതിവേഗം ഇറങ്ങിവരുന്നതിനെയും, 4 -ാം വചനത്തിൽ, അനന്തരം സജ്ജനങ്ങളിലേക്ക് ധൃതിയിൽകൊണ്ടുപോയി എത്തിക്കുന്നതിനെയും സൂചിപ്പിച്ചിരിക്കുന്നു. മേൽ വിവരിച്ചതും അതല്ലാത്തതുമടക്കം ഭൂമിയിൽ നടപ്പാക്കുവാൻ കൽപിക്കപ്പെട്ട കാര്യങ്ങളെല്ലാം ചിട്ടയും പരിപാടിയുമനുസരിച്ച് മലക്കുകൾ നടത്തുന്നതിനെക്കുറിച്ചാണ് 5 -ാം വചനത്തിൽ സൂചന.

ഈ അഞ്ച് സത്യവചനങ്ങളിലും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് മലക്കുകളാണ് എന്ന നിലക്കാണ് നാം മുകളിൽ വിവരിച്ചത്. എന്നാൽ ഇവിടെ വേറെയും അഭിപ്രായങ്ങൾ ഇല്ലാതില്ല. അഞ്ചും- അല്ലെങ്കിൽ ആദ്യത്തെ നാലും- നക്ഷത്രങ്ങളെ ഉദ്ദേശിച്ചാണെന്നും, യുദ്ധക്കുതിരകളെക്കുറിച്ചാണെന്നും വ്യാഖ്യാതാക്കളിൽ അഭിപ്രായക്കാരുണ്ട്. ഓരോന്നിനും അതിനനുസരിച്ച വ്യാഖ്യാനങ്ങളും കാണാം. ഒന്നിലധികം സന്ദർഭങ്ങളിൽ മുമ്പ് നാം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, അല്ലാഹു ഉപയോഗിച്ച വാക്കുകളുടെ അർത്ഥവ്യാപ്തിയിൽ ഉൾക്കൊള്ളിക്കാവുന്ന അഭിപ്രായങ്ങൾ തന്നെയാണവ എന്ന് സമ്മതിക്കാം. പക്ഷേ, സ്വഹാബികളിൽനിന്നും, മുൻഗാമികളായ മഹാൻമാരിൽനിന്നും ഭൂരിഭാഗം ആളുകളും സ്വീകരിച്ചുവന്നിട്ടുള്ളത് നാം ഒന്നാമത് വിവരിച്ച അതേ അഭിപ്രായമാകുന്നു. ആദ്യത്തെ നാല് വചനങ്ങളിൽ ഉദ്ദേശിക്കപ്പെട്ടത് മലക്കുകളെന്നുവെച്ചാൽപോലും, അഞ്ചാം വചനത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് മലക്കുകൾ തന്നെയാണെന്ന

കാര്യത്തിൽ ക്വുർആൻ വ്യാഖ്യാതാക്കളെല്ലാം യോജിച്ചവരാണെന്ന് ഇമാം റാസീ (റ), ഇബ്നു കഥീർ (റ) മുതലായവർ വ്യക്തമാക്കിയിട്ടുള്ളതും പ്രസ്താവ്യമാകുന്നു.

يَوْمَ تَرْجُفُ ٱلرَّاجِفَةُ ۝٦

《6》 കിടിലം കൊള്ളുന്നത് കിടിലംകൊള്ളുന്ന ദിവസം!-

تَتْبَعُهَا ٱلرَّادِفَةُ ۝٧

《7》 പിന്നാലെ വരുന്നത് അതിനെത്തുടർന്ന് വരുന്നതാണ്.

قُلُوبٌ يَوْمَئِذٍ وَاجِفَةٌ ۝٨

《8》 അന്നത്തെ ദിവസം ചില ഹൃദയങ്ങൾ (പേടിച്ചു) വിറകൊള്ളുന്നവയായിരിക്കും;

أَبْصَٰرُهَا خَٰشِعَةٌ ۝٩

《9》 അവയുടെ കണ്ണുകൾ (വിനയപ്പെട്ടു) താഴ്മചെയ്യുന്നവയായിരിക്കും.

《6》 يَوْمَ تَرْجُفُ വിറകൊള്ളുന്ന (കിടിലംകൊള്ളുന്ന) ദിവസം ٱلرَّاجِفَةُ വിറ (കിടിലം) കൊള്ളുന്നത് 《7》 تَتْبَعُهَا അതിനെ പിൻതുടരും, തുടർന്നുവരും ٱلرَّادِفَةُ തുടർന്ന് വരുന്നത്, പിന്നാലെയുള്ളത് 《8》 قُلُوبٌ ചില ഹൃദയങ്ങൾ يَوْمَئِذٍ അന്ന് وَاجِفَةٌ ഭയവിഹ്വലമായിരിക്കും, വിറകൊള്ളുന്നതായിരിക്കും 《9》 أَبْصَٰرُهَا അവയുടെ കണ്ണുകൾ, ദൃഷ്ടികൾ خَٰشِعَةٌ താഴ്മ (ഭക്തി- വിനയം- എളിമ) കാട്ടുന്നതായിരിക്കും

കിയാമത്ത്നാളിൽ ലോകം ആകമാനം കിടുകിട വിറപ്പിക്കുന്ന ആദ്യത്തെ കാഹളം ഊത്തിനെക്കുറിച്ചാണ് 6 -ാം വചനത്തിൽ സൂചിപ്പിക്കുന്നത്. അതിനുശേഷം, എല്ലാവരെയും ഉയിർത്തെഴുന്നേൽപിക്കുന്ന രണ്ടാമത്തെ ഊത്താണ് 7 -ാം വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. രണ്ട് ഊത്തുകളെക്കുറിച്ചും ക്വുർആൻ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ചിട്ടുള്ളതാണ്. അവിശ്വാസികൾക്ക് അന്നത്തെ ദിവസം അങ്ങേഅറ്റം ഭയവും, പരിഭ്രാന്തിയും, അപമാനവും നേരിടും. അതിനുള്ള കാരണം ഇതാണ്:-

يَقُولُونَ أَءِنَّا لَمَرْدُودُونَ فِى ٱلْحَافِرَةِ ۝١٠

《10》 അവർ പറയുന്നു: 'നിശ്ചയമായും, നാം കുഴിയിൽ വെച്ച് (മുൻസ്ഥിതിയിൽ) മടക്കപ്പെടുന്നവരാണോ?!'

أَءِذَا كُنَّا عِظَٰمًا نَّخِرَةً ۝١١

《11》 നാം ജീർണിച്ച എല്ലുകളായിത്തീർന്നിട്ടാണോ (ആ മടക്കം)?!

قَالُوا۟ تِلْكَ إِذًا كَرَّةٌ خَاسِرَةٌ ﴿١٢﴾

《12》 അവര്‍ പറയുകയാണ്: അങ്ങനെയാണെങ്കില്‍, നഷ്ടകരമായ ഒരു തിരിച്ചുവരവത്രെ അത്.

《10》 يَقُولُونَ അവര്‍ പറയുന്നു, പറയും أَءِنَّا നാമോ, നാമാണോ لَمَرْدُودُونَ മടക്കപ്പെടുന്നവര്‍ തന്നെ فِى ٱلْحَافِرَةِ കുഴിയില്‍ (ക്വബ്‌റില്‍) വെച്ച്, മുന്‍സ്ഥിതിയില്‍ 《11》 أَءِذَا كُنَّا നാം ആയിട്ടാണോ عِظَـٰمًا എല്ല് (അസ്ഥി)കള്‍ نَّخِرَةً ദ്രവിച്ച, ജീര്‍ണിച്ച, നുരുമ്പിയ 《12》 قَالُوا۟ അവര്‍ പറഞ്ഞു, പറയുകയാണ് تِلْكَ അത് إِذًا എന്നാല്‍ (അങ്ങനെയാണെങ്കില്‍) كَرَّةٌ ഒരു തിരിച്ചുവരവാണ്, മടക്കമത്രെ خَاسِرَةٌ നഷ്ടകരമായ

حافرة എന്ന വാക്കിന് 'കുഴി' എന്നര്‍ത്ഥം. 'വന്ന വഴിക്ക് തന്നെ മടങ്ങി', 'വന്നപാടെ തിരിച്ചുപോയി,' എന്നിങ്ങനെയുള്ള അര്‍ത്ഥത്തില്‍ رجع في الحافرة (അവന്‍ തന്റെ കുഴിയില്‍വെച്ച് മടങ്ങി) എന്ന് അറബിയില്‍ പറയപ്പെടാറുണ്ട്. 'നിന്ന കുഴിയില്‍നിന്ന് നീങ്ങിയില്ല' എന്നും മറ്റും മലയാളത്തിലും പറയാറുണ്ടല്ലോ അതുപോലെയുള്ള ഒരു പ്രയോഗമാണിതും. ഇതനുസരിച്ച് (10 -ാം വചനത്തില്‍) في الحافرة എന്നതിന് في الحالة الأولى (മുന്‍സ്ഥിതിയില്‍) എന്നാണ് പല വ്യാഖ്യാതാക്കളും അര്‍ത്ഥം കല്‍പിച്ചിരിക്കുന്നത്. 'ക്വബ്‌റുകളാകുന്ന കുഴിയില്‍ വെച്ച്' എന്നും അര്‍ത്ഥം കല്‍പിക്കപ്പെട്ടിട്ടുണ്ട്. രണ്ടായാലും സാരം വ്യക്തമാണ്. മരണാനന്തര ജീവിതത്തെ നിഷേധിക്കുന്ന മുശ്‌രിക്കുകള്‍ പരിഹാസപൂര്‍വ്വം പറയുന്ന വാക്കുകളാണ് അല്ലാഹു ഈ വചനങ്ങളില്‍ ഉദ്ധരിച്ചിരിക്കുന്നത്. മരണശേഷം എല്ലുകള്‍പോലും ദ്രവിച്ച് ജീര്‍ണിച്ചു കഴിഞ്ഞിട്ട് പിന്നെയും ഞങ്ങളെ ക്വബ്‌റുകളില്‍ വെച്ച് മുന്‍സ്ഥിതിയില്‍ ജീവിപ്പിക്കുമെന്നാണോ നിങ്ങള്‍ പറയുന്നത്? ആശ്ചര്യം! അങ്ങനെയാണെങ്കില്‍ അത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വമ്പിച്ച നഷ്ടമായിരിക്കുമല്ലോ. ഞങ്ങള്‍ ആ ജീവിതത്തിലേക്കുള്ള യാതൊരു ഒരുക്കവും ചെയ്തിട്ടില്ലല്ലോ എന്ന് സാരം.

'അങ്ങനെയാണെങ്കില്‍ അത് നഷ്ടകരമായ ഒരു തിരിച്ചുവരവായിരിക്കും. (تلك إذا كرة خاسرة)' എന്ന് ആ സത്യനിഷേധികള്‍ പരിഹാസപൂര്‍വ്വം പറയുന്ന വാക്കാണെങ്കിലും ബുദ്ധിയുള്ളവരെ ഇരുത്തിച്ചിന്തിപ്പിക്കുമാറുള്ള ഒരു യാഥാര്‍ത്ഥ്യം ആ വാക്കില്‍ അടങ്ങിയിരിക്കുന്നു. താഴെ കാണുന്ന കവിവാക്യം ആ യാഥാര്‍ത്ഥ്യം ചൂണ്ടിക്കാട്ടുന്നു:-

قَالَ الْمُنجِّمُ وَالطَّبِيبُ كِلاَهُمَا لَنْ يَحْشَرَ الْأَمْوَاتُ قُلْتُ إِلَيْكُمَا

إِنْ صَحَّ قَوْلُكما فَلَسْتُ بِخَاسِرٍ أَوْ صَحَّ قَوْلِي فَالْخَسَارُ عَلَيْكُمَا

(സാരം: ഗോളശാസ്ത്രക്കാരനും ശരീരശാസ്ത്രക്കാരനും പറയുന്നു, മരണപ്പെട്ടവർ ഒരുമിച്ചു കൂട്ടപ്പെടുകയില്ല എന്ന്. ഞാൻ പറയുന്നു: നിൽക്കട്ടെ! നിങ്ങൾ പറഞ്ഞത് ശരിയാണെങ്കിൽ, ഞാൻ നഷ്ടക്കാരനല്ല. അഥവാ ഞാൻ പറഞ്ഞത് ശരിയാണെങ്കിൽ, നഷ്ടം സംഭവിക്കുന്നത് നിങ്ങൾ രണ്ട് കൂട്ടർക്കുമായിരിക്കും.) മരണാനന്തരജീവിതം യഥാർത്ഥത്തിൽ സംഭവിക്കുകയില്ലെന്നുവരുന്നപക്ഷം നിങ്ങളെപ്പോലെത്തന്നെ എനിക്കും യാതൊരു ദോഷവും ബാധിക്കാനില്ല; നേരെമറിച്ച് ഞാൻ പറയുംപോലെ, അത് യഥാർത്ഥമായി സംഭവിക്കുമെന്നുവന്നാൽ, നിശ്ചയമായും നിങ്ങൾക്ക് വമ്പിച്ച നാശമാണുണ്ടായിരിക്കുക. എനിക്കൊരു നഷ്ടവും വരാനില്ല. കാരണം, ഞാൻ നേരത്തെത്തന്നെ അതിൽ വിശ്വസിക്കുകയും, ആ അടിസ്ഥാനത്തിൽ ജീവിക്കുകയും ചെയ്യുന്നു. നിങ്ങൾ അതിനെ നിഷേധിക്കുന്നവരാകകൊണ്ട് അതിന്നായി യാതൊരു ഒരുക്കവും നിങ്ങൾ ചെയ്യുന്നില്ല എന്ന് താൽപര്യം. അല്ലാഹു പറയുന്നു:-)

فَإِنَّمَا هِىَ زَجْرَةٌ وَٰحِدَةٌ ﴿١٣﴾

《13》 എന്നാൽ, അത് ഒരേ ഒരു (ഘോര) ശബ്ദം മാത്രമായിരിക്കും.

فَإِذَا هُم بِٱلسَّاهِرَةِ ﴿١٤﴾

《14》 അപ്പോഴേക്ക് അവരതാ ഭൂമുഖത്തായിരിക്കും!

《13》 فَإِنَّمَا هِىَ എന്നാൽ നിശ്ചയമായും അത് زَجْرَةٌ (വമ്പിച്ച) ഒരു ശബ്ദം ഇരമ്പൽ (മാത്രം) ആയിരിക്കും وَٰحِدَةٌ ഒരേ, ഏക 《14》 فَإِذَا هُم അപ്പോൾ അവരതാ بِٱلسَّاهِرَةِ ഭൂമുഖത്ത് (ഭൂമിയിൽ- നഗ്നമായ മൈതാനത്ത്) ആയിരിക്കും

കാഹളത്തിൽ ഊതപ്പെടുമ്പോൾ ഭൂമിയുടെ ഇന്നത്തെ നിലയെല്ലാം മാറിപ്പോകുമെന്നും, എല്ലാം സമനിരപ്പാക്കപ്പെടുന്നതാണെന്നും ക്വുർആനിൽ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണ്. രണ്ടാമത്തെ ഊത്തിനെത്തുടർന്ന് എല്ലാവരും ക്വബ്റുകളിൽനിന്ന് പെട്ടെന്ന് എഴുന്നേറ്റ് പുറത്തുവരുകയും, 'മഹ്ശറി'ൽ സമ്മേളിക്കുകയും ചെയ്യും. ഇതാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. അടുത്ത വചനങ്ങളിൽ ഈ മുശ്രിക്കുകളെക്കാൾ വമ്പിച്ച ശക്തനും ധിക്കാരിയുമായിരുന്ന ഫിർഔന്റെ ചരിത്രം ഓർമിപ്പിക്കുന്നു:-

هَلْ أَتَىٰكَ حَدِيثُ مُوسَىٰٓ ﴿١٥﴾

《15》 (നബിയേ) നിനക്ക് മൂസായുടെ വർത്തമാനം വന്നിരിക്കുന്നുവോ?!-

إِذْ نَادَىٰهُ رَبُّهُۥ بِٱلْوَادِ ٱلْمُقَدَّسِ طُوًى ﴿١٦﴾

《16》 അതായത്, 'ത്വുവാ' എന്ന പരിശുദ്ധ താഴ്വരയിൽവെച്ച് അദ്ദേഹത്തിന്റെ റബ്ബ് അദ്ദേഹത്തെ വിളിച്ചു പറഞ്ഞ സന്ദർഭം:-

ٱذۡهَبۡ إِلَىٰ فِرۡعَوۡنَ إِنَّهُۥ طَغَىٰ ﴿١٧﴾

﴾17﴿ 'നീ ഫിർഔന്റെ അടുക്കലേക്ക് പോയിക്കൊള്ളുക; നിശ്ചയമായും, അവൻ (ധിക്കാരത്തിൽ) അതിരുകവിഞ്ഞിരിക്കുന്നു.'

فَقُلۡ هَل لَّكَ إِلَىٰٓ أَن تَزَكَّىٰ ﴿١٨﴾

﴾18﴿ എന്നിട്ട് പറയുക: 'നീ പരിശുദ്ധി പ്രാപിക്കേണ്ടതിലേക്ക് നിനക്ക് ഒരുക്കമുണ്ടോ?-

وَأَهۡدِيَكَ إِلَىٰ رَبِّكَ فَتَخۡشَىٰ ﴿١٩﴾

﴾19﴿ നിന്റെ റബ്ബിങ്കലേക്ക് ഞാൻ നിനക്ക് മാർഗദർശനം നൽകുകയും, അങ്ങനെ നീ (അവനെ) ഭയപ്പെടുകയും ചെയ്യുന്നതിനും (ഒരുക്കമുണ്ടോ)?'

﴾15﴿ هَلۡ أَتَىٰكَ നിനക്ക് വന്നിരിക്കുന്നുവോ حَدِيثُ مُوسَىٰٓ മൂസായുടെ വർത്തമാനം, വിഷയം ﴾16﴿ إِذۡ نَادَىٰهُ അദ്ദേഹത്തെ വിളിച്ചുപറഞ്ഞ സന്ദർഭം رَبُّهُۥ അദ്ദേഹത്തിന്റെ റബ്ബ് بِٱلۡوَادِ ٱلۡمُقَدَّسِ പരിശുദ്ധമാക്കപ്പെട്ട താഴ്‌വരയിൽവെച്ച് طُوًى അതായത് ത്വുവാ, ത്വുവാ എന്ന ﴾17﴿ ٱذۡهَبۡ നീ പോകുക إِلَىٰ فِرۡعَوۡنَ ഫിർഔന്റെ അടുക്കലേക്ക് إِنَّهُۥ നിശ്ചയമായും അവൻ അതിരുവിട്ടിരിക്കുന്നു (ധിക്കാരം മുഴുത്തിരിക്കുന്നു) ﴾18﴿ فَقُلۡ എന്നിട്ട് നീ പറയുക هَل لَّكَ നിനക്ക് (ഒരുക്കം- തയ്യാർ- ആവശ്യം) ഉണ്ടോ إِلَىٰٓ أَن تَزَكَّىٰ നീ പരിശുദ്ധി പ്രാപിക്കുവാൻ (നന്നായിത്തീരാൻ) ﴾19﴿ وَأَهۡدِيَكَ ഞാൻ നിനക്ക് മാർഗദർശനം നൽകുവാനും إِلَىٰ رَبِّكَ നിന്റെ റബ്ബിങ്കലേക്ക് فَتَخۡشَىٰ അങ്ങനെ നീ ഭയപ്പെടുവാനും

സീനാപർവ്വതത്തിലെ ത്വുവാതാഴ്‌വരയിൽവെച്ച് അല്ലാഹു മൂസാ നബി (അ) യോട് സംസാരിച്ച വിവരം സൂറത്ത് ത്വാഹായിൽ കഴിഞ്ഞുപോയിട്ടുണ്ട്. ആ സംസാരത്തിന്റെ ഒരു ഭാഗമാണ് ഇവിടെ അല്ലാഹു ഉദ്ധരിക്കുന്നത്.

فَأَرَىٰهُ ٱلۡأٓيَةَ ٱلۡكُبۡرَىٰ ﴿٢٠﴾

﴾20﴿ അങ്ങനെ, അദ്ദേഹം അവന് (ആ) വമ്പിച്ച ദൃഷ്ടാന്തം കാട്ടിക്കൊടുത്തു.

فَكَذَّبَ وَعَصَىٰ ﴿٢١﴾

﴾21﴿ എന്നാൽ, അവൻ വ്യാജമാക്കുകയും, അനുസരണക്കേട് കാണിക്കുകയും ചെയ്തു.

ثُمَّ أَدْبَرَ يَسْعَىٰ ﴿٢٢﴾

﴾22﴿ പിന്നീട് അവൻ (എതിരായ) പരിശ്രമം നടത്തിക്കൊണ്ട് പിന്നോട്ടുപോയി.

فَحَشَرَ فَنَادَىٰ ﴿٢٣﴾

﴾23﴿ അങ്ങനെ, അവൻ (തന്റെ ആൾക്കാരെ) ശേഖരിച്ചു; എന്നിട്ട് വിളിച്ചു (പ്രഖ്യാപിച്ചു);-

فَقَالَ أَنَا۠ رَبُّكُمُ ٱلْأَعْلَىٰ ﴿٢٤﴾

﴾24﴿ അവൻ പറഞ്ഞു: 'ഞാൻ നിങ്ങളുടെ ഏറ്റവും ഉന്നതനായ റബ്ബാകുന്നു.'

﴾20﴿ فَأَرَىٰهُ അങ്ങനെ (എന്നിട്ട്) അദ്ദേഹം അവന് കാട്ടിക്കൊടുത്തു ٱلْـَٔايَةَ ٱلْكُبْرَىٰ വമ്പിച്ച (വളരെ വലിയ) ദൃഷ്ടാന്തം ﴾21﴿ فَكَذَّبَ അപ്പോൾ (എന്നിട്ട്) അവൻ വ്യാജമാക്കി وَعَصَىٰ അനുസരണക്കേട് (എതിര്) പ്രവർത്തിക്കയും ചെയ്തു. ﴾22﴿ ثُمَّ أَدْبَرَ പിന്നെ അവൻ പിന്നോക്കം പോയി, പിന്നിട്ടു يَسْعَىٰ പരിശ്രമിച്ചുകൊണ്ട് ﴾23﴿ فَحَشَرَ അങ്ങനെ അവൻ ശേഖരിച്ചു, ഒരുമിച്ചുകൂട്ടി فَنَادَىٰ എന്നിട്ട് വിളിച്ചു (പറഞ്ഞു- പ്രഖ്യാപിച്ചു) ﴾24﴿ فَقَالَ അവൻ പറഞ്ഞു أَنَا۠ رَبُّكُمُ ഞാൻ നിങ്ങളുടെ റബ്ബാണ് ٱلْأَعْلَىٰ ഏറ്റവും ഉന്നതനായ

മൂസാ നബി (അ)യുടെ ദൗത്യത്തെയും പ്രബോധനത്തെയും നിഷേധിക്കുകയും, അദ്ദേഹത്തെ അനുസരിക്കാതിരിക്കുകയും ചെയ്തുവെന്ന് മാത്രമല്ല, അദ്ദേഹത്തിന് എതിരായ പ്രവർത്തനങ്ങളും പ്രചാരണങ്ങളുമായി ഫിർഔൻ പിന്നോട്ടുപോയിക്കൊണ്ടുമിരുന്നു. ഒടുക്കം, ജനമദ്ധ്യെ അവരുടെ ഏറ്റവും ഉന്നതനായ റബ്ബ് താൻതന്നെയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ما علمت لكم من إله غيري القصص:٣٨ (ഞാനല്ലാതെ മറ്റൊരു ആരാധ്യനും നിങ്ങൾക്കുള്ളതായി ഞാൻ അറിയുന്നില്ല) എന്നും അവൻ അവരോട് പറയുകയുണ്ടായി. ഫിർഔന്റെ ഔദ്ധത്യവും, ധിക്കാരമനഃസ്ഥിതിയും എത്രത്തോളമാണെന്ന് ഇതിൽനിന്ന് ഊഹിക്കാമല്ലോ. ഇതെല്ലാം വകവെച്ചുകൊടുക്കുമാറ് ആ ജനതയിൽ അവന്നുണ്ടായിരുന്ന സ്വാധീനവും പ്രതാപവും ഇതിൽനിന്ന് അനുമാനിക്കാവുന്നതുമാണ്.

فَأَخَذَهُ ٱللَّهُ نَكَالَ ٱلْـَٔاخِرَةِ وَٱلْأُولَىٰٓ ﴿٢٥﴾

﴾25﴿ അപ്പോൾ അല്ലാഹു അവനെ പരലോകത്തിന്റെയും ആദ്യലോക [ഇഹലോക]ത്തിന്റെയും ശിക്ഷാനടപടിയായി പിടിച്ചു (ശിക്ഷിച്ചു).

إِنَّ فِي ذَٰلِكَ لَعِبۡرَةٗ لِّمَن يَخۡشَىٰٓ ٢٦

《26》 നിശ്ചയമായും ഭയപ്പെടുന്നവർക്ക് അതിൽ ഒരു വലിയ ചിന്താപാഠവുമുണ്ട്.

《25》 فَأَخَذَهُ അപ്പോൾ അവനെ പിടിച്ചു (ശിക്ഷിച്ചു) ٱللَّهُ അല്ലാഹു نَكَالَ ശിക്ഷാ നടപടിയായി, തടവായിട്ട്, വിലങ്ങായിട്ട് ٱلۡأٓخِرَةِ അവസാനത്തെതിന്റെ (പരലോകത്തിന്റെ) وَٱلۡأُولَىٰٓ ആദ്യത്തെതിന്റെയും (ഇഹലോകത്തിന്റെയും) 《26》 إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَعِبۡرَةٗ ഒരു ചിന്താപാഠം, ഗുണപാഠം لِّمَن يَخۡشَىٰٓ ഭയപ്പെടുന്നവർക്ക്

നൈൽ നദിയിൽവെച്ച് അവൻ വെള്ളത്തിൽ മുക്കിക്കൊല്ലപ്പെട്ടു. ഇത് ഇഹത്തിൽവെച്ച് ലഭിച്ച ശിക്ഷയാണ്. തുടർന്ന് പരലോകത്ത് നരകത്തിൽ അഗ്നിശിക്ഷയും! ഒരു മഹാസാമ്രാജ്യത്തിന്റെ സർവ്വാധിപതിയായിരുന്ന ഫിർഔന്റെ അതിദാരുണമായ പര്യവസാനത്തിൽ അല്ലാഹുവിനെ യപ്പെടുന്ന ആർക്കും വമ്പിച്ച പാഠമുണ്ടെന്ന് തീർച്ചതന്നെ.

വിഭാഗം- 2

ءَأَنتُمۡ أَشَدُّ خَلۡقًا أَمِ ٱلسَّمَآءُۚ بَنَىٰهَا ٢٧

《27》 നിങ്ങളാണോ സൃഷ്ടിക്കപ്പെടുവാൻ കൂടുതൽ പ്രയാസപ്പെട്ടവർ, അതല്ല, ആകാശമോ?! അതിനെ അവൻ നിർമിച്ചിരിക്കുന്നു.

رَفَعَ سَمۡكَهَا فَسَوَّىٰهَا ٢٨

《28》 അതിന്റെ മേൽഭാഗം അവൻ ഉയർത്തി; അങ്ങനെ അതിനെ (പരിപൂർണമായി) ശരിപ്പെടുത്തി.

وَأَغۡطَشَ لَيۡلَهَا وَأَخۡرَجَ ضُحَىٰهَا ٢٩

《29》 അതിലെ രാത്രിയെ അവൻ ഇരുട്ടിയതാക്കുകയും, അതിലെ വെളിച്ചം [പകലിനെ] അവൻ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു;

وَٱلۡأَرۡضَ بَعۡدَ ذَٰلِكَ دَحَىٰهَآ ٣٠

《30》 ഭൂമിയെ അതിന് ശേഷം അവൻ (പരത്തി) വിതാനിക്കുകയും ചെയ്തിരിക്കുന്നു;

أَخْرَجَ مِنْهَا مَآءَهَا وَمَرْعَىٰهَا ﴿٣١﴾

﴾31﴿ അതിൽനിന്ന് അതിലെ (ഉറവ്) അതിലെ മേച്ചിൽ സ്ഥലവും [സസ്യലതാദികളും] അവൻ പുറപ്പെടുവിച്ചു;

وَٱلْجِبَالَ أَرْسَىٰهَا ﴿٣٢﴾

﴾32﴿ മലകളെയും (അതിൽ) ആണിയിട്ടുറപ്പിച്ചു;-

مَتَـٰعًا لَّكُمْ وَلِأَنْعَـٰمِكُمْ ﴿٣٣﴾

﴾33﴿ നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്.

﴾27﴿ ءَأَنتُمْ നിങ്ങളാണോ أَشَدُّ കൂടുതൽ ശക്തമായവർ, പ്രയാസപ്പെട്ടവർ خَلْقًا സൃഷ്ടിയിൽ, സൃഷ്ടിക്കപ്പെടുവാൻ أَمِ ٱلسَّمَآءُ അതല്ല ആകാശമോ بَنَىٰهَا അത വൻ നിർമി(സ്ഥാപി)ച്ചിരിക്കുന്നു ﴾28﴿ رَفَعَ അവൻ ഉയർത്തി سَمْكَهَا അതിന്റെ മേൽ (ഉപരി)ഭാഗം فَسَوَّىٰهَا അങ്ങനെ അതിനെ ശരിപ്പെടുത്തി ﴾29﴿ وَأَغْطَشَ അവൻ ഇരുട്ടിയതാക്കുക (ഇരുളാക്കുക)യും ചെയ്തു لَيْلَهَا അതിന്റെ രാത്രിയെ وَأَخْرَجَ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു وَأَخْرَجَ അതിന്റെ വെളിച്ചം, പ്രഭ ﴾30﴿ وَٱلْأَرْضَ ഭൂമിയെയും بَعْدَ ذَٰلِكَ അതിനുശേഷം دَحَىٰهَا അതിനെ അവൻ പരത്തി, വിതാനം ചെയ്തു ﴾31﴿ أَخْرَجَ പുറപ്പെടുവിച്ചു مِنْهَا അതിൽനിന്ന് مَآءَهَا അതിലെ വെള്ളം وَمَرْعَىٰهَا അതിലെ മേച്ചൽ (മേയുന്ന) സ്ഥലവും ﴾32﴿ وَٱلْجِبَالَ മലകളെയും أَرْسَاهَا അവയെ അവൻ ആണിയിട്ട്, ഉറപ്പിച്ചു ﴾33﴿ مَتَـٰعًا ഉപയോഗത്തിനായിട്ട് لَكُمْ നിങ്ങൾക്ക് وَلِأَنْعَـٰمِكُمْ നിങ്ങളുടെ കന്നുകാലികൾക്കും

ഇതെല്ലാം ചെയ്ത അല്ലാഹുവിന് നിങ്ങൾക്ക് രണ്ടാമതൊരു ജീവിതം നൽകുവാനും, പരലോകമെന്ന മറ്റൊരു ലോകം സൃഷ്ടിക്കുവാനും കഴിയാതെ വരുമോ?! ആലോചിച്ചുനോക്കുക. നിത്യസത്യങ്ങളാകുന്ന ഇത്തരം ദൃഷ്ടാന്തങ്ങളെ മുമ്പിൽവെച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

فَإِذَا جَآءَتِ ٱلطَّآمَّةُ ٱلْكُبْرَىٰ ﴿٣٤﴾

﴾34﴿ എന്നാൽ (എല്ലാറ്റിനെയും) അടക്കി ജയിക്കുന്ന ഏറ്റവും വലിയ വിപത്ത് വന്നാൽ!-

يَوْمَ يَتَذَكَّرُ ٱلْإِنسَـٰنُ مَا سَعَىٰ ﴿٣٥﴾

﴾35﴿ അതായത്, മനുഷ്യൻ താൻ പ്രവർത്തി(ച്ചു വെ)ച്ചതിനെക്കുറിച്ച് ഓർമിക്കുന്ന ദിവസം;-

وَبُرِّزَتِ ٱلْجَحِيمُ لِمَن يَرَىٰ ﴿٣٦﴾

﴿36﴾ കത്തിജ്വലിക്കുന്ന നരകം, കാണാവുന്നവർക്ക് (കാണുവാൻ) വേണ്ടി വെളിക്കുകൊണ്ട് വരപ്പെടുകയും ചെയ്യുന്ന (ദിവസം);-

فَأَمَّا مَن طَغَىٰ ﴿٣٧﴾

﴿37﴾ എന്നാലപ്പോൾ, യാതൊരുവൻ അതിരുവിട്ടിരിക്കുന്നുവോ,-

وَءَاثَرَ ٱلْحَيَوٰةَ ٱلدُّنْيَا ﴿٣٨﴾

﴿38﴾ ഐഹികജീവിതത്തിന് പ്രാധാന്യം കൊടുക്കുകയും ചെയ്തിരിക്കുന്നുവോ-,

فَإِنَّ ٱلْجَحِيمَ هِىَ ٱلْمَأْوَىٰ ﴿٣٩﴾

﴿39﴾ (അവന്) കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതസ്ഥാനം.

وَأَمَّا مَنْ خَافَ مَقَامَ رَبِّهِۦ وَنَهَى ٱلنَّفْسَ عَنِ ٱلْهَوَىٰ ﴿٤٠﴾

﴿40﴾ എന്നാൽ, യാതൊരുവൻ തന്റെ റബ്ബിന്റെ സ്ഥാനത്തെ [അവന്റെ മുമ്പിൽ നിൽക്കുന്നതിനെ] ഭയപ്പെടുകയും, മനസ്സിനെ ഇച്ഛയിൽ നിന്ന് വിലക്കിനിറുത്തുകയും ചെയ്തിരിക്കുന്നുവോ,-

فَإِنَّ ٱلْجَنَّةَ هِىَ ٱلْمَأْوَىٰ ﴿٤١﴾

﴿41﴾ (അവന്) സ്വർഗം തന്നെയാണ് സങ്കേതസ്ഥാനം.

﴿34﴾ فَإِذَا جَآءَتِ എന്നാൽ വന്നാൽ, വരുമ്പോൾ ٱلطَّآمَّةُ അടക്കി ജയിക്കുന്ന (മ
ഹാ) വിപത്ത് ٱلْكُبْرَىٰ വമ്പിച്ച, ഏറ്റവും വലിയ ﴿35﴾ يَوْمَ يَتَذَكَّرُ ഓർമിക്കുന്ന ദിവസം
ٱلْإِنسَٰنُ മനുഷ്യൻ مَا سَعَىٰ അവൻ പ്രയത്നിച്ചത് (ചെയ്തുവെച്ചത്) പരിശ്രമിച്ചത്
﴿36﴾ وَبُرِّزَتِ വെളിക്ക് വരുത്തപ്പെടുകയും ചെയ്യുന്ന ٱلْجَحِيمُ കത്തിജ്വലിക്കുന്ന
നരകം لِمَن يَرَىٰ കാണുന്നവർക്ക് ﴿37﴾ فَأَمَّا مَن എന്നാലപ്പോൾ യാതൊരുവൻ
طَغَىٰ അതിരുവിട്ടു ﴿38﴾ وَءَاثَرَ പ്രാധാന്യം നൽകുകയും (തിരഞ്ഞെടുക്കുക
യും) ചെയ്തു ٱلْحَيَوٰةَ ٱلدُّنْيَا ഐഹിക ജീവിതത്തിന്, ജീവിതത്തെ ﴿39﴾ فَإِنَّ ٱلْجَحِيمَ
എന്നാൽ കത്തിജ്വലിക്കുന്ന നരകം هِىَ ٱلْمَأْوَىٰ അത് തന്നെ സങ്കേതസ്ഥാനം ﴿40﴾
وَأَمَّا مَنْ خَافَ എന്നാൽ പേടിച്ചുവോ, യാതൊരുവൻ ഭയപ്പെട്ടുവോ مَقَامَ رَبِّهِۦ തന്റെ
റബ്ബിന്റെ സ്ഥാനം (റബ്ബിങ്കൽ നിൽക്കുന്നതിനെ) وَنَهَى ٱلنَّفْسَ മനസ്സിനെ (ദേഹ
ത്ത) വിലക്കുക(തടയുക)യും ചെയ്തുവോ عَنِ ٱلْهَوَىٰ ഇച്ഛയിൽ നിന്ന് ﴿41﴾

فَإِنَّ ٱلْجَنَّةَ എന്നാൽ നിശ്ചയമായും സ്വർഗം هِىَ ٱلْمَأْوَىٰ അത് തന്നെയാണ് സങ്കേത സ്ഥാനം

എല്ലാവിധ അത്യാപത്തുകളെയും വിസ്മരിപ്പിച്ച് കളയുന്നതും ലോകത്തെ ആകമാനം ബാധിക്കുന്നതുമായ ഏറ്റവും വലിയ വിപത്തായിരിക്കും ഖിയാമത്ത്നാളിലെ വിപത്തുകൾ. അതുകൊണ്ടാണ് അതിന് الطامة الكبرى (എല്ലാ റ്റിനെയും അതിജയിക്കുന്ന ഏറ്റവും വലിയ വിപത്ത്) എന്ന് പറഞ്ഞിരിക്കുന്നത്. അന്നുമനുഷ്യൻ ഏതേത് കാര്യങ്ങൾ മറന്നാലും ശരി, ഒരു കാര്യം അവന് ഓർമ വരും. താൻ ഇഹത്തിൽവെച്ച് ചെയ്ത കർമങ്ങളത്രെ അത്. അവന്റെ ചെറുതും വലുതുമായ കർമങ്ങൾ ഒന്നൊഴിയാതെ രേഖപ്പെടുത്തപ്പെട്ട ഒരു ഗ്രന്ഥം അവന്റെ കയ്യിൽ കൊടുക്കപ്പെടുകയും ചെയ്യും. അപ്പോൾ, തങ്ങൾ അനുഭവിക്കുവാൻ പോകുന്ന ശിക്ഷയെക്കുറിച്ച് കുറ്റവാളികൾക്കുണ്ടാകുന്ന പേടിയും പരിഭ്രമവും എന്തായിരിക്കുമെന്ന് ഊഹിക്കാമല്ലോ. കൂടാതെ, എല്ലാവർക്കും കാണത്തക്കവിധം നരകം അടുത്ത് തയ്യാറുണ്ടായിരിക്കയും ചെയ്യും. ഇത് അവരുടെ വിഭ്രാന്തി കൂടുതൽ വർദ്ധിപ്പിക്കുന്നു. പക്ഷേ, സജ്ജനങ്ങൾക്ക് ഇങ്ങനെയുള്ള പരിഭ്രമങ്ങളൊന്നും ബാധിക്കാതെ അല്ലാഹു കാത്തുരക്ഷിക്കുന്നതാണ്. വിചാരണക്ക്ശേഷം അല്ലാഹുവിൽനിന്നുണ്ടാകുന്ന വിധിയുടെ ചുരുക്കമാണ് 37 – 41 ൽ കാണുന്നത്.

ദുഷ്ക്കർമങ്ങളുടെ പശ്ചാത്തലമായി അല്ലാഹു എടുത്തുകാണിച്ച രണ്ട് കാര്യങ്ങൾ ശ്രദ്ധേയമാകുന്നു. ഒന്ന് യാഥാർത്ഥ്യങ്ങളെയും ധാർമികമൂല്യങ്ങളെയും ധിക്കരിക്കുന്നതിലുള്ള അതിരുകവിച്ചൽ, മറ്റൊന്ന് ഐഹികജീവിതത്തിന് അതർഹിക്കുന്നതിൽ കവിഞ്ഞ് പ്രാധാന്യം നൽകൽ, നേരെമറിച്ച് സൽക്കർമങ്ങൾക്ക് നിദാനമായ രണ്ട് കാര്യങ്ങളും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഒന്ന്: റബ്ബിന്റെ മുമ്പിൽ ഹാജരാകേണ്ടിവരുന്നതിനെക്കുറിച്ചുള്ള ഭയം. മറ്റൊന്ന്: ദേഹേച്ഛകളിൽനിന്ന് മനസ്സിനെ തടഞ്ഞുനിറുത്തുക. ആദ്യത്തെ രണ്ടിൽനിന്നും ഉടലെടുക്കുന്നതെല്ലാം പാപങ്ങളും ഒടുവിലത്തെ രണ്ടിൽനിന്നും ഉടലെടുക്കുന്നതെല്ലാം പുണ്യങ്ങളും ആയിരിക്കും. അല്ലാഹു നമ്മെ പുണ്യവാൻമാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

يَسْـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرْسَىٰهَا ﴿٤٢﴾

﴾42﴿ (നബിയേ) അന്ത്യഘട്ടത്തെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു: 'ഏതവസരത്തിലാണ് അതിന്റെ സ്ഥാപനം [അത് സംഭവിക്കൽ?]' എന്ന്.

فِيمَ أَنتَ مِن ذِكْرَىٰهَآ ﴿٤٣﴾

﴾43﴿ അതിന്റെ പ്രസ്താവനയെ സംബന്ധിച്ച് എന്തൊരു നിലയിലാണ് നീയുള്ളത്?! [നിനക്ക് അതിനെപ്പററി ഒന്നും അറിഞ്ഞുകൂടല്ലോ]

إِلَىٰ رَبِّكَ مُنتَهَىٰهَآ ﴿٤٤﴾

﴿44﴾ നിന്റെ റബ്ബിങ്കലേക്കാണ് അതിന്റെ കലാശം. [അത് അവന് മാത്രമേ അറിഞ്ഞുകൂടൂ.]

إِنَّمَآ أَنتَ مُنذِرُ مَن يَخْشَىٰهَا ﴿٤٥﴾

﴿45﴾ നിശ്ചയമായും അതിനെ ഭയപ്പെടുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നവൻ മാത്രമാകുന്നു നീ.

كَأَنَّهُمْ يَوْمَ يَرَوْنَهَا لَمْ يَلْبَثُوٓا۟ إِلَّا عَشِيَّةً أَوْ ضُحَىٰهَا ﴿٤٦﴾

﴿46﴾ അതിനെ അവർ കാണുന്ന ദിവസം ഒരു സായാഹ്ന (സമയ)മോ, അല്ലെങ്കിൽ അതിന്റെ പൂർവ്വാഹ്ന (സമയ)മോ അല്ലാതെ അവർ (ഇഹത്തിൽ) കഴിഞ്ഞുകൂടിയിട്ടില്ലെന്ന പോലെയിരിക്കും! [അത്രക്കും ഭയങ്കരമായിരിക്കും അത്.]

﴿42﴾ يَسْـَٔلُونَكَ അവർ നിന്നോട് ചോദിക്കുന്നു عَنِ ٱلسَّاعَةِ അന്ത്യഘട്ടത്തെ പ്പറ്റി أَيَّانَ ഏതവസരമാണ് مُرْسَىٰهَا അതിന്റെ സ്ഥാപനം (സംഭവിക്കൽ) ﴿43﴾ فِيمَ എന്തിലാണ് (ഏതവസ്ഥ- ഏതുനില- യിലാണ്) أَنتَ നീ مِن ذِكْرَىٰهَآ അതിന്റെ പ്രസ്താവനയെ (അതിനെക്കുറിച്ച് പറയുന്നത്) സംബന്ധിച്ച് ﴿44﴾ إِلَىٰ رَبِّكَ നിന്റെ റബ്ബിങ്കലേക്കാണ് مُنتَهَىٰهَآ അതിന്റെ കലാശം, ചെന്നവസാനിക്കൽ ﴿45﴾ إِنَّمَآ أَنتَ നിശ്ചയമായും നീ مُنذِرُ താക്കീത് (മുന്നറിയിപ്പ്) നൽകുന്നവൻ(മാത്രം) مَن يَخْشَىٰهَا അതിനെ ഭയപ്പെടുന്നവർക്ക് ﴿46﴾ كَأَنَّهُمْ അവർ (ആകുന്നു) എന്നപോലെയിരിക്കും يَوْمَ يَرَوْنَهَا അതിനെ അവർ കാണുന്ന ദിവസം لَمْ يَلْبَثُوٓا۟ അവർ താമസിച്ചിട്ടില്ല, കഴിഞ്ഞുകൂടിയിട്ടില്ല (എന്നപോലെ) إِلَّا عَشِيَّةً ഒരു സായാഹ്നം (വൈകുന്നേരം) അല്ലാതെ أَوْ ضُحَىٰهَا അല്ലെങ്കിൽ അതിന്റെ പൂർവ്വാഹ്നം (ഇളയുച്ച സമയം -രാവിലെ)

അന്ത്യനാളിനെപ്പറ്റി ക്വുർആനും, നബിﷺയും സാധാരണ ഓർമിപ്പിക്കാറും താക്കീത് ചെയ്യാറുമുണ്ടല്ലോ. എന്നാൽ, അത് എപ്പോഴാണുണ്ടാകുക എന്ന് നിഷേധികൾ ചോദ്യം ചെയ്തുകൊണ്ടിരിക്കും. അതിനുള്ള മറുപടിയാണിത്. മറുപടിയുടെ താൽപര്യം ഇതാണ്: അത് എപ്പോഴാണെന്ന് നബിﷺക്കോ മറ്റാർക്കെങ്കിലുമോ അറിഞ്ഞുകൂടാ. അല്ലാഹുവിന് മാത്രം അറിയാവുന്നതും അവൻ ആർക്കും അറിയിച്ചുകൊടുക്കാത്തതുമായ ഒരു പരമരഹസ്യമാണത്. എന്നാൽ, നബിﷺയോട് അതിനെക്കുറിച്ച് അവർ ചോദിക്കുന്നത് കണ്ടാൽ, നബിﷺക്ക്

അത് സംബന്ധിച്ച് വല്ല അറിവുമുണ്ടെന്ന് തോന്നിപ്പോകും. (يسألونك كأنك حفى عنها) അല്ലാഹു അറിയിച്ചു കൊടുക്കാതെ അവിടുത്തേക്ക് എന്തറിയാനാണ്?! അല്ലാഹുവിന്റെ കൽപനപ്രകാരം അതിനെക്കുറിച്ച് ഭയപ്പെടുന്നവർക്ക് തിരുമേനി അതിനെപ്പറ്റി താക്കീത് നൽകുന്നുവെന്നുമാത്രം. എത്ര ഓർമിപ്പിച്ചിട്ടും ഭയപ്പാട് വരാത്തവരെ താക്കീത് ചെയ്തിട്ട് ഫലമില്ലല്ലോ. വാസ്തവത്തിൽ, അതിന്റെ സമയത്തെക്കുറിച്ചല്ല, അതിന്റെ ഗൗരവത്തെക്കുറിച്ചാണ് അവർ അന്വേഷിക്കേണ്ടത്. കാരണം, അത് സംഭവിക്കുമ്പോൾ അവരുടെ പരമലക്ഷ്യമായിരുന്ന ഐഹികജീവിതത്തിൽ അവർ കേവലം ഒരു പകലിന്റെ സന്ധ്യാസമയത്തോളം, അല്ലെങ്കിൽ അതിന്റെ രാവിലത്തെ സമയത്തോളം മാത്രമേ താമസിച്ചിട്ടുള്ളൂവെന്ന് അവർക്ക് തോന്നും. അത്രയും ഭയങ്കരമായിരിക്കും അത്. അന്ത്യമില്ലാത്ത ഒരു ജീവിതത്തിന്റെ തുടക്കവുമായിരിക്കും അത്.

اعاذنا الله من أهوال يوم القيامة وعذابه وتفضل علينا برحمته وفضله وله الحمد والمنة

وصلى الله على نبينا محمد وآله وصحبه ومن اتبعهم باحسان إلى يوم الدين

سورة عبس

80. സൂറത്തു അബസ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 42

നബി തിരുമേനിﷺ മക്കഃയിലെ പ്രമുഖരായ ചില ക്വുറൈശി നേതാക്കളുമായി സംസാരിച്ചും, അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചും കൊണ്ടിരിക്കുകയായിരുന്നു. അവരിൽനിന്ന് നബിﷺ നല്ല പ്രതികരണം പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. സ്വകാര്യമായി ഉപദേശിക്കുമ്പോൾ അധികം എതിർപ്പുനേരിടുകയില്ലല്ലോ. ഈ സന്ദർഭത്തിലാണ് അന്ധനായിരുന്ന അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം (عبد الله بن أم مكتوم –رض) കടന്ന് ചെന്നത്. ആദ്യം മുതൽക്കേ സത്യവിശ്വാസം സ്വീകരിച്ച ഒരു സ്വഹാബിയാണ് അദ്ദേഹം. അന്ധതനിമിത്തം സന്ദർഭം മനസ്സിലാക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. 'നബിയേ, എനിക്ക് മാർഗദർശനം നൽകണം, വല്ലതും പഠിപ്പിച്ചുതരണം' എന്നിങ്ങനെ അദ്ദേഹം അപേക്ഷിക്കുകയായി. നബി ﷺക്ക് ഇത് വിരസമായിത്തോന്നി. ആ സംഭാഷണത്തിന് വിരാമമിടുവാൻ ഇതുകാരണമാകുമെന്ന് മാത്രമല്ല, കേവലം സാധുവും അന്ധനുമായ ഒരാൾ അവരുടെ സദസ്സിൽ സംബന്ധിക്കുന്നത് ആ പ്രമാണിമാർക്ക് രസിക്കുകയുമില്ല. അങ്ങനെ ആ സന്ദർഭം നഷ്ടപ്പെട്ടേക്കുമെന്ന് കരുതി തിരുമേനി അദ്ദേഹത്തോട് വൈമുഖ്യം കാണിക്കുകയുണ്ടായി. ഈ സംഭവത്തെപ്പറ്റിയാണ് ഈ അദ്ധ്യായത്തിന്റെ ആദ്യവചനങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

عَبَسَ وَتَوَلَّىٰٓ ﴿١﴾

(1) അദ്ദേഹം മുഖം ചുളിച്ചു, തിരിഞ്ഞുകളയുകയും ചെയ്തു-

أَن جَآءَهُ ٱلۡأَعۡمَىٰ ﴿٢﴾

(2) തന്റെ അടുക്കൽ (ആ) കുരുടൻ വന്നതിനാൽ!

وَمَا يُدْرِيكَ لَعَلَّهُۥ يَزَّكَّىٰٓ ﴿٣﴾

《3》 (നബിയേ) നിനക്ക് എന്ത റിയാം? അദ്ദേഹം പരിശുദ്ധി പ്രാപി ച്ചേക്കാമല്ലോ!

أَوْ يَذَّكَّرُ فَتَنفَعَهُ ٱلذِّكْرَىٰٓ ﴿٤﴾

《4》 അല്ലെങ്കിൽ, അദ്ദേഹം ഉപ ദേശം സ്വീകരിക്കുകയും, അങ്ങനെ (ആ) ഉപദേശം അദ്ദേഹത്തിന് പ്രയോജനപ്പെടുകയും ചെയ്തേക്കാം.

《1》عَبَسَ അദ്ദേഹം മുഖം ചുളിച്ചു وَتَوَلَّىٰٓ തിരിഞ്ഞുകളയുകയും ചെയ്തു 《2》 أَن جَآءَهُ തന്റെ അടുക്കൽ വന്നതിനാൽ ٱلْأَعْمَىٰ കുരുടൻ, അന്ധൻ 《3》 وَمَا يُدْرِيكَ നിനക്ക് എന്തറിയാം لَعَلَّهُۥ അവനായേക്കാം يَزَّكَّىٰٓ പരിശുദ്ധി പ്രാപിക്കും 《4》 أَوْ يَذَّكَّرُ അല്ലെങ്കിൽ അവൻ ഉപദേശം സ്വീകരിക്കും, ഓർമിച്ചേക്കും فَتَنفَعَهُ എന്നിട്ട് അവന് ഉപകാരം ചെയ്കയും ٱلذِّكْرَىٰٓ ഉപദേശം, സ്മരണ

അദ്ദേഹം മുഖം ചുളിച്ചു എന്ന് പറഞ്ഞത് നബി ﷺയെ ഉദ്ദേശിച്ചാകുന്നു. നബിﷺയെ അഭിമുഖീകരിച്ചുകൊണ്ടോ, പേര് വ്യക്തമാക്കിക്കൊണ്ടോ ആക്ഷേപിക്കാതെ, സൗമ്യമായ രൂപത്തിൽ അല്ലാഹു നബിﷺക്ക് മര്യാദ പഠിപ്പിക്കുകയാണ്. തിരുമേനിയുടെ ഉദ്ദേശ്യം പരിപാവനവും മഹത്തായതും തന്നെ. പക്ഷേ, ഒരു മറുവശം കൂടി ആലോചിക്കേണ്ടതുണ്ടായിരുന്നു. അതിനെപ്പറ്റിയാണ് ആക്ഷേപിക്കുന്നത്. എത്ര നിസ്സാരമായിരുന്നാലും നബിﷺയുടെ പക്കൽ ഒരു വീഴ്ച വന്നുപോയാൽ, ഉടനെ അല്ലാഹു അത് തിരുത്തുക പതിവാണ്. ഇതിന് ഉദാഹരണങ്ങൾ ക്വുർആനിൽ വേറെയും കാണാം.

ഒരാൾ മറ്റൊരാളോട് സംസാരിച്ചുകൊണ്ടിരിക്കുന്ന മധ്യെ അയാളോട് ഇടക്ക് കടന്ന് സംസാരിക്കുക, അവരുടെ സംഭാഷണത്തിന് വിഘാതമുണ്ടാക്കുക, അവരുടെ സമ്മതം പ്രതീക്ഷിക്കാതെ അവരുടെ ഇടയിൽ പ്രവേശിക്കുക മുതലായവ നല്ല വഴക്കമല്ല. നബിവചനങ്ങളിൽ ഇവയെക്കുറിച്ച് പ്രത്യേകം പ്രസ്താവിച്ചിട്ടുമുണ്ട്. ആ സ്ഥിതിക്ക് ഇബ്നു ഉമ്മിമക്തൂം (റ) കടന്നുചെന്നപ്പോൾ തിരുമേനിക്ക് വെറുപ്പ് തോന്നിയതിൽ ഇത്ര ആക്ഷേപിക്കുവാനുണ്ടോ എന്ന് സംശയിക്കപ്പെടാം. ഇതിന് മറുപടി അല്ലാഹുവിന്റെ വചനങ്ങളിൽ തന്നെ അടങ്ങിയിരിക്കുന്നത് കാണാം. ആഗതൻ കേവലം കണ്ണുകാണാത്ത ഒരാൾ; വന്നത് ഉപദേശം തേടിക്കൊണ്ട്; ആ ഉപദേശം അദ്ദേഹത്തിന് ഫലംചെയ്യുമെന്ന് ന്യായമായും കരുതാവുന്നതുമാണ്. അതേസമയത്ത് നബിﷺയുടെ സന്നിധിയിലുണ്ടായിരുന്നവരോ? ഉപദേശം അവർക്ക് അങ്ങോട്ട് വെച്ചുകെട്ടുകയാണ്. അത് സ്വീകരിക്കുവാനുള്ള സൻമനസ്സുണ്ടാകുമെന്ന് കരുതത്തക്ക നിലപാടല്ല അവർക്കുള്ളതും. തുടർന്ന് പറയുന്നത് നോക്കുക:-

أَمَّا مَنِ ٱسْتَغْنَىٰ ﴿٥﴾

﴿5﴾ എന്നാൽ, ധന്യത നടിച്ച [സ്വയം പര്യാപ്തനെന്ന് ധരിച്ച]വനാകട്ടെ,-

فَأَنتَ لَهُۥ تَصَدَّىٰ ﴿٦﴾

﴿6﴾ അവനുവേണ്ടി നീ ഒരുമ്പെട്ടിരിക്കുന്നു.

وَمَا عَلَيْكَ أَلَّا يَزَّكَّىٰ ﴿٧﴾

﴿7﴾ അവൻ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാൽ നിന്റെമേൽ എന്താണ് (ബാധ്യത) ഉള്ളത്?!

وَأَمَّا مَن جَآءَكَ يَسْعَىٰ ﴿٨﴾

﴿8﴾ എന്നാൽ (ഉൽസാഹപൂർവ്വം) പാഞ്ഞുകൊണ്ട് നിന്റെ അടുക്കൽ വന്നവനാകട്ടെ,

وَهُوَ يَخْشَىٰ ﴿٩﴾

﴿9﴾- അദ്ദേഹമോ (അല്ലാഹുവിനെ) ഭയപ്പെടുകയും ചെയ്യുന്നു-

فَأَنتَ عَنْهُ تَلَهَّىٰ ﴿١٠﴾

﴿10﴾ അദ്ദേഹത്തെപ്പറ്റി നീ അശ്രദ്ധ കാണിക്കുന്നു!

﴿5﴾ أَمَّا مَنِ എന്നാൽ യാതൊരുവൻ ٱسْتَغْنَىٰ ധന്യത (പര്യാപ്തത- ആവശ്യമില്ലായ്മ) നടിച്ച ﴿6﴾ فَأَنتَ അപ്പോൾ നീ لَهُۥ അവനുവേണ്ടി, അവനിലേക്ക് تَصَدَّىٰ നീ ഒരുമ്പെട്ടു (ശ്രദ്ധ തിരിഞ്ഞു- തയ്യാറായി) ﴿7﴾ وَمَا عَلَيْكَ നിന്റെമേൽ എന്താണുള്ളത് (ഒന്നുമില്ല) أَلَّا يَزَّكَّىٰ അവൻ പരിശുദ്ധി പ്രാപിക്കാതെ (നന്നാവാതെ) ഇരിക്കുന്നത് ﴿8﴾ وَأَمَّا مَن എന്നാൽ യാതൊരുവനാകട്ടെ جَآءَكَ നിന്റെ അടുക്കൽ വന്ന يَسْعَىٰ ഉൽസാഹിച്ചു (പാഞ്ഞു- അദ്ധ്വാനിച്ചു)കൊണ്ട് ﴿9﴾ وَهُوَ അവനാകട്ടെ, അവനോ يَخْشَىٰ ഭയപ്പെടുന്നു (താനും)﴿10﴾ فَأَنتَ عَنْهُ എന്നാൽ നീ അവനിൽനിന്ന് تَلَهَّىٰ ശ്രദ്ധ തിരിക്കുന്നു, അശ്രദ്ധ കാണിക്കുന്നു

ധനവും നേതൃത്വവുമുണ്ട്. തങ്ങൾ സ്വീകരിച്ചുവരുന്ന നടപടികളെല്ലാംതന്നെയാണ് ശരിയായിട്ടുള്ളതെന്ന ധാരണയും! അതുകൊണ്ട് മറ്റൊരാളുടെ ആശ്രയമോ ഉപദേശമോ തങ്ങൾക്കാവശ്യമില്ലെന്നാണ് അവരുടെ നില. അവർക്കുവേണ്ടി സമയം ചിലവഴിക്കുന്നതിനെക്കാൾ ഭേദം ഭയഭക്തനും വിജ്ഞാനദാഹിയുമായ ആ മാന്യന്റെ കാര്യത്തിൽ ശ്രദ്ധകൊടുക്കലാണ് എന്ന് താൽപര്യം. ഈ വചനങ്ങൾ അവതരിച്ചതിനുശേഷം തിരുമേനി ആ മഹാനെ പൂർവ്വാധികം ആദരിക്കുകപതിവായിരുന്നു. അദ്ദേഹത്തെ കാണുമ്പോൾ തിരുമേനി مرحبا لمن عاتبني فيه ربي (എന്റെ റബ്ബ് എന്നെ ആക്ഷേപിക്കുവാൻ ഇടയായ ആൾക്ക് സ്വാഗതം) എന്ന് പറയാറുണ്ടായിരുന്നുവത്രെ. നബിﷺ മദീനഃ വിട്ടുപോയ ചില അവസരങ്ങളിൽ അദ്ദേഹ

ത്തെയായിരുന്നു മദീനഃയിൽ അവിടുന്ന് പ്രതിനിധിയായി നിശ്ചയിച്ചിരുന്നത്. തിരുമേനിയുടെ ബാങ്കുവിളിക്കാരിൽ ഒരാളായിരുന്നു അദ്ദേഹം. 3, 4, 8, 9 എന്നീ വചനങ്ങളിൽ അല്ലാഹു അദ്ദേഹത്തെക്കുറിച്ച് പ്രശംസിച്ചത് എത്രമാത്രം അന്വർത്ഥമായിരിക്കുമെന്ന് ഇതിൽനിന്നൊക്കെ മനസ്സിലാക്കാമല്ലോ.

كَلَّآ إِنَّهَا تَذْكِرَةٌ ﴿١١﴾

《11》 അങ്ങനെ വേണ്ട! നിശ്ചയമായും അവ [ക്വുർആൻ വചനങ്ങൾ] ഒരു ഉപദേശമാകുന്നു.

فَمَن شَآءَ ذَكَرَهُۥ ﴿١٢﴾

《12》 ആകയാൽ, ആർ (വേണമെന്ന്) ഉദ്ദേശിച്ചുവോ അവരത് ഓർമിച്ചുകൊള്ളട്ടെ.

فِى صُحُفٍ مُّكَرَّمَةٍ ﴿١٣﴾

《13》 മാനിക്കപ്പെട്ടതായ ചില ഏടുകളിലാണ് (അതുള്ളത്),-

مَّرْفُوعَةٍ مُّطَهَّرَةٍ ﴿١٤﴾

《14》 (അതെ) ഉന്നതമാക്കപ്പെട്ടതും, പരിശുദ്ധമാക്കപ്പെട്ടതുമായ (ഏടുകളിൽ);-

بِأَيْدِى سَفَرَةٍ ﴿١٥﴾

《15》 ചില ദൗത്യവാഹകൻമാരുടെ കൈക്ക്;-

كِرَامٍ بَرَرَةٍ ﴿١٦﴾

《16》 -മാന്യൻമാരും, പുണ്യവാൻമാരുമായ (ദൗത്യവാഹകൻമാരുടെ കൈക്ക്).

《11》 كَلَّآ അങ്ങനെ വേണ്ടാ, അതല്ല إِنَّهَا നിശ്ചയമായും അത്, അവ تَذْكِرَةٌ ഒരു ഉപദേശമാണ്, സ്മരണയാണ് 《12》 فَمَن شَآءَ അതിനാൽ ആർ ഉദ്ദേശിക്കുന്നുവോ ذَكَرَهُ അവനത് ഓർമിക്കട്ടെ, സ്മരിക്കുന്നതാണ് 《13》 فِى صُحُفٍ ചില ഏടുകളിൽ مُّكَرَّمَةٍ മാനിക്കപ്പെട്ട, ആദരണീയമായ 《14》 مَّرْفُوعَةٍ ഉയർത്ത (ഉന്നതമാക്ക)പ്പെട്ട مُّطَهَّرَةٍ ശുദ്ധമാക്കപ്പെട്ട 《15》 بِأَيْدِى കൈകളിൽ, കൈകളാൽ (കൈക്ക്) سَفَرَةٍ ചില ദൗത്യവാഹകൻമാരുടെ, എഴുത്തുകാരുടെ 《16》 كِرَامٍ മാന്യൻമാരായ بَرَرَةٍ പുണ്യവാൻമാരായ, ഗുണവാൻമാരായ

സാരം: അങ്ങനെ സദുപദേശം തേടിവരുന്നവന്റെ നേരെ അശ്രദ്ധ കാണിക്കുകയും, അതിനാവശ്യമില്ലെന്ന് വെച്ചവരുടെ നേരെ ശ്രദ്ധപതിക്കുകയും ചെയ്യേണ്ടതില്ല. ഈ ഓതിക്കേൾപ്പിക്കുന്ന സിദ്ധാന്തങ്ങൾ -അഥവാ ക്വുർആൻ വചന

ങ്ങൾ– അവരിൽ നിർബന്ധപൂർവ്വം വെച്ചുകെട്ടേണ്ട ആവശ്യവുമില്ല. കാരണം, അവ കേവലം ഉപദേശങ്ങളാണ്. വേണമെന്നുള്ളവർ അത് സ്വീകരിച്ചുകൊള്ളട്ടെ എന്നേയുള്ളൂ. എന്നാൽ, അത് സാധാരണ ഉപദേശങ്ങളെപ്പോലെയുള്ള ഒന്നല്ല. പുണ്യവാൻമാരും, മാന്യൻമാരുമായ ചില ദൗത്യവാഹകൻമാരുടെ കൈക്ക് പരിശുദ്ധവും ഉന്നതനിലവാരത്തിലുള്ളതുമായ ആദരണീയ ഗ്രന്ഥങ്ങളിൽ സ്ഥിതിചെയ്യുന്ന ഉപദേശങ്ങളത്രെ. അങ്ങനെ, അവ വളരെ സംശുദ്ധവും പരിപാവനുമാകുന്നു.

سفرة (സഫറത്ത്) എന്ന വാക്കിനാണ് 'ദൗത്യവാഹകൻമാർ' എന്ന് അർത്ഥം കൽപിച്ചത്. രണ്ട് കൂട്ടർക്കുമിടയിൽ അന്യോന്യം സന്ദേശങ്ങൾ എത്തിക്കുന്നവർക്ക് 'സഫറത്ത്' എന്ന് പറയപ്പെടും. അല്ലാഹുവിനും ജനങ്ങൾക്കുമിടയിലുള്ള ദൗത്യവാഹകൻമാരായ പ്രവാചകൻമാരെ ഉദ്ദേശിച്ചാണ് ആ വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നതെന്നാണ് ചില വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നത്. എങ്കിലും, ഇബ്നുജരീർ (റ) ബുഖാരി (റ) മുതലായവർ അഭിപ്രായപ്പെട്ടതുപോലെ, മലക്കുകളാണ് ഇവിടെ ഉദ്ദേശ്യമെന്നുള്ളതാണ് ശരിയായ പക്ഷം. അല്ലാഹുവിനും പ്രവാചകൻമാർക്കുമിടയിലുള്ള ദൗത്യവാഹകരും വഹ്‌യുകൊണ്ട് വരുന്നവരും മലക്കുകളാണല്ലോ. 'സഫറത്ത്' എന്ന വാക്കിന് 'എഴുതുന്നവർ' എന്നും അർത്ഥം വരും. ഈ അർത്ഥത്തെ ആധാരമാക്കി ക്വുർആൻ എഴുതിവെക്കുന്ന സത്യവിശ്വാസികളാണ് ഇവിടെ ഉദ്ദേശ്യമെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് في صحف (ഏടുകളിൽ) എന്ന് പറഞ്ഞതിന്റെ വിവക്ഷ അപ്പപ്പോൾ അവതരിക്കുന്ന ക്വുർആന്റെ ഭാഗങ്ങൾ നബിﷺയുടെ കൽപനപ്രകാരം സ്വഹാബികൾ എഴുതി സൂക്ഷിച്ചു വന്നിരുന്ന ഏടുകളാണെന്നും അവർ പറയുന്നു. ദൗത്യവാഹകൻമാർ മലക്കുകളാണെന്ന് വെക്കുമ്പോൾ– അതാണ് കൂടുതൽ ബലപ്പെട്ട അഭിപ്രായവും– ഏടുകൾകൊണ്ടുള്ള വിവക്ഷ അല്ലാഹുവിന്റെ ജ്ഞാന ഫലകമാകുന്ന 'ലൗഹുൽ മഹ്ഫൂള്' (اللوح المحفوظ) ആയിരിക്കുന്നതാണ്.

സൂ: വാക്വിഅഃ 77 – 80 ൽ ക്വുർആനെപ്പറ്റി ഭദ്രമായ ഒരു ഗ്രന്ഥത്തിലാണ് അത് ഉള്ളതെന്നും, പരിശുദ്ധമാക്കപ്പെട്ടവരല്ലാതെ അത് സ്പർശിക്കുന്നതല്ലെന്നും, അത് ലോകരക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കുന്നതാണെന്നും പ്രസ്താവിച്ചിട്ടുണ്ടല്ലോ. സൂ: ബുറൂജിൽ ﴿بل هو قرآن مجيد﴾﴿في لوح محفوظ﴾ (എങ്കിലും, അത് മഹത്തായ ഒരു ക്വുർആനാകുന്നു; സുരക്ഷിതമായ ഒരു ഫലകത്തിലാണുള്ളത്) എന്നും പറഞ്ഞിരിക്കുന്നു. ഈ ആശയംതന്നെയാണ് ഈ വചനങ്ങളും ഉൾക്കൊള്ളുന്നത്. കൂടുതൽ വിവരം ആ രണ്ട് സ്ഥലത്തും നോക്കുക.

ഒരു സംഗതി ഇവിടെ ഓർക്കേണ്ടതുണ്ട്. സ്വഹാബികളാകുന്ന സത്യവിശ്വാസികളുടെ കൈക്ക് എഴുതി സൂക്ഷിക്കപ്പെട്ടുവരുന്ന ഏടുകളാണ് ഇവിടെ ഉദ്ദേശ്യമെന്ന് വെക്കുമ്പോൾ– അവ വാസ്തവത്തിൽ പരിശുദ്ധവും ഉന്നതവും തന്നെയാണെങ്കിലും– അവയെപ്പറ്റി ഇസ്‌ലാമിന്റെ കഠിനശത്രുക്കളായ ക്വുറൈശി പ്രമാ

ണികളുടെ ദൃഷ്ടിയിൽ അതിന് ഒരു പ്രത്യേക പരിഗണനയുണ്ടാകുവാൻ അവകാശമില്ല. അവരുടെമേൽ അത് വെച്ചുകെട്ടേണ്ടതില്ലെന്നും, വേണമെങ്കിൽ അവർ സ്വീകരിച്ചുകൊള്ളട്ടെ എന്നും പറഞ്ഞുകൊണ്ടാണല്ലോ ഈ വിഷയം അല്ലാഹു പ്രസ്താവിക്കുന്നത്. അപ്പോൾ അവർക്ക് സുപരിചിതരും, അവരുടെ ദൃഷ്ടിയിൽ നിസ്സാരൻമാരുമായ സ്വഹാബികൾ എഴുതി സൂക്ഷിക്കുന്ന ഏടുകളുടെ പരിപാവനത്വം അവരുടെ മുമ്പിൽ വെക്കുന്നതിൽ വളരെ ഔചിത്യമൊന്നും കാണുന്നില്ല. 'സഫറത്തി'ന്റെയും 'ഏടു'കളുടെയും വിശേഷണങ്ങളായി അല്ലാഹു പറഞ്ഞ വാക്കുകൾ പരിശോധിച്ചാലും ഇബ്നുജരീർ മുതലായവരുടെ അഭിപ്രായത്തിനാണ് മുൻതൂക്കം കാണുന്നത്. الله اعلم

قُتِلَ ٱلْإِنسَـٰنُ مَآ أَكْفَرَهُۥ ﴿١٧﴾

《17》 മനുഷ്യൻ കൊല്ലപ്പെടട്ടെ [നാശമടയട്ടെ]. എന്താണവൻ ഇത്ര നന്ദികെട്ടവൻ (അഥവാ അവിശ്വാസി) ആയത്?!

مِنْ أَىِّ شَىْءٍ خَلَقَهُۥ ﴿١٨﴾

《18》 ഏതൊരു വസ്തുവിൽനിന്നാണ് അവൻ [അല്ലാഹു] അവനെ സൃഷ്ടിച്ചിരിക്കുന്നത്?

مِن نُّطْفَةٍ خَلَقَهُۥ فَقَدَّرَهُۥ ﴿١٩﴾

《19》 ഒരു ഇന്ദ്രിയത്തുള്ളിയിൽനിന്ന് (തന്നെ). (അതെ) അവനെ അവൻ സൃഷ്ടിച്ചു; എന്നിട്ട് അവനെ (വേണ്ടപ്രകാരം) വ്യവസ്ഥ ചെയ്തു;-

ثُمَّ ٱلسَّبِيلَ يَسَّرَهُۥ ﴿٢٠﴾

《20》 പിന്നെ, (അവൻ ചരിക്കേണ്ടുന്ന) മാർഗം അവന് എളുപ്പമാക്കിക്കൊടുത്തു;-

ثُمَّ أَمَاتَهُۥ فَأَقْبَرَهُۥ ﴿٢١﴾

《21》 പിന്നെ, അവനെ മരണപ്പെടുത്തി; എന്നിട്ടവനെ 'ക്വബ്റി'ലാക്കി (മറച്ചു);-

ثُمَّ إِذَا شَآءَ أَنشَرَهُۥ ﴿٢٢﴾

《22》 പിന്നീട് അവൻ [അല്ലാഹു] ഉദ്ദേശിക്കുമ്പോൾ അവനെ (വീണ്ടും) ഉയിർത്തെഴുന്നേൽപിക്കുന്നതാണ്.

《17》 قُتِلَ കൊല്ലപ്പെടട്ടെ (നശിക്കട്ടെ-ശാപമടയട്ടെ) ٱلْإِنسَـٰنُ മനുഷ്യൻ مَآ أَكْفَرَهُۥ അവനെ (ഇത്രയധികം) നന്ദികെടുത്തിയത് (അവിശ്വാസിയാക്കിയത്) എന്താണ്

《18》 مِنْ أَيِّ شَيْءٍ ഏതൊരു വസ്തുവിൽനിന്നാണ് خَلَقَهُ അവൻ അവനെ സൃഷ്ടിച്ചത് 《19》 مِن نُّطْفَةٍ ഒരു ഇന്ദ്രിയത്തുള്ളിയിൽനിന്ന് خَلَقَهُ അവൻ അവനെ സൃഷ്ടിച്ചു فَقَدَّرَهُ എന്നിട്ടവനെ (അവന്നു കണക്കാക്കി, വ്യവസ്ഥചെയ്തു 《20》 ثُمَّ ٱلسَّبِيلَ പിന്നെ വഴി يَسَّرَهُ അവൻ അവന് എളുപ്പ (നിഷ്പ്രയാസ)മാക്കി 《21》 ثُمَّ أَمَاتَهُ പിന്നെ അവനെ മരണപ്പെടുത്തി فَأَقْبَرَهُ എന്നിട്ടവനെ ഖബ്റിലാക്കി 《22》 ثُمَّ إِذَا شَآءَ പിന്നെ അവൻ ഉദ്ദേശിച്ചാൽ, വേണ്ടുകവെക്കുമ്പോൾ أَنشَرَهُ അവനെ ഉയിർത്തെഴുന്നേൽപിക്കും

മനുഷ്യൻ സത്യനിഷേധിയും ധിക്കാരിയുമായി ജീവിക്കുകവഴി അല്ലാഹുവിനോട് കാണിക്കുന്ന നന്ദികേടിന്റെ ഗൗരവം അവന്റെ ആദ്യന്തചരിത്രം ചൂണ്ടിക്കാട്ടിക്കൊണ്ട് അവനെ തെര്യപ്പെടുത്തുകയാണ്. അതേ ചരിത്രംതന്നെ അവന്റെ പുനരുത്ഥാനത്തിന് തെളിവ് നൽകുകയും ചെയ്യുന്നു. അവന്റെ അസ്തിത്വം ഉടലെടുത്തത് എവിടെ നിന്നാണെന്ന് ചോദിച്ചു അവന്റെ മനസ്സിനെ തട്ടി ഉണർത്തിക്കൊണ്ടാണ് ആ ചരിത്രം അവനെ ഓർമിപ്പിക്കുന്നത്. അതെ, കേവലം നിസ്സാരമായ ഒരു ഇന്ദ്രിയ ബിന്ദുവിൽനിന്നാണവന്റെ ഉൽഭവം. അങ്ങനെ, അവന് ഒരു പൂർണമായ മനുഷ്യരൂപം നൽകി. ആകൃതിയും, പ്രകൃതിയും നിശ്ചയിച്ചു. അന്നവും ആയുസ്സുമെല്ലാം വ്യവസ്ഥചെയ്തു. നന്മതിൻമകളുടെയും, വിജയ പരാജയത്തിന്റെയും മാർഗം വിവരിച്ചുകൊണ്ട് നേർമാർഗവും സൗകര്യപ്പെടുത്തിക്കൊടുത്തു. അതെ, അവന്ന്വേണ്ടതെല്ലാം കൊടുത്തരുളി. പിന്നീട് ആയുഷ്കാലം അവസാനിച്ചപ്പോൾ മരണപ്പെടുത്തി ഭൂമിയിൽ മറക്കുകയും ചെയ്തു. ഇതിന്റെയെല്ലാം കർത്താവും നിയന്താവുമായ അതേ അല്ലാഹുതന്നെയാണ് താൻ ഉദ്ദേശിക്കുന്ന അവസരത്തിൽ മനുഷ്യനെ വീണ്ടും ജീവിപ്പിക്കുമെന്ന് പറയുന്നതും. എന്തുകൊണ്ട് ഈയൊരു കാര്യം അവന് വിശ്വസിക്കുവാനും, ന്യായീകരിക്കുവാനും കഴിയുന്നില്ല?! ഇതിന്റെ പേരിലാണല്ലോ അവന്റെ നിഷേധവും ധിക്കാരവുമൊക്കെ. അപ്പോൾ, അവന്റെ നന്ദികേടും, അവന്റെ നിഷേധവും അങ്ങേഅറ്റം കടുത്തതുതന്നെ!

قتل (കൊല്ലപ്പെടട്ടെ) എന്ന വാക്കിന്റെ അർത്ഥത്തെയും ഉദ്ദേശ്യത്തെയും സംബന്ധിച്ച് സൂ: മുദ്ദഥ്ഥിറിൽ വിവരിച്ചത് ഓർക്കുക. മനുഷ്യന്റെ നന്ദികേടിൽ അല്ലാഹുവിനുള്ള വെറുപ്പും പ്രതിഷേധവുമാണത് കുറിക്കുന്നത്. അല്ലാഹു തുടർന്നു പറയുന്നു:-

كَلَّا لَمَّا يَقْضِ مَآ أَمَرَهُۥ ﴿٢٣﴾

《23》 അങ്ങനെ വേണ്ടാ! അവനോട് അവൻ [അല്ലാഹു] കല്പിച്ചത് അവൻ നിർവഹിച്ചില്ല.

فَلْيَنظُرِ ٱلْإِنسَٰنُ إِلَىٰ طَعَامِهِۦٓ ﴿٢٤﴾

﴾24﴿ എന്നാൽ, മനുഷ്യൻ തന്റെ ഭക്ഷണത്തിലേക്ക് (ഒന്ന് ചിന്തിച്ചു) നോക്കട്ടെ;-

أَنَّا صَبَبْنَا ٱلْمَآءَ صَبًّا ﴿٢٥﴾

﴾25﴿ അതായത്,നാം (മഴ) വെള്ളം ഒരു (ശക്തിയായ) ചൊരിച്ചുകൊടുക്കൽ കൊടുത്തിരിക്കുന്നത്.

ثُمَّ شَقَقْنَا ٱلْأَرْضَ شَقًّا ﴿٢٦﴾

﴾26﴿ പിന്നെ ഭൂമിയെ നാം ഒരു (യുക്തമായ) പിളർത്തൽ പിളർത്തി.

فَأَنۢبَتْنَا فِيهَا حَبًّا ﴿٢٧﴾

﴾27﴿ അങ്ങനെ, അതിൽ നാം ധാന്യം മുളപ്പിച്ചു;

وَعِنَبًا وَقَضْبًا ﴿٢٨﴾

﴾28﴿ മുന്തിരിയും, പച്ചക്കറിയും.

وَزَيْتُونًا وَنَخْلًا ﴿٢٩﴾

﴾29﴿ ഒലീവും, ഈത്തപ്പനയും.

وَحَدَآئِقَ غُلْبًا ﴿٣٠﴾

﴾30﴿ (വൃക്ഷങ്ങൾ) നിറഞ്ഞു നിൽക്കുന്ന തോട്ടങ്ങളും

وَفَٰكِهَةً وَأَبًّا ﴿٣١﴾

﴾31﴿ പഴവർഗവും, മേച്ചിൽ പുല്ലും (മുളപ്പിച്ചു);-

مَّتَٰعًا لَّكُمْ وَلِأَنْعَٰمِكُمْ ﴿٣٢﴾

﴾32﴿ നിങ്ങൾക്കും, നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്.

﴾23﴿ كَلَّا അങ്ങനെയല്ല, വേണ്ട لَمَّا يَقْضِ അവൻ നിർവഹിച്ചില്ല مَآ أَمَرَهُۥ അവൻ
അവനോട് കല്പിച്ചത്﴾24﴿ فَلْيَنظُرِ എന്നാൽ നോക്കിക്കൊള്ളട്ടെ ٱلْإِنسَٰنُ മനുഷ്യൻ
إِلَىٰ طَعَامِهِۦٓ തന്റെ ഭക്ഷണത്തിലേക്ക് ﴾25﴿ أَنَّا صَبَبْنَا നാം ചൊരിഞ്ഞുകൊടുത്തിരി
ക്കുന്നത് ٱلْمَآءَ വെള്ളം صَبًّا ഒരു ചൊരിക്കൽ ﴾26﴿ ثُمَّ شَقَقْنَا പിന്നെ നാം പിളർത്തി
ٱلْأَرْضَ ഭൂമിയെ شَقًّا ഒരു പിളർത്തൽ ﴾27﴿ فَأَنۢبَتْنَا എന്നിട്ട് നാം മുളപ്പിച്ചു, ഉൽപാ
ദിപ്പിച്ചു فِيهَا അതിൽ حَبًّا ധാന്യം ﴾28﴿ وَعِنَبًا മുന്തിരിയും وَقَضْبًا പച്ചക്കറി (ഇലക്ക
റി- കറിച്ചെടി)യും ﴾29﴿ وَزَيْتُونًا സൈത്തൂനും, ഒലീവും وَنَخْلًا ഈത്തപ്പനയും﴾30﴿
وَحَدَآئِقَ തോട്ടങ്ങളും غُلْبًا (മരങ്ങൾ) നിറഞ്ഞ, തിങ്ങിയ, നിബിഡമായ ﴾31﴿ وَفَٰكِهَةً
പഴങ്ങളും, ഫലവർഗവും وَأَبًّا മേച്ചൽപുല്ലും ﴾32﴿ مَّتَٰعًا لَّكُمْ നിങ്ങൾക്ക് ഉപയോഗ
ത്തിന് وَلِأَنْعَٰمِكُمْ നിങ്ങളുടെ കാലി (ആടുമാടൊട്ടകം)കൾക്കും

മനുഷ്യന്നും, അവന്റെ കാലികൾക്കും ആവശ്യമായ വിവിധ ഭക്ഷ്യവിഭവങ്ങളെ ഭൂമിയിൽ ഉൽപാദിപ്പിക്കുകയും, അതിനുവേണ്ടി മഴ വർഷിപ്പിക്കുകയും, ഭൂമി പാക പ്പെടുത്തുകയും ചെയ്തിരിക്കുന്നതിനെക്കുറിച്ച് മാത്രം അവർ ചിന്തിച്ചു നോക്കു ന്നതായാലും അവർ അല്ലാഹുവിന് അളവറ്റ നന്ദി ചെയ്യാൻ കടപ്പെട്ടവരാണെന്ന് കാണാം. ഇവർക്ക് പുറമെ, എണ്ണിയാൽ തീരാത്ത അനുഗ്രഹങ്ങൾ വേറെയും ഇരിക്കുന്നു. എന്നിട്ട് അവൻ, അല്ലാഹുവിന്റെ കൽപനകൾ നിറവേറ്റുവാനോ അവ നോട് നന്ദി കാണിക്കുവാനോ തയ്യാറാകുന്നില്ല എന്ന് സാരം. പച്ചയിൽ മുറിച്ചെ ടുത്ത് ഉപയോഗിക്കുന്ന എല്ലാ പച്ചക്കറിച്ചെടി (പോഷകച്ചെടി)കൾക്കും പൊതു വിൽ പറയപ്പെടുന്ന വാക്കാണ് قضب (ക്വദ്ബ്). ഒരു പ്രത്യേക ചെടിയുടെ പേരാ ണെന്നും കറിക്ക് ഉപയോഗിക്കുന്ന എല്ലാ ഇലച്ചെടികൾക്കും പറയുന്ന പേരാ ണെന്നും അഭിപ്രായമുണ്ട്. أب (അബ്ബ്) എന്നാൽ, മനുഷ്യർ തിന്നാറില്ലാത്തതും, കാലികൾ മേഞ്ഞുതിന്നുന്നതുമായ പുൽച്ചെടികളാകുന്നു. നന്ദികേടിന്റെ അന ന്തരഫലം അനുഭവിക്കേണ്ടി വരുന്ന ആ ഭയങ്കരഘട്ടത്തെപ്പറ്റിയാണ് അടുത്ത വചനങ്ങളിൽ വിവരിക്കുന്നത്.

فَإِذَا جَآءَتِ ٱلصَّآخَّةُ ﴿٣٣﴾

﴾33﴿ എന്നാൽ, ചെകിടടക്കുന്ന (ആ ഭീകര) ശബ്ദം വന്നാൽ!-

يَوْمَ يَفِرُّ ٱلْمَرْءُ مِنْ أَخِيهِ ﴿٣٤﴾

﴾34﴿ അതായത്, മനുഷ്യൻ തന്റെ സഹോദരനെ വിട്ടു ഓടിപ്പോ കുന്ന ദിവസം,-

وَأُمِّهِۦ وَأَبِيهِ ﴿٣٥﴾

﴾35﴿ തന്റെ മാതാവിനെയും, പിതാവിനെയും (വിട്ടും)

وَصَٰحِبَتِهِۦ وَبَنِيهِ ﴿٣٦﴾

﴾36﴿ തന്റെ തുണ [ഭാര്യ]യെ യും, തന്റെ മക്കളെയും (വിട്ടും ഓടുന്ന ദിവസം)! [ഹാ! എന്തായി രിക്കും അന്ന് അവന്റെ നില?!]

لِكُلِّ ٱمْرِيٍٕ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ ﴿٣٧﴾

﴾37﴿ അന്നത്തെ ദിവസം, അവ രിൽ എല്ലാ (ഓരോ) മനുഷ്യനുമു ണ്ടായിരിക്കും; അവനെ മതിയാക്ക ത്തക്ക ഒരു കാര്യം

﴾33﴿ فَإِذَا جَآءَتِ എന്നാൽ വന്നാൽ, വരുമ്പോൾ ٱلصَّآخَّةُ ചെകിടടക്കുന്ന ശബ്ദം ﴾34﴿ يَوْمَ يَفِرُّ (പേടിച്ചു) ഓടിപ്പോകുന്ന ദിവസം ٱلْمَرْءُ മനുഷ്യൻ مِنْ أَخِيهِ തന്റെ സഹോദരനെവിട്ട് ﴾35﴿ وَأُمِّهِ തന്റെ ഉമ്മയെ (മാതാവിനെ)യും وَأَبِيهِ തന്റെ

ബാപ്പായെ (പിതാവിനെ)യും ﴾36﴿ وَصَـٰحِبَتِهِۦ തന്റെ തുണ (ഭാര്യ)യെയും وَبَنِيهِ
തന്റെ മക്കളെയും ﴾37﴿ لِكُلِّ ٱمْرِيٍٕ എല്ലാ മനുഷ്യനുമുണ്ട് مِّنْهُمْ അവരിൽനിന്ന്
يَوْمَئِذٍ അന്ന്, ആ ദിവസം شَأْنٌ ഒരു കാര്യം, വിഷയം يُغْنِيهِ അവനെ ഐശ്വര്യമാ
ക്കുന്ന (മതിയാക്കുന്ന)

അന്ത്യനാളിൽ സംഭവിക്കുന്ന കാഹളം ഊത്തിനെപ്പറ്റിയാണ് الصاخة (ഉഗ്രത നിമിത്തം ചെകിടുപൊട്ടി കേൾവി നഷ്ടപ്പെടുമാറുള്ള ഭയങ്കര ശബ്ദം) എന്ന് പറഞ്ഞിരിക്കുന്നത്. അന്ന് ഓരോരുത്തരും ഭയവിഹ്വലരായി കിടുകിടുത്തുപോകുന്നു. ഒരാൾക്കും മറ്റൊരാളെക്കുറിച്ച് ചിന്തയോ ഓർമയോ ഉണ്ടാകുന്നതല്ല. ഓരോരുത്തന്നും 'തന്റെ കാര്യം തന്റെ കാര്യം' എന്ന് മാത്രമായിരിക്കും. കാരണം, അവനവന്റെ കാര്യം തന്നെ അവനവന് പിടിപ്പതും അതിലധികവുമുണ്ടായിരിക്കും! എന്നാൽ, അല്ലാഹുവിനോട് കൂറും ഭക്തിയും പുലർത്തിവന്നവരും, നന്ദികേടും ധിക്കാരവും കാട്ടിക്കൊണ്ടിരുന്നവരും ഒരുപോലെയായിരിക്കുമോ? അല്ല;-

وُجُوهٌ يَوْمَئِذٍ مُّسْفِرَةٌ ﴿٣٨﴾

﴾38﴿ ചില മുഖങ്ങൾ അന്നത്തെ ദിവസം (പ്രസന്നമായി) തെളിഞ്ഞ വയായിരിക്കും;-

ضَاحِكَةٌ مُّسْتَبْشِرَةٌ ﴿٣٩﴾

﴾39﴿ ചിരിക്കുന്നവയായിരിക്കും, സന്തോഷം കൊള്ളുന്നവയായിരിക്കും.

وَوُجُوهٌ يَوْمَئِذٍ عَلَيْهَا غَبَرَةٌ ﴿٤٠﴾

﴾40﴿ (വേറെ) ചില മുഖങ്ങളാകട്ടെ, അന്ന് അവയുടെ മേൽ പൊടിപടലം ഉണ്ടായിരിക്കും.

تَرْهَقُهَا قَتَرَةٌ ﴿٤١﴾

﴾41﴿ അവയെ കൂരിരുട്ട് മൂടിയിരിക്കും.

أُو۟لَـٰٓئِكَ هُمُ ٱلْكَفَرَةُ ٱلْفَجَرَةُ ﴿٤٢﴾

﴾42﴿ അക്കൂട്ടരത്രെ, തോന്നിയവാസികളായ അവിശ്വാസികൾ.

﴾38﴿ وُجُوهٌ ചില മുഖങ്ങൾ يَوْمَئِذٍ അന്ന് مُّسْفِرَةٌ തെളിഞ്ഞ (ശോഭിച്ച- പ്രസന്ന
മായ)വയായിരിക്കും ﴾39﴿ ضَاحِكَةٌ ചിരിക്കുന്നവ مُّسْتَبْشِرَةٌ സന്തോഷം കൊള്ളു
ന്നവ ﴾40﴿ وَوُجُوهٌ ചില മുഖങ്ങളാവട്ടെ يَوْمَئِذٍ അന്ന് عَلَيْهَا അതിന്റെ മേലുണ്ടായി
രിക്കും غَبَرَةٌ പൊടി ﴾41﴿ تَرْهَقُهَا അവയെ മൂടും, പൊതിയും قَتَرَةٌ കൂരിരുട്ട്, ഇരുൾ

﴾42﴿ أُوْلَٰٓئِكَ അക്കൂട്ടർ هُمُ ٱلۡكَفَرَةُ അവർ തന്നെയാണ് അവിശ്വാസികൾ, നന്ദികെട്ടവർ ٱلۡفَجَرَةُ തോന്നിയവാസികളായ, മഹാപാപികളായ

അപ്പോൾ ആദ്യം പറഞ്ഞ പ്രസന്നമുഖങ്ങൾ സുകൃതവാൻമാരായ സത്യവിശ്വാസികളാണെന്ന് പറയേണ്ടതില്ല. അല്ലാഹു അവന്റെ മഹത്തായ കാരുണ്യം കൊണ്ട് നമ്മെയെല്ലാം സുകൃതവാൻമാരായ സത്യവിശ്വാസികളിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ.

ولله الحمد والمنة

سورة التكوير

81. സൂറതു ത്തക്‌വീര്‍

മക്കഃയില്‍ അവതരിച്ചത് - വചനങ്ങള്‍ 29

ഇമാം അഹ്മദ്, തിര്‍മദീ, ഹാകിം (ന) എന്നിവര്‍ നിവേദനം ചെയ്തിട്ടുള്ള ഒരു നബിവചനത്തില്‍ ഇപ്രകാരം വന്നിരിക്കുന്നു; 'ക്വിയാമത്ത്നാളിനെ കണ്ണു കൊണ്ട് കാണുന്നപോലെ നോക്കിക്കാണുവാന്‍ ആരെങ്കിലും ഇഷ്ടപ്പെടുന്നുവെങ്കില്‍, അവന്‍ إذا الشمس كورت و إذا السماء انفطرت و إذا السماء انشقت (സൂ: തക്‌വീര്‍, സൂ: ഇന്‍ഫിത്വാര്‍, സൂ: ഇന്‍ശിക്വാക്വ്) എന്നിവ ഓതിക്കൊള്ളട്ടെ.'

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍.

إِذَا ٱلشَّمۡسُ كُوِّرَتۡ ١

《1》 സൂര്യന്‍ ചുറ്റിപ്പൊതിയപ്പെടുമ്പോള്‍;-

وَإِذَا ٱلنُّجُومُ ٱنكَدَرَتۡ ٢

《2》 നക്ഷത്രങ്ങള്‍ ഉതിര്‍ന്നുവീഴുകയും ചെയ്യുമ്പോള്‍;-

وَإِذَا ٱلۡجِبَالُ سُيِّرَتۡ ٣

《3》 പര്‍വതങ്ങള്‍ (സ്ഥാനംവിട്ട്) നടത്തപ്പെടുകയും ചെയ്യുമ്പോള്‍;-

وَإِذَا ٱلۡعِشَارُ عُطِّلَتۡ ٤

《4》 പൂര്‍ണഗര്‍ഭിണികളായ ഒട്ടകങ്ങള്‍ വെറുതെ (ഒഴിച്ച്) വിടപ്പെടുകയും ചെയ്യുമ്പോള്‍;-

وَإِذَا ٱلۡوُحُوشُ حُشِرَتۡ ٥

《5》 കാട്ടുജന്തുക്കള്‍ ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യുമ്പോള്‍;

وَإِذَا ٱلۡبِحَارُ سُجِّرَتۡ ٦

《6》 സമുദ്രങ്ങള്‍ തിളച്ചുമറിക്കപ്പെടുകയും ചെയ്യുമ്പോള്‍;

وَإِذَا ٱلنُّفُوسُ زُوِّجَتْ ﴿٧﴾

《7》 ആത്മാക്കള്‍ (അഥവാ ആളുകള്‍ കൂട്ടി) ഇണക്കപ്പെടുകയും ചെയ്യുമ്പോള്‍;-

وَإِذَا ٱلْمَوْءُۥدَةُ سُئِلَتْ ﴿٨﴾

《8》 (ജീവനോടെ) കഴിച്ചുമൂടപ്പെട്ട (പെണ്‍) ശിശു ചോദ്യം ചെയ്യപ്പെടുകയും ചെയ്യുമ്പോള്‍;-

بِأَىِّ ذَنۢبٍ قُتِلَتْ ﴿٩﴾

《9》 ഏതൊരു കുറ്റത്തിനാണ് അത് കൊല്ലപ്പെട്ടത് എന്ന്;-

وَإِذَا ٱلصُّحُفُ نُشِرَتْ ﴿١٠﴾

《10》 ഏടുകള്‍ (തുറന്ന്) വിരുത്തപ്പെടുകയും ചെയ്യുമ്പോള്‍;-

وَإِذَا ٱلسَّمَآءُ كُشِطَتْ ﴿١١﴾

《11》 ആകാശം ഉരി(ച്ചു മററി)ക്കപ്പെടുകയും ചെയ്യുമ്പോള്‍;-

وَإِذَا ٱلْجَحِيمُ سُعِّرَتْ ﴿١٢﴾

《12》 ജ്വലിക്കുന്ന അഗ്നി [നരകം] ആളിക്കത്തിക്കപ്പെടുകയും ചെയ്യുമ്പോള്‍;-

وَإِذَا ٱلْجَنَّةُ أُزْلِفَتْ ﴿١٣﴾

《13》 സ്വര്‍ഗം അടുപ്പിച്ചുകൊണ്ട് വരപ്പെടുകയും ചെയ്യുമ്പോള്‍;-

عَلِمَتْ نَفْسٌ مَّآ أَحْضَرَتْ ﴿١٤﴾

《14》 (അപ്പോള്‍) ഓരോ ആളും താന്‍ തയ്യാറാക്കിക്കൊണ്ട് വന്നതെന്തെന്ന് അറിയുന്നതാണ്!

《1》 إِذَا ٱلشَّمْسُ സൂര്യനാകുമ്പോള്‍, (ആകുന്ന സമയം- ആകയാല്‍) كُوِّرَتْ അത്
ചുറ്റിപ്പൊതിയ (ചുരുട്ടിമടക്ക)പ്പെടു(മ്പോള്‍) 《2》 وَإِذَا ٱلنُّجُومُ നക്ഷത്രങ്ങളാകു
മ്പോള്‍ ٱنكَدَرَتْ അവ ഉതിര്‍ന്ന് (കൊഴിഞ്ഞു) ചാടു(മ്പോള്‍) 《3》 وَإِذَا ٱلْجِبَالُ പര്‍വ
തങ്ങളാകുമ്പോള്‍ سُيِّرَتْ അവ നടത്തപ്പെടു(മ്പോള്‍) 《4》 وَإِذَا ٱلْعِشَارُ (പൂര്‍ണ)
ഗര്‍ഭിണികളായ ഒട്ടകങ്ങള്‍ ആകുമ്പോള്‍ عُطِّلَتْ അവ വെറുതെ വിട(മിനക്കെടു
ത്ത)പ്പെടു(മ്പോള്‍) 《5》 وَإِذَا ٱلْوُحُوشُ കാട്ടുജന്തുക്കളാകുമ്പോള്‍ حُشِرَتْ അവ ഒരു
മിച്ചുകൂട്ടപ്പെടു(മ്പോള്‍) 《6》 وَإِذَا ٱلْبِحَارُ സമുദ്രങ്ങളാകുമ്പോള്‍ سُجِّرَتْ അവ തിളച്ചു
മറിക്ക (കവിച്ചൊഴിക്ക- കത്തിക്ക)പ്പെടു(മ്പോള്‍) 《7》 وَإِذَا ٱلنُّفُوسُ ആത്മാക്കള്‍
(ദേഹങ്ങള്‍- ആളുകള്‍) ആകുമ്പോള്‍ زُوِّجَتْ അവ ഇണക്കപ്പെടു(മ്പോള്‍) 《8》

وَإِذَا ٱلْمَوْءُۥدَةُ (ജീവനോടെ) കുഴിച്ചുമൂടപ്പെട്ടത് (കുഴിച്ചു മൂടപ്പെട്ടവ) ആകുമ്പോൾ سُئِلَتْ അത് (അവ) ചോദ്യം ചെയ്യപ്പെടു(മ്പോൾ) ﴿9﴾ بِأَىِّ ذَنۢبٍ ഏത് കുറ്റം (പാപം) നിമിത്തമാണ് قُتِلَتْ അത് കൊല്ലപ്പെട്ടത് എന്ന് ﴿10﴾ وَإِذَا ٱلصُّحُفُ ഏടുകളാകുമ്പോൾ نُشِرَتْ അവ വിരുത്തരപ്പെടു(മ്പോൾ) ﴿11﴾ وَإِذَا ٱلسَّمَآءُ ആകാശമാകുമ്പോൾ كُشِطَتْ അത് (തോൽ) ഉരിച്ചു നീക്കപ്പെടു(മ്പോൾ) ﴿12﴾ وَإِذَا ٱلْجَحِيمُ ജ്വലിക്കുന്ന അഗ്നി (നരകം) ആകുമ്പോൾ سُعِّرَتْ അത് ആളിക്കത്തിക്കപ്പെടു(മ്പോൾ) ﴿13﴾ وَإِذَا ٱلْجَنَّةُ സ്വർഗം ആകുമ്പോൾ أُزْلِفَتْ അത് അടുപ്പിക്ക (അടുത്തവരുത്ത)പ്പെടു(മ്പോൾ) ﴿14﴾ عَلِمَتْ അറിയും نَفْسٌ ഏത് (ഓരോ) ദേഹവും (ആളും, ആത്മാവും) مَّآ أَحْضَرَتْ അതെന്ത് ഹാജരാക്കിയെന്ന്, അത് തയ്യാറാക്കിയത്

ഖിയാമത്തുനാളിലെ കഠിനകഠോരങ്ങളായ ചില സംഭവവികാസങ്ങളാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്:

(1) സൂര്യൻ ചുറ്റിപ്പൊതിയപ്പെടുന്നു. അഥവാ അതിന്റെ പ്രകാശം നഷ്ടപ്പെട്ടുപോകുന്നു.

(2) നക്ഷത്ര ഗ്രഹങ്ങളെല്ലാം അവയുടെ സ്ഥാനവും ക്രമവും വിട്ട് കൊഴിഞ്ഞുവീഴുന്നു.

(3) പർവതങ്ങൾ അവയുടെ സ്ഥാനംവിട്ട് നീക്കപ്പെടുകയും തട്ടിത്തകർക്കപ്പെടുകയും ചെയ്യുന്നു.

(4) അറബികളുടെ അടുക്കൽ പ്രത്യേക പരിഗണനയുള്ളതും, അവരുടെ സമ്പത്തുകളിൽ വിലപ്പെട്ടതുമായ പൂർണഗർഭിണികളായ ഒട്ടകങ്ങൾപോലും അഗണ്യ കോടിയിൽ തള്ളപ്പെടുന്നു. അവയെപ്പറ്റി ശ്രദ്ധിക്കുവാൻ ആർക്കും അവസരം ഉണ്ടാകയില്ല.

(5) കാട്ടുജീവികളും, ദുഷ്ടജന്തുക്കളും പരിഭ്രാന്തി നിമിത്തം പരസ്പരം യാതൊരു അക്രമമോ എതിർപ്പോ കൂടാതെ കൂടിക്കലരുന്നു.

(6) ഭൂമിയുടെ സ്വഭാവം പാടെ മാറിപ്പോകുന്ന കൂട്ടത്തിൽ സമുദ്രങ്ങൾ തിളച്ചുമറിയുകയും കവിഞ്ഞൊഴുകുകയും ചെയ്യുന്നു. അല്ലെങ്കിൽ സമുദ്രജലം വറ്റി തൽസ്ഥാനത്ത് തീപിടിച്ച് പോകുന്നു എന്നും സാരമായിരിക്കാം. ഇപ്പറഞ്ഞതെല്ലാം ആകാശഭൂമികളിൽ ഉണ്ടാകുന്ന സംഭവവികാസങ്ങളാകുന്നു. അതെ, ഭൂമിയും ആകാശവും ഇന്നത്തേതിൽനിന്ന് വളരെ വ്യത്യസ്തമായ മറ്റൊരു രൂപ

ത്തിൽ മാറ്റം ചെയ്യപ്പെടുന്ന ദിവസമാണത്. (يوم تبدل الأرض غير الأرض – ابراهيم)

(7) ഓരോ തരത്തിലുള്ള ആളുകളും അതേ തരത്തിലുള്ള ആളുകളുമായി ഇണക്കപ്പെടുന്നു. അഥവാ, നല്ലവർ നല്ലവരുമായും, ചീത്തപ്പെട്ടവർ ചീത്തപ്പെട്ടവരുമായും കൂട്ടിച്ചേർക്കപ്പെടും. അല്ലെങ്കിൽ ഓരോ ആത്മാവും അതിന്റെ ജഡവുമായി സംയോജിപ്പിക്കപ്പെടുമെന്ന് സാരം. 7 -ാം വചനത്തിന് ഈ രണ്ട് പ്രകാരത്തിലും വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നു.

(8) പെൺകുഞ്ഞ് പിറക്കുമ്പോൾ ദാരിദ്ര്യവും അപമാനവുംഭയന്ന് അതിനെ ജീവനോടെ കുഴിച്ചുമൂടുന്ന പതിവ് ജാഹിലിയ്യാകാലത്തുണ്ടായിരുന്നുവല്ലോ. ആ കുഞ്ഞുങ്ങളെ കൊലപ്പെടുത്തുവാൻ അവർ ചെയ്ത തെറ്റുകുറ്റങ്ങളെന്തെന്ന് ചോദ്യം ചെയ്യപ്പെടുന്നു. അഥവാ അവരുടെ കാര്യം പ്രത്യേകം വിചാരണക്ക് വരുന്നു.

(9) ഓരോരുത്തന്റെ സകലകർമങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഏടുകൾ ഹാജരാക്കപ്പെടുകയും അവരവർ വായിച്ചുനോക്കുമാറ് അവ നിവർത്തി കൈകളിൽ നൽകപ്പെടുകയും ചെയ്യുന്നു.

(10) മൃഗങ്ങളുടെ തോലുരിച്ചെടുക്കുന്നതുപോലെ ആകാശത്തിന്റെ മറകളെല്ലാം നീക്കി മാറ്റി അവ നഗ്നമാക്കി വെളിവാക്കപ്പെടുന്നു.

(11) എത്രയോ കാലമായി കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന നരകം അന്ന് പ്രത്യേകം ആളിക്കത്തിക്കപ്പെടുന്നു.

(12) സ്വർഗം സജ്ജനങ്ങളുടെ അടുക്കലേക്ക് അടുപ്പിച്ചുകൊണ്ടുവരപ്പെടുന്നു. وأزلفت الجنة للمتقين وبرزت الجحيم للغاوين–شعراء:٩١ (സ്വർഗം ഭയഭക്തൻമാരിലേക്ക് അടുപ്പിക്കപ്പെടും. ജ്വലിക്കുന്ന നരകം ദുർമാർഗികളിലേക്ക് വെളിവാക്കപ്പെടുകയും ചെയ്യും.)

ഇങ്ങനെയുള്ള അതിഗൗരവ ഘട്ടങ്ങൾ അനുഭവത്തിൽ കാണുന്ന അവസരത്തിൽ ഓരോ ആൾക്കും ശരിക്കും അറിയാറാകും, താൻ ഏതെല്ലാം കർമങ്ങളാണ് മുൻജീവിതത്തിൽവെച്ച് തയ്യാറാക്കിക്കൊണ്ട് വന്നിരിക്കുന്നത്, അവയിൽ സൽക്കർമം ഏതൊക്കെയാണ് ദുഷ്ക്കർമം ഏതെല്ലാമാണ് എന്നൊക്കെ. എല്ലാം അവന്റെ ഏട്ടിലും, അവന്റെ ഓർമയിലും അവന് തെളിഞ്ഞുകാണും. ആ അവസരത്തിൽ സ്വന്തം ഏട്ടിൽ സൽക്കർമങ്ങൾ കണ്ടാനന്ദിക്കുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തിത്തരട്ടെ. ആമീൻ.

فَلَآ أُقۡسِمُ بِٱلۡخُنَّسِ ﴿١٥﴾

﴾15﴿ എന്നാൽ, പിൻവാങ്ങിപ്പോകുന്നവകൊണ്ട് ഞാൻ സത്യം ചെയ്തുപറയുന്നു;-

ٱلۡجَوَارِ ٱلۡكُنَّسِ ﴿١٦﴾

﴾16﴿ (അതായത്) സഞ്ചരിച്ചുകൊണ്ടിരിക്കുന്നവ; അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നവ;

وَٱلَّيۡلِ إِذَا عَسۡعَسَ ﴿١٧﴾

﴾17﴿ രാത്രി (ഇരുട്ടുമായി മുന്നോട്ട്- അല്ലെങ്കിൽ പിന്നോട്ട്) ഗമിക്കുമ്പോൾ അതുകൊണ്ടും;-

وَٱلصُّبۡحِ إِذَا تَنَفَّسَ ﴿١٨﴾

﴾18﴿ പ്രഭാതം (വികസിച്ച്) വെളിച്ചം വീശിവരുമ്പോൾ അതുകൊണ്ടും (സത്യം ചെയ്തു പറയുന്നു);-

إِنَّهُۥ لَقَوۡلُ رَسُولٖ كَرِيمٖ ﴿١٩﴾

﴾19﴿ നിശ്ചയമായും ഇത് [ക്വുർആൻ] മാന്യനായ ഒരു ദൂതന്റെ വാക്കാകുന്നു;-

ذِي قُوَّةٍ عِندَ ذِي ٱلۡعَرۡشِ مَكِينٖ ﴿٢٠﴾

﴾20﴿ (അതെ) ശക്തിമാനായുള്ളവൻ, 'അർശി'ന്റെ [സിംഹാസനത്തിന്റെ] ഉടമസ്ഥന്റെ അടുക്കൽ സ്ഥാനമുള്ളവൻ,-

مُّطَاعٖ ثَمَّ أَمِينٖ ﴿٢١﴾

﴾21﴿ അവിടെ അനുസരിക്കപ്പെടുന്നവൻ, വിശ്വസ്തൻ. [അങ്ങനെയുള്ള ഒരു ദൂതന്റെ വാക്കാണ്.]

﴾15﴿ فَلَآ أُقۡسِمُ എന്നാൽ ഞാൻ സത്യം ചെയ്തുപറയുന്നു بِٱلۡخُنَّسِ പിൻമാറി
(മടങ്ങി) പ്പോകുന്നുവകൊണ്ട് ﴾16﴿ ٱلۡجَوَارِ നടക്കുന്നവ, സഞ്ചരിക്കുന്നവ ٱلۡكُنَّسِ
മറഞ്ഞുപോകുന്നവ, അപ്രത്യക്ഷമാകുന്നവ ﴾17﴿ وَٱلَّيۡلِ രാത്രിയെക്കൊണ്ടും
إِذَا عَسۡعَسَ അത് മുമ്പോട്ട് (അല്ലെങ്കിൽ പിമ്പോട്ട്) ഗമിക്കുമ്പോൾ, ഇരുട്ടിവരുമ്പോൾ
﴾18﴿ وَٱلصُّبۡحِ പ്രഭാതംകൊണ്ടും إِذَا تَنَفَّسَ അതുവെളിച്ചപ്പെട്ടു (വിടർന്നു) വരു
മ്പോൾ, ആശ്വാസം കൊള്ളുമ്പോൾ ﴾19﴿ إِنَّهُۥ നിശ്ചയമായും അത് لَقَوۡلُ വാക്കു
തന്നെ رَسُولٖ كَرِيمٖ മാന്യനായ ഒരു ദൂതന്റെ ﴾20﴿ ذِي قُوَّةٍ ശക്തിമാനായ

عِندَ ذِى ٱلْعَرْشِ അര്‍ശിന്റെ ഉടമസ്ഥന്റെ അടുക്കല്‍ مَكِينٍ സ്ഥാനി ﴾21﴿ مُّطَاعٍ അനുസരിക്കപ്പെടുന്നവന്‍ ثَمَّ അവിടെ أَمِينٍ വിശ്വസ്തന്‍

لا أقسم (ഞാന്‍ സത്യം ചെയ്തു പറയുന്നു) എന്ന വാക്കിന്റെ ഘടനയെയും അര്‍ത്ഥത്തെയും സംബന്ധിച്ച് സൂ: വാകിഅഃ (الواقعة)യിലും മറ്റും പ്രസ്താവിച്ചത് ഓര്‍ക്കുക. മൂന്ന് വസ്തുക്കളെക്കൊണ്ട് അല്ലാഹു ഇവിടെ സത്യം ചെയ്ത് പറഞ്ഞിരിക്കുന്നു:

(1) നക്ഷത്രങ്ങളെക്കൊണ്ട്. രാത്രി നക്ഷത്രങ്ങള്‍ പ്രത്യക്ഷപ്പെടുകയും പകല്‍ അപ്രത്യക്ഷമാകുകയും ചെയ്യുന്നു. ചില നക്ഷത്രങ്ങള്‍ അവയുടെ സഞ്ചാരപഥത്തിലൂടെ മുന്നോട്ട് വന്നു പ്രത്യക്ഷപ്പെട്ടതിനുശേഷം വീണ്ടും പിന്നോട്ട്മടങ്ങി കാഴ്ചയില്‍നിന്ന് മറഞ്ഞുപോകുന്നു. നക്ഷത്രങ്ങളുടെ ഇങ്ങനെയുള്ള സ്വഭാവവിശേഷങ്ങളാണ് 15, 16 വചനങ്ങളില്‍ (الخنس الجوار الكنس) എന്ന് പറഞ്ഞിരിക്കുന്നത്.

(2) രാത്രിയെക്കൊണ്ട്. 'മുമ്പോട്ടുവെച്ച്' എന്നും, 'പിമ്പോട്ടുവെച്ച്' എന്നുമുള്ള രണ്ട് വിപരീതാര്‍ത്ഥങ്ങളില്‍ ഉപയോഗിക്കപ്പെടുന്ന വാക്കാണ് عسعس എന്ന ക്രിയ. അതുകൊണ്ട് 17 -ാം വചനത്തില്‍ രാത്രിയുടെ സ്വഭാവവിശേഷമായി പ്രസ്താവിച്ച ആ വാക്കിന്റെ താല്‍പര്യം രാത്രി ഇരുട്ടുമായി മുമ്പോട്ടുവരുന്ന അവസരത്തില്‍ എന്നോ, അല്ലെങ്കില്‍ അത് അതിന്റെ ഇരുട്ടുംകൊണ്ട് പിന്നോട്ടു പോകുന്ന അവസരത്തില്‍ എന്നോ ആകാവുന്നതാകുന്നു. രണ്ടായിരുന്നാലും കാര്യം വ്യക്തമാണല്ലോ.

(3) പ്രഭാതംകൊണ്ട്. പ്രഭാതത്തിന്റെ വിശേഷതയായി പ്രസ്താവിച്ച تنفس എന്ന വാക്കിന് 'ആശ്വസിച്ചു, ശ്വസിച്ചു, വികസിച്ചു, വെളിപ്പെട്ടു' എന്നൊക്കെ സന്ദര്‍ഭമനുസരിച്ച് അര്‍ത്ഥം വരുന്നതാണ്. പ്രഭാതം അതിന്റെ വെളിച്ചം പരത്തിക്കൊണ്ട് വെളിപ്പെട്ടു വ്യാപിക്കുന്ന അവസ്ഥയാണ് 18 -ാം വചനത്തില്‍ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. അല്ലാഹു ഉപയോഗിച്ചിരിക്കുന്ന ഓരോ സത്യവാചകങ്ങള്‍ പരിശോധിച്ചാലും ചിന്തിക്കുന്നവര്‍ക്ക് അതില്‍ പല തത്വങ്ങളും പാഠങ്ങളും ദൃഷ്ടാന്തങ്ങളും അടങ്ങിയിരിക്കുന്നതായി കാണാവുന്നതാണ്.

വിശുദ്ധ ക്വുര്‍ആന്റെ സത്യത സ്ഥാപിക്കുകയാണ് ഈ സത്യങ്ങള്‍ മുഖേന അല്ലാഹു ചെയ്യുന്നത്. അല്ലാഹുവിങ്കല്‍ നിന്ന് ക്വുര്‍ആന്‍ നബിﷺക്ക് വന്നുകിട്ടുന്നത് ജിബ്‌രീല്‍ (അ) മുഖേനയാണല്ലോ. അദ്ദേഹം വളരെ മാന്യനായ ഒരു ദൈവദൂതനാകുന്നു. വളരെ ശക്തിമാനും, ലോകാലോകങ്ങളുടെ സിംഹാസനാധിപതിയായ അല്ലാഹുവിന്റെ അടുക്കല്‍ ഉയര്‍ന്ന സ്ഥാനമാനങ്ങളുള്ള മഹാനുമത്രെ. മാത്രമല്ല, അവിടെ- അഥവാ മലക്കുകളുടെ ആവാസകേന്ദ്രമായ 'മല

ഉൽ അഅ്‌ലാ'യിൽ- അനുസരിക്കപ്പെടുന്ന നേതാവുമാണ്. ഇത്രയും മഹാനും, വിശ്വസ്തനും, യോഗ്യനുമായ ആ മലക്കാണ് തിരുമേനിക്ക് ക്വുർആൻ എത്തിച്ചുകൊടുക്കുന്നത്. അദ്ദേഹം പറഞ്ഞുകൊടുക്കുന്ന അതേ വചനങ്ങളാണ് ക്വുർആൻ. അപ്പോൾ, ക്വുർആൻ വന്നു കിട്ടിയമാർഗം അങ്ങേഅറ്റം സുരക്ഷിതവും വിശ്വസനീയവുമാകുന്നു. എനി, ആ മഹാദൂതനിൽനിന്ന് അത് ഏറ്റുവാങ്ങി സമുദായ മദ്ധ്യെ ഓതിക്കേൾപ്പിക്കുകയും പ്രബോധനം ചെയ്യുകയും ചെയ്യുന്ന ആ ദൈവദൂതന്റെ- അതെ, നബി തിരുമേനിﷺയുടെ -സ്ഥിതിയോ? അതാണ് അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. അല്ലാഹു പറയുന്നു:-

وَمَا صَاحِبُكُم بِمَجْنُونٍ ﴿٢٢﴾

﴾22﴿ നിങ്ങളുടെ ചങ്ങാതി ഒരു ഭ്രാന്തൻ അല്ലതാനും.

وَلَقَدْ رَءَاهُ بِٱلْأُفُقِ ٱلْمُبِينِ ﴿٢٣﴾

﴾23﴿ തീർച്ചയായും അദ്ദേഹത്തെ [ആ ദൂതനെ] പ്രത്യക്ഷമായ (നഭോ) മണ്ഡലത്തിൽവെച്ച് അദ്ദേഹം കണ്ടിട്ടുണ്ട്.

وَمَا هُوَ عَلَى ٱلْغَيْبِ بِضَنِينٍ ﴿٢٤﴾

﴾24﴿ അദ്ദേഹമാകട്ടെ, അദൃശ്യ വാർത്തയെപ്പറ്റി പിശുക്ക് കാണിക്കുന്ന ആളുമല്ല.

وَمَا هُوَ بِقَوْلِ شَيْطَٰنٍ رَّجِيمٍ ﴿٢٥﴾

﴾25﴿ അത് [ക്വുർആൻ] ആട്ടപ്പെട്ട [ശപിക്കപ്പെട്ട] വല്ല പിശാചിന്റെ വാക്കും അല്ല.

﴾22﴿ وَمَا അല്ല, അല്ലതാനും صَاحِبُكُم നിങ്ങളുടെ ചങ്ങാതി, കൂട്ടാളി بِمَجْنُونٍ ഒരു ഭ്രാന്തൻ ﴾23﴿ وَلَقَدْ رَءَاهُ തീർച്ചയായും അദ്ദേഹം അദ്ദേഹത്തെ കണ്ടിട്ടുണ്ട്. بِٱلْأُفُقِ നഭോമണ്ഡലത്തിൽ (ഉപരി) മണ്ഡലത്തിൽ, ചക്രവാളത്തിൽ, വെച്ച് ٱلْمُبِينِ പ്രത്യക്ഷമായ ﴾24﴿ وَمَا هُوَ അദ്ദേഹം അല്ലതാനും عَلَى ٱلْغَيْبِ അദൃശ്യവിവരത്തെക്കുറിച്ച്, മറഞ്ഞവിഷയത്തിൽ بِضَنِينٍ പിശുക്ക് (ലുബ്ധ്) പിടിക്കുന്നവൻ ﴾25﴿ وَمَا هُوَ അതല്ലതാനും بِقَوْلِ شَيْطَٰنٍ വല്ല പിശാചിന്റെയും വചനം, ഒരു പിശാചിന്റെ വാക്ക് رَّجِيمٍ ആട്ട (ശപിക്ക)പ്പെട്ട

അതെ, അദ്ദേഹം നിങ്ങൾക്ക് സുപരിചിതനാണ്. അദ്ദേഹം ജനിച്ചുവളർന്നതും ജീവിച്ചുവരുന്നതും നിങ്ങൾക്കിടയിൽതന്നെ. അദ്ദേഹത്തിന് ഭ്രാന്തോ ബുദ്ധിഭ്രമമോ ഒന്നുമില്ല. അദ്ദേഹം ബുദ്ധിമാനും വിശ്വസ്തനുമാണ്. എന്നൊക്കെ നിങ്ങൾക്കറിയാമല്ലോ. മുകളിൽ പ്രസ്താവിക്കപ്പെട്ട ആ മഹാദൂതനെ അദ്ദേഹം നേരിൽതന്നെ ഉപരിമണ്ഡലത്തിൽവെച്ച് കണ്ട് പരിചയപ്പെട്ടിട്ടുണ്ട്. അല്ലാഹു

വിൽനിന്ന് ലഭിക്കുന്ന അദൃശ്യവിവരങ്ങൾ അതേപടി എത്തിച്ചുകൊടുക്കുവാൻ വല്ല വിധേനയും പിശുക്ക് കാട്ടി ഒളിച്ചും മറച്ചും വെക്കുന്ന സ്വഭാവക്കാരനുമല്ല അദ്ദേഹം. നിങ്ങൾ ജൽപിക്കാറുള്ളതുപോലെ, അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്നും ആട്ടി ദൂരത്താക്കപ്പെട്ട വല്ല പിശാചും മുഖേന ലഭിച്ചതുമല്ല ഈ ക്വുർആൻ. വളരെ അനുഗൃഹീതനും മാന്യനുമായ ആൾ വഴിയല്ലാതെ-അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമായ പിശാചുക്കളിൽനിന്ന്- ഇത്തരം ഉൽകൃഷ്ടവും പരിപാവനവുമായ വചനങ്ങൾ എങ്ങനെ ലഭിക്കാനാണ്? നിങ്ങൾ ഒട്ടും ആലോചിക്കുന്നില്ലേ?എന്നൊക്കെയാണ് ഈ വചനങ്ങളുടെ രത്നചുരുക്കം. ജിബ്‌രീൽ (അ)നെ നബിﷺപലവട്ടം കാണുകയുണ്ടായിട്ടുണ്ടെന്നും, അദ്ദേഹത്തിന്റെ സാക്ഷാൽ രൂപത്തിൽ തന്നെ രണ്ടുപ്രാവശ്യം നബിﷺ കണ്ടിട്ടുണ്ടെന്നും പ്രസിദ്ധമാണല്ലോ. സാക്ഷാൽ രൂപത്തിലുള്ള കാഴ്ചയെക്കുറിച്ചാണ് 23 -ാം വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്.

فَأَيْنَ تَذْهَبُونَ ﴿٢٦﴾

﴾26﴿ അപ്പോൾ, എങ്ങോട്ടാണ് നിങ്ങൾ പോകുന്നത്?!

إِنْ هُوَ إِلَّا ذِكْرٌ لِّلْعَـٰلَمِينَ ﴿٢٧﴾

﴾27﴿ അത് ലോകർക്കുവേണ്ടിയുള്ള ഒരു ഉപദേശം (അഥവാ ഉൽബോധനം) അല്ലാതെ (മറ്റൊന്നും) അല്ല.

لِمَن شَآءَ مِنكُمْ أَن يَسْتَقِيمَ ﴿٢٨﴾

﴾28﴿ അതായത് നിങ്ങളിൽനിന്ന് ചൊവ്വിന് നിലകൊള്ളുവാൻ ഉദ്ദേശിച്ചവർക്കുവേണ്ടി.

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلْعَـٰلَمِينَ ﴿٢٩﴾

﴾29﴿ ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല താനും.

﴾26﴿ فَأَيْنَ അപ്പോൾ (എന്നിരിക്കെ) എങ്ങോട്ടാണ്, എവിടെ تَذْهَبُونَ നിങ്ങൾ പോകുന്നു, പോകും ﴾27﴿ إِنْ هُوَ അതല്ല إِلَّا ذِكْرٌ ഒരു ഉപദേശം (സ്മരണ, ഉൽബോധനം) അല്ലാതെ لِّلْعَـٰلَمِينَ ലോകർക്കുവേണ്ടി ﴾28﴿ لِمَن شَآءَ അതായത് ഉദ്ദേശിച്ചവർക്ക് مِنكُمْ നിങ്ങളിൽനിന്ന് أَن يَسْتَقِيمَ താൻ ചൊവ്വിന് നിൽക്കുവാൻ ﴾29﴿ وَمَا تَشَآءُونَ നിങ്ങൾ ഉദ്ദേശിക്കുന്നതല്ലതാനും إِلَّآ أَن يَشَآءَ ഉദ്ദേശിക്കുന്നതായാലല്ലാതെ ٱللَّهُ അല്ലാഹു رَبُّ ٱلْعَـٰلَمِينَ ലോകരുടെ രക്ഷിതാവായ

വാസ്തവം മേൽ വിവരിച്ച പ്രകാരത്തിലാണുള്ളത്. എന്നിരിക്കെ നിങ്ങളുടെ ദുർന്യായങ്ങളും കള്ളവാദങ്ങളും സ്ഥാപിക്കുവാൻ എന്ത് മാർഗമാണ് നിങ്ങൾക്കുള്ളത്? എവിടെപ്പോയിട്ടാണ് നിങ്ങൾക്കതിന് സാധ്യമാകുക? ഇല്ല, ഒന്നുമില്ല. എവിടെയുമില്ല. ലോകർക്ക് ആകമാനം വേണ്ടിയുള്ള ഉപദേശവും ഉൽബോധനവും മാത്രമാണ് ഈ ക്വുർആൻ. ഇതാണ് പരമാർത്ഥം. പക്ഷേ, നേർമാർഗത്തിൽ ചൊവ്വിന് നിലകൊള്ളുവാൻ ഉദ്ദേശിക്കുന്നവർക്കേ അതിന്റെ പ്രയോജനം ലഭിക്കയുള്ളൂ. നേരെമറിച്ച് നിങ്ങളെപ്പോലെ നിഷേധത്തിലും മർക്കടമുഷ്ടിയിലും നിലകൊള്ളുന്നവർക്ക് അതുകൊണ്ട് നേട്ടമൊന്നും കൈവരുവാനില്ല എന്ന് സാരം. 'ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതല്ല' എന്ന് അല്ലാഹു അവസാനമായി ഉണർത്തിയിരിക്കുന്നു. ഒരു വമ്പിച്ച മൗലിക യാഥാർത്ഥ്യമാകുന്ന ഈ വിഷയത്തെപ്പറ്റി സൂറത്തുൽ ഇൻസാൻ 30 -ാം വചനത്തിന്റെ വിവരണത്തിൽ വായിച്ചത് ഓർക്കുക.

19 -ാം വചനത്തിൽ رسول كريم (മാന്യനായ ഒരു ദൂതൻ) എന്ന് പറഞ്ഞത് ജിബ്‌രീൽ (അ) എന്ന മലക്കിനെ ഉദ്ദേശിച്ചാണെന്നും, ക്വുർആൻ അദ്ദേഹത്തിന്റെ വാക്കാണെന്ന് പറഞ്ഞതിന്റെ താൽപര്യം അദ്ദേഹമാണ് അല്ലാഹുവിങ്കൽ നിന്ന് അത് ഏറ്റുവാങ്ങി നബിﷺക്ക് ഓതിക്കൊടുക്കുന്നതെന്നാണെന്നും മേൽ വിവരിച്ചതിൽനിന്ന് സ്പഷ്ടമാണല്ലോ. ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അംഗീകരിച്ചിരിക്കുന്നതും ഇതുതന്നെയാണ്. എന്നാൽ 'മാന്യനായ ദൂതൻ' എന്ന് പറഞ്ഞത് നബിﷺയെ ഉദ്ദേശിച്ചാണെന്നും ചിലർ പ്രസ്താവിച്ചിട്ടുണ്ട്. 20 മുതൽ 23 കൂടിയ വചനങ്ങൾ ശാന്തമായി പരിശോധിക്കുമ്പോൾ ഈ അഭിപ്രായത്തിന് പ്രസക്തിയില്ലെന്ന് കാണാവുന്നതാണ്. 22 -ാം വചനത്തിൽ صاحبكم (നിങ്ങളുടെ ചങ്ങാതി) എന്ന് പറഞ്ഞത് നബിﷺയെ ഉദ്ദേശിച്ചാണെന്നുള്ളതിൽ സംശയമില്ല. വഹ്‌യ് ലഭിക്കുന്നത് മലക്ക് മുഖാന്തരമായതുകൊണ്ട് ആദ്യം മലക്കിന്റെ വിശ്വാസ്യതയും യോഗ്യതയും ചൂണ്ടിക്കാട്ടിയിരിക്കുകയാണ്. തുടർന്നുകൊണ്ട് 23 -ാം വചനത്തിൽ രണ്ട് ദൂതൻമാരും- മലക്കാകുന്ന ദൂതനും മനുഷ്യനാകുന്ന ദൂതനും- തമ്മിൽ നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള വസ്തുതയും ചൂണ്ടിക്കാട്ടിയിരിക്കുന്നു. പിന്നീട് 24 -ാം വചനത്തിൽ നബിﷺയെക്കുറിച്ച് യാതൊരു ആശങ്കക്കും അവകാശമില്ലെന്നും 25ൽ നിഷേധികളുടെ ജൽപനം വെറും മിഥ്യയാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

മാന്യനായ ഒരു ദൂതൻ (رسول كريم) എന്ന് 19 -ാം വചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത് നബിﷺയെയാണെന്ന അഭിപ്രായം സ്വീകരിച്ചുകൊണ്ട് തുടർന്ന് പറഞ്ഞ വിശേഷണങ്ങളെല്ലാം നബിﷺയുടേതാക്കി വ്യാഖ്യാനിക്കുവാൻ സാഹസപ്പെടുന്ന കൂട്ടത്തിൽ ചില പുത്തൻ വ്യാഖ്യാനക്കാർ- സൂറത്തുന്നജ്മിൽ അവർ ചെയ്തിരിക്കുന്നതുപോലെ- വ്യഥാശ്രമം ഇവിടെയും നടത്തിക്കാണുന്നു. അങ്ങനെ, 23 -ാം വചനത്തിന് അല്ലാഹു നബി ﷺയെ തെളിഞ്ഞ മണ്ഡലത്തിലാണ് കണ്ടതെന്നും, അഥവാ 'തിരുമേനി ഉന്നതനിലവാരത്തിലുള്ള ആളാണെ'ന്നും

മറ്റും അർത്ഥവ്യാഖ്യാനം നൽകിയിരിക്കുന്നു. സൂറത്തുന്നജ്മിൽവെച്ച് ഇവരുടെ ഈ അർത്ഥവ്യാഖ്യാനത്തിന്റെ പൊള്ളത്തരവും, അതിന് ഇവരെ പ്രേരിപ്പിച്ച ചേതോവികാരവും നാം എടുത്തുകാട്ടിയിട്ടുണ്ട്. അതിനാൽ ഇവിടെ കൂടുതൽ വിശദീകരിക്കുന്നില്ല. എന്നാലും, 'മാന്യനായ ദൂതൻ (رسول كريم)' എന്ന വാക്ക് നബിﷺയെ ഉദ്ദേശിച്ച് തന്നെയാണെന്ന് താൽപര്യപൂർവ്വം സമർത്ഥിക്കുവാൻ ഇവർ കൊണ്ടുവന്ന ചില ന്യായങ്ങളെക്കുറിച്ച് അല്പമൊന്ന് ഉണർത്തേണ്ടിയിരിക്കുന്നു. സൂറത്തുൽ ഹാക്ക്വഃ 40 -ാം വചനത്തിൽ ഇതേവാക്ക് (رسول كريم എന്ന്) നബിﷺയെ ഉദ്ദേശിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് ഇവിടെയും അങ്ങനെത്തന്നെ ആയിരിക്കണമെന്നാണ് ഇവരുടെ ന്യായം. ദൂതന്റെ വിശേഷണമായി (21 -ാം വചനത്തിൽ) വിശ്വസ്തൻ (أمين) എന്ന് പറഞ്ഞുവല്ലോ. നബി തിരുമേനിﷺക്ക് വിശ്വസ്തൻ (الأمين) എന്നൊരു സ്ഥാനപ്പേർ പറയപ്പെട്ട് വന്നിരുന്നത് പ്രസ്താവ്യവുമാണ്. ആകയാൽ മാന്യനായ ദൂതൻ നബി ﷺ തന്നെയാണെന്നുള്ളതിന് ഇതും ഒരു തെളിവാണ് എന്നത്രെ മറ്റൊരു ന്യായം.

ഒന്നാമത്തെ ന്യായത്തിനുള്ള മറുപടി ഇതാണ്: സൂറത്തുൽ ഹാക്ക്വഃ യിൽ മാന്യനായ ഒരു ദൂതൻ (رسول كريم) എന്ന് പറഞ്ഞത് നബിﷺയെ ഉദ്ദേശിച്ചു തന്നെ. സംശയമില്ല. അതുകൊണ്ട് ഈ വാക്ക് കാണുന്നിടത്തെല്ലാം അത് നബി ﷺയെ ഉദ്ദേശിച്ചാവണമെന്നില്ല. ഒരു നിശ്ചിത വ്യക്തിയെപ്പറ്റി മാത്രം പറയപ്പെടാവുന്ന ഒരു പ്രത്യേകനാമം (معرفة) അല്ല അത്. കേവലം മാന്യനും ദൂതനുമായ ഏതൊരാളെക്കുറിച്ചും പറയപ്പെടാവുന്ന ഒരു സാമാന്യനാമം (نكرة) മാത്രമാണത്. മലക്കെന്നോ മനുഷ്യനെന്നോ ഉള്ള വ്യത്യാസത്തിനും അതിൽ പരിഗണനയില്ല. മാത്രമല്ല, സൂ: ഹാക്ക്വഃയിലെ സന്ദർഭവും, ഈ സൂറത്തിലെ സന്ദർഭവും വ്യത്യസ്തമാണ് താനും. ഇത് സംബന്ധിച്ച് നാം അവിടെ ഉണർത്തിയിട്ടുമുണ്ട്. രണ്ടാമത്തെ ന്യായത്തിന്റെ മറുപടി ഇതാണ്. أمين എന്ന വിശേഷണവും തന്നെ സാമാന്യനാമമായിട്ടാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. നബിﷺയുടെ പ്രത്യേക വിശേഷണമെന്ന നിലക്കായിരുന്നു അതിവിടെ പറഞ്ഞിരുന്നതെങ്കിൽ അതിൽ അൽ (أل) എന്ന അവ്യയം ചേർത്ത് الأمين എന്ന പ്രത്യേകിപ്പിക്കുമായിരുന്നു. അങ്ങനെ ചെയ്യാത്ത സ്ഥിതിക്ക് അത് നബിﷺയുടെ വിശേഷണമായിരിക്കണമെന്നുള്ളതിന് അത് തെളിവല്ല. പല നബിമാരെക്കുറിച്ചും സൂ: ശുഅറാഇൽ رسول أمين (വിശ്വസ്തനായ ഒരു ദൂതൻ) എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം. ഇതിനുപുറമെ, അതേ സൂറത്തിൽ ജിബ്‌രീലിനെക്കുറിച്ച് തന്നെ الروح الأمين (വിശ്വസ്തനായ ആത്മാവ്) എന്ന് ال ചേർത്ത് പ്രസ്താവിച്ചിട്ടുമുണ്ട്. (അറബിവ്യാകരണത്തിൽ അല്പമെങ്കിലും പരിചയം നേടിയവർക്കെല്ലാം വേഗം മനസ്സിലാക്കാവുന്നതത്രെ ഈ വ്യത്യാസം.) ചില സ്വന്തം താൽപര്യങ്ങളെ മനസ്സിൽ വെച്ചുകൊണ്ട് അവയുടെ സംരക്ഷണത്തിനും നീതികരണത്തിനും വേണ്ടി നടത്തപ്പെടുന്ന ദുർവ്യാഖ്യാനം എന്നതിൽ കവിഞ്ഞ് ഇതിലൊന്നും യാതൊരു കഴമ്പുമില്ല.

هدانا الله إلى صراط المستقيم وله الحمد والمنة والفضل

سورة الإنفطار

82. സൂറത്തുൽ ഇൻഫിത്വാർ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 19

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِذَا ٱلسَّمَآءُ ٱنفَطَرَتۡ ﴿١﴾

《1》 ആകാശം പൊട്ടിപ്പിളരുമ്പോൾ!-

وَإِذَا ٱلۡكَوَاكِبُ ٱنتَثَرَتۡ ﴿٢﴾

《2》(നക്ഷത്ര) ഗ്രഹങ്ങൾ കൊഴിഞ്ഞുവീഴുകയും ചെയ്യുമ്പോൾ!-

وَإِذَا ٱلۡبِحَارُ فُجِّرَتۡ ﴿٣﴾

《3》സമുദ്രങ്ങൾ പൊട്ടി ഒഴുക്കപ്പെടുകയും ചെയ്യുമ്പോൾ!-

وَإِذَا ٱلۡقُبُورُ بُعۡثِرَتۡ ﴿٤﴾

《4》'ക്വബ്റു'കൾ (അടിയോടെ) മറിച്ചിടപ്പെടുകയും ചെയ്യുമ്പോൾ!-

عَلِمَتۡ نَفۡسٞ مَّا قَدَّمَتۡ وَأَخَّرَتۡ ﴿٥﴾

《5》 (അപ്പോൾ) ഓരോ ആളും താൻ മുൻചെയ്തുവെച്ചതും, (ചെയ്യാതെ) പിന്നേക്ക് വെച്ചതും എന്താണെന്ന് അറിയുന്നതാണ്.

《1》 إِذَا ٱلسَّمَآءُ ആകാശം ആകുമ്പോൾ ٱنفَطَرَتۡ അത് പൊട്ടിപ്പിളരുമ്പോൾ 《2》 وَإِذَا ٱلۡكَوَاكِبُ നക്ഷത്രങ്ങൾ (ഗ്രഹങ്ങൾ) ആകുമ്പോൾ ٱنتَثَرَتۡ അവ കൊഴിഞ്ഞു (ചിതറി)വീഴു(മ്പോൾ) 《3》 وَإِذَا ٱلۡبِحَارُ സമുദ്രങ്ങളാകുമ്പോൾ فُجِّرَتۡ അവ പൊട്ടി ഒഴുക്കപ്പെടു(മ്പോൾ) 《4》 وَإِذَا ٱلۡقُبُورُ ക്വബ്റു (ശ്മശാനം)കൾ ആകുമ്പോൾ

نَفْسٌ ഓരോ ദേഹവും,ആത്മാക്കളും,ആളും عَلِمَتْ അറിയുന്നതാണ് ﴿5﴾ بُعْثِرَتْ അവ മറിച്ചിട (ഇളക്കിമറിക്ക)പ്പെടുമ്പോൾ مَّا قَدَّمَتْ അത് മുന്തിച്ചത്(മുൻ ചെയ്തു വെച്ചത്) وَأَخَّرَتْ അത് പിന്തിക്കുക(പിന്നോക്കം വെക്കുക)യും

കഴിഞ്ഞസൂറത്തിൽ കണ്ടതുപോലെ, ഖിയാമത്തുനാളിലെ ചില സംഭവവികാസങ്ങൾ തന്നെയാണ് ഇവിടെയും കാണുന്നത്. ആദ്യത്തെ മൂന്ന് വചനങ്ങളുടെയും സാരം അവിടെ വിവരിച്ചതിൽനിന്ന് മനസ്സിലാക്കാം. 4 -ാം വചനത്തിൽ ഖബ്റുകൾ അടിയോടെ മറിക്കപ്പെടും എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം മരണപ്പെട്ടുകിടക്കുന്നവരെ ഖബ്റുകളിൽനിന്ന് രണ്ടാമത് ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നാകുന്നു. കഴിഞ്ഞ സൂറത്തിലെ 14 -ാം വചനത്തിലെ അതേ ആശയം തന്നെയാണ് 5 -ാം വചനത്തിലും അടങ്ങിയിരിക്കുന്നത്. ഇഹത്തിൽവെച്ച് ചെയ്തിട്ടുള്ള കർമങ്ങളാണ് ما قدمت (മുൻചെയ്തുവെച്ചത്) എന്നതുകൊണ്ട് വിവക്ഷ. ما أخرت (പിന്നോട്ട് വെച്ചത്) എന്ന് പറഞ്ഞത് പ്രവർത്തിക്കാതെ വിട്ടുകളഞ്ഞ കാര്യങ്ങളുമാകുന്നു. അഥവാ ഓരോരുത്തനും താൻ ചെയ്തും ചെയ്തുതീർക്കാതെ വിട്ടുകളഞ്ഞതുമായ എല്ലാ കർമങ്ങളും അന്ന് അറിയുമെന്ന് സാരം. മരണപ്പെടുമ്പോൾ വിട്ടേച്ചുപോകുന്ന സ്വത്തുക്കൾ, മരണശേഷം തുടർന്ന് നടന്നുകൊണ്ടിരിക്കുന്ന നല്ലതോ ചീത്തയോ ആയ ഏർപ്പാടുകൾ എന്നിങ്ങനെയുള്ളവയാണ് ما أخرت(പിന്നേക്ക് വെച്ചത്)കൊണ്ട് വിവക്ഷ എന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഏതായാലും തത്വത്തിൽ എല്ലാം ഒന്നുതന്നെ. ونكتب ما قدموا و آثارهم (അവർ മുൻചെയ്തുവെച്ചതും അവരുടെ അവശിഷ്ടങ്ങളും- അഥവാ പ്രവർത്തനഫലങ്ങളും- നാം എഴുതി രേഖപ്പെടുത്തും) എന്ന് സൂ: യാസീനിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

يَٰٓأَيُّهَا ٱلْإِنسَٰنُ مَا غَرَّكَ بِرَبِّكَ ٱلْكَرِيمِ ﴿٦﴾

﴿6﴾ ഹേ, മനുഷ്യാ, ഉദാരനായ (അഥവാ മാന്യനായ) നിന്റെ റബ്ബിനെക്കുറിച്ച് നിന്നെവഞ്ചിച്ച് കളഞ്ഞതെന്താണ്? (ആശ്ചര്യം)

ٱلَّذِى خَلَقَكَ فَسَوَّىٰكَ فَعَدَلَكَ ﴿٧﴾

﴿7﴾ (അതെ) നിന്നെ സൃഷ്ടിച്ചുണ്ടാക്കി ശരിപ്പെടുത്തി പാകപ്പെടുത്തിയവൻ;-

فِىٓ أَىِّ صُورَةٍ مَّا شَآءَ رَكَّبَكَ ﴿٨﴾

﴿8﴾ അവൻ ഉദ്ദേശിച്ചതായ ഏതോ ഒരു രൂപത്തിൽ നിന്നെ അവൻ സംഘടിപ്പിച്ചുണ്ടാക്കിയിരിക്കുന്നു.

﴿6﴾ يَٰٓأَيُّهَا ٱلْإِنسَٰنُ ഹേ മനുഷ്യാ مَا غَرَّكَ നിന്നെ വഞ്ചിച്ചതെന്താണ് بِرَبِّكَ നിന്റെ റബ്ബിനെക്കുറിച്ച് ٱلْكَرِيمِ മാന്യനായ, ഉദാരനായ, ആദരണനീയനായ ﴿7﴾ ٱلَّذِى

യാതൊരുവൻ خَلَقَكَ അവൻ നിന്നെ സൃഷ്ടിച്ചു فَسَوَّىٰكَ എന്നിട്ട് നിന്നെ ശരിപ്പെടുത്തി فَعَدَلَكَ എന്നിട്ട് നിന്നെ പാകപ്പെടുത്തി, ഒപ്പിച്ചു (ശരിയാക്കി) ﴾8﴿ فِىٓ أَىِّ صُورَةٍ ഏതോ ഒരു രൂപത്തിൽ مَّا شَآءَ അവൻ ഉദ്ദേശിച്ച رَكَّبَكَ നിന്നെ അവൻ സംഘടിപ്പിച്ചു, കൂട്ടിച്ചേർത്തു

മനുഷ്യാ, നീ നിന്നെപ്പറ്റി ഒന്ന് ചിന്തിച്ചുനോക്കൂ! അല്ലാഹു നിന്നെ ഒരു ഇന്ദ്രിയത്തുള്ളിയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കി; നിനക്കാവശ്യമായ അവയവങ്ങളും അംഗങ്ങളുമെല്ലാം നൽകി ശരിപ്പെടുത്തി; ഓരോന്നും അതതിന്റെ തോതും യോജിപ്പുമനുസരിച്ച് യഥാക്രമം പാകപ്പെടുത്തി; നീയോ മറ്റാരെങ്കിലുമോ ഉദ്ദേശിച്ചിട്ടില്ലാത്ത- അതെ, അവൻ മാത്രം ഉദ്ദേശിച്ച- ഒരു രൂപത്തിൽ നിനക്ക് അവൻ രൂപം നൽകുകയും ചെയ്തു. ഇങ്ങനെ നിനക്ക് സൃഷ്ടിയും രൂപവും നൽകി നിന്നെ സംരക്ഷിച്ചുവരുന്ന അത്യുദാരനും അതി മാന്യനുമായ നിന്റെ റബ്ബിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കാതെയും, അവന്റെ ശാപകോപങ്ങളെക്കുറിച്ച് ഭയപ്പെടാതെയും നീ കഴിഞ്ഞുകൂടുന്നത് വളരെ ആശ്ചര്യംതന്നെ! അവന്റെ കാര്യത്തിൽ നീ ഇത്രയും വഞ്ചിതനായിപ്പോയല്ലോ! എന്തൊരത്ഭുതമാണ്?! എന്നിങ്ങനെ അല്ലാഹു അവിശ്വാസികളെ അഭിമുഖീകരിച്ചു പറയുകയാണ്.

വെളുത്ത മാതാപിതാക്കൾക്ക് കറുത്ത സന്താനം ജനിക്കുന്നു; അംഗഭംഗമുള്ളവരിൽനിന്ന് അംഗങ്ങൾക്ക് യാതൊരു ഭംഗവുമില്ലാത്ത കുട്ടികൾ ഉണ്ടാകുന്നു; ചിലർക്ക് മാതാവിന്റെയോ പിതാവിന്റെയോ മറ്റോ മുഖച്ഛായ കാണപ്പെടുന്നു. മറ്റ് ചിലർക്കാകട്ടെ അവരുടെ കുടുംബാംഗങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായ രൂപമായിരിക്കും; ജേഷ്ഠന്ന് ആൺകുട്ടികൾ മാത്രം ജനിക്കുമ്പോൾ അനുജന് പെൺമക്കൾ മാത്രം ഉണ്ടാകുന്നു: ചിലരുടെ രൂപം സുന്ദരവും ആകർഷകവുമായിരിക്കുമെങ്കിൽ മറ്റ് ചിലരുടേത് വികൃതവും വിരൂപവുമായിത്തീരുന്നു. അങ്ങനെ പലതും പലതും. ഇതിലെല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനല്ലാതെ, മറ്റാരുടെയും ഉദ്ദേശ്യത്തിന് പങ്കില്ലെന്ന് വ്യക്തമാണല്ലോ.

كَلَّا بَلْ تُكَذِّبُونَ بِٱلدِّينِ ﴿٩﴾

﴾9﴿ അങ്ങനെ വേണ്ട! പക്ഷേ, നിങ്ങൾ പ്രതിഫലനടപടിയെ വ്യാജമാക്കിക്കൊണ്ടിരിക്കുന്നു.

وَإِنَّ عَلَيْكُمْ لَحَـٰفِظِينَ ﴿١٠﴾

﴾10﴿ നിശ്ചയമായും, നിങ്ങളുടെ മേൽ സൂക്ഷിച്ചു (വീക്ഷിച്ചു) കൊണ്ടിരിക്കുന്ന ചിലരുണ്ട് താനും;-

كِرَامًا كَـٰتِبِينَ ﴿١١﴾

﴾11﴿ അതായത്, എഴുതി രേഖപ്പെടുത്തുന്ന ചില മാന്യന്മാർ.

يَعْلَمُونَ مَا تَفْعَلُونَ ﴿١٢﴾

﴿12﴾ **നിങ്ങൾ ചെയ്യുന്നത് (എല്ലാം) അവർ അറിയുന്നു.**

﴿9﴾ كَلَّا അങ്ങനെവേണ്ടാ, അതല്ല بَلْ പക്ഷേ, എങ്കിലും تُكَذِّبُونَ നിങ്ങൾ വ്യാജമാക്കുന്നു بِالدِّينِ പ്രതിഫല നടപടിയെ, മതത്തെ ﴿10﴾ وَإِنَّ عَلَيْكُمْ നിശ്ചയമായും നിങ്ങളുടെ മേലുണ്ട് താനും لَحَافِظِينَ സൂക്ഷിച്ചു (കാത്തു- വീക്ഷിച്ചു) വരുന്നവർ ﴿11﴾ كِرَامًا അതായത് ചില മാന്യൻമാർ كَاتِبِينَ എഴുതുന്നവരായ, എഴുത്തുകാരായ ﴿12﴾ يَعْلَمُونَ അവർ അറിയുന്നു مَا تَفْعَلُونَ നിങ്ങൾ ചെയ്യുന്നത്

നിങ്ങളുടെ സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിനെക്കുറിച്ച് നിങ്ങൾ വഞ്ചിതരായിരിക്കുകയാണ് . അത്രയുമല്ല, നിങ്ങളുടെ ചെയ്തികളെപ്പറ്റി നിങ്ങളെ വിചാരണ ചെയ്ത് നടപടി എടുക്കുന്നതിനെപ്പോലും നിങ്ങൾ വ്യാജമാക്കി നിഷേധിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളോർക്കണം, നിങ്ങൾ ചെയ്യുന്നതെല്ലാം സസൂക്ഷ്മം വീക്ഷിച്ചുകൊണ്ട് അവ മുഴുവനും എഴുതി രേഖപ്പെടുത്തുവാൻ അല്ലാഹു മാന്യരായ ചില ആളുകളെ- മലക്കുകളെ നിശ്ചയിച്ചിട്ടുണ്ടെന്നും, നിങ്ങൾ ചെയ്യുന്നതെന്തും അവർ അറിയാതെ പോകുന്നതല്ലെന്നും. ആ രേഖയനുസരിച്ച് നിങ്ങളുടെ മേൽ ശരിക്കും നടപടി എടുത്ത് പ്രതിഫലം നൽകാതെ നിങ്ങളെ വിട്ടേക്കുന്നതല്ല എന്ന് സാരം. എഴുത്തുകാരായ മലക്കുകളെക്കുറിച്ച് സൂ: ക്വാഫ് 16 - 18 ൽ പ്രസ്താവിച്ചത് ഓർക്കുക. പ്രതിഫലനടപടി എടുക്കുമ്പോഴുണ്ടാകുന്ന അന്ത്യതീരുമാനം ചുരുക്കത്തിൽ ഇപ്രകാരമായിരിക്കും:-

إِنَّ ٱلْأَبْرَارَ لَفِى نَعِيمٍ ﴿١٣﴾

﴿13﴾ **നിശ്ചയമായും, പുണ്യവാൻമാർ സുഖാനുഗ്രഹത്തിൽ തന്നെയായിരിക്കും.**

وَإِنَّ ٱلْفُجَّارَ لَفِى جَحِيمٍ ﴿١٤﴾

﴿14﴾ **(ദുർമാർഗികളായ) തോന്നിയവാസികൾ ജ്വലിക്കുന്ന അഗ്നിയിലും തന്നെയായിരിക്കും.**

يَصْلَوْنَهَا يَوْمَ ٱلدِّينِ ﴿١٥﴾

﴿15﴾ **പ്രതിഫലനടപടിയുടെ ദിവസം അവർ അതിൽ കടന്ന് കരിയുന്നതാണ്.**

وَمَا هُمْ عَنْهَا بِغَآئِبِينَ ﴿١٦﴾

﴿16﴾ **അവർ അത് വിട്ട് മറഞ്ഞ് [ഒഴിവായി] പോകുന്നവരുമല്ല.**

وَمَآ أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ ﴿١٧﴾

《17》 പ്രതിഫലനടപടിയുടെ ദിവസമെന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!

ثُمَّ مَآ أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ ﴿١٨﴾

《18》 പിന്നെയും [വീണ്ടും], പ്രതിഫലനടപടിയുടെ ദിവസമെന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!!

يَوۡمَ لَا تَمۡلِكُ نَفۡسٌ لِّنَفۡسٍ شَيۡـًٔاۖ وَٱلۡأَمۡرُ يَوۡمَئِذٍ لِّلَّهِ ﴿١٩﴾

《19》 (അതെ) ഒരാളും (വേറെ) ഒരാൾക്ക് യാതൊന്നും അധീനമാക്കാത്ത (അഥവാ ചെയ്യാൻ കഴിയാത്ത) ദിവസം!

അന്നത്തെ ദിവസം കാര്യം (അഥവാ കൽപനാധികാരം) അല്ലാഹുവിനുമായിരിക്കും.

《13》 إِنَّ ٱلۡأَبۡرَارَ നിശ്ചയമായും പുണ്യവാൻമാർ, സജ്ജനങ്ങൾ لَفِى نَعِيمٍ സുഖാനുഗ്രഹത്തിൽതന്നെയായിരിക്കും 《14》 وَإِنَّ ٱلۡفُجَّارَ തോന്നിയവാസികളാകട്ടെ, ദുർജനങ്ങൾ لَفِى جَحِيمٍ ജ്വലിക്കുന്ന അഗ്നിയിലുമായിരിക്കും 《15》 يَصۡلَوۡنَهَا അവരതിൽ കടക്കും, കരിയും, ചൂടേൽക്കും يَوۡمَ ٱلدِّينِ പ്രതിഫലനടപടിയുടെ ദിവസം 《16》 وَمَا هُمۡ അവരല്ലതാനും عَنۡهَا അതുവിട്ട്, അതിൽനിന്ന് بِغَآئِبِينَ മറഞ്ഞ് (ഒഴിഞ്ഞു) പോകുന്നവർ 《17》 وَمَآ أَدۡرَىٰكَ നിനക്ക് അറിവ് തന്നതെന്ത് (എന്തറിയാം) مَا يَوۡمُ ٱلدِّينِ പ്രതിഫലനടപടിയുടെ ദിവസമെന്താണെന്ന് 《18》 ثُمَّ പിന്നെയും (വീണ്ടും) مَآ أَدۡرَىٰكَ നിനക്ക് അറിവുതന്നതെന്ത് مَا يَوۡمُ ٱلدِّينِ പ്രതിഫല നടപടിയുടെ ദിനം എന്നാലെന്തെന്ന് 《19》 يَوۡمَ لَا تَمۡلِكُ അധീനമാക്കാത്ത (ഉടമയാക്കാത്ത-സാധ്യമാകാത്ത) ദിവസം نَفۡسٌ ഒരാളും (ആത്മാവും- ദേഹവും) لِّنَفۡسٍ ഒരാൾക്ക് شَيۡـًٔا യാതൊന്നും, ഒരു കാര്യത്തിനും وَٱلۡأَمۡرُ കാര്യം, കൽപന, അധികാരം يَوۡمَئِذٍ ആ ദിവസം لِّلَّهِ അല്ലാഹുവിന്നായിരിക്കും

പ്രസ്തുത ദിനത്തിന്റെ ഗൗരവത്തിലേക്കും ഭയങ്കരതയിലേക്കും ശ്രദ്ധക്ഷണിക്കുകയാണ് 17 ഉം 18 ഉം വചനങ്ങൾ ചെയ്യുന്നത്. എല്ലാ കാര്യങ്ങളുടെയും നിയന്ത്രണവും, കൽപനാധികാരവും എക്കാലത്തും അല്ലാഹുവിന് തന്നെ.

എങ്കിലും ഐഹികജീവിതത്തിൽവെച്ച് മനുഷ്യന് കുറെയെല്ലാം ഇച്ഛാസ്വാതന്ത്ര്യ വും, കഴിവും അല്ലാഹു നൽകിയിട്ടുണ്ട്. അന്നത്തെ ദിവസത്തിൽ അതെല്ലാം മനു ഷ്യന് നിശ്ശേഷം നഷ്ടപ്പെട്ടിരിക്കും. സ്വന്തം കാര്യത്തിലാകട്ടെ, മറ്റൊരാളുടെ കാര്യ ത്തിലാകട്ടെ എന്തെങ്കിലും പ്രവർത്തിക്കുവാൻ ഒരാൾക്കും സാധ്യമല്ല. എല്ലാ കാര്യ വും, എല്ലാ അധികാരവും, എല്ലാ കൽപനയും അന്ന് അല്ലാഹുവിന് മാത്രമായി രിക്കും. അതിൽ ആർക്കും യാതൊരുവിധ പങ്കും ഉണ്ടായിരിക്കയില്ല. അന്നത്തെ ദിവസം പുണ്യവാൻമാരായ സജ്ജനങ്ങളുടെ കൂട്ടത്തിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

اللهم لك الحمد والمنة

سورة المطففين

83. സൂറത്തുൽ മുത്വഫ്ഫിഫീൻ

വചനങ്ങൾ 36

ഈ അദ്ധ്യായം മക്കഃയിൽ അവതരിച്ചതോ, മദീനഃയിൽ അവതരിച്ചതോ എന്ന വിഷയത്തിൽ ഭിന്നാഭിപ്രായമുണ്ട്. മക്കി സൂറത്തുകളിൽ അവസാനത്തെതാണെന്നും മദനീ സൂറത്തുകളിൽ ആദ്യത്തെതാണെന്നും മറ്റും വേറെയും അഭിപ്രായങ്ങളുണ്ട്. ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി ഇപ്രകാരം വന്നിരിക്കുന്നു. 'നബിﷺ മദീനഃയിൽ ചെന്നപ്പോൾ അവിടെയുള്ളവർ അളത്തത്തിൽ ഏറ്റവും അധികം മോശം വരുത്തുന്നവരായിരുന്നു. അപ്പോൾ അല്ലാഹു സൂറത്തുൽ മുത്വഫ്ഫിഫീൻ അവതരിപ്പിച്ചു. അപ്പോൾ അവർ അളത്തം നന്നാക്കി.' (ന; ജ; ബ.) ഈ ഹദീഥിൽനിന്ന് മനസ്സിലാകുന്നത് നബിﷺ മദീനഃയിൽചെന്ന ഉടനെയാണ് ഇത് അവതരിച്ചതെന്നാകുന്നു. അല്ലാഹുവിനറിയാം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَيۡلٌ لِّلۡمُطَفِّفِينَ ﴿١﴾

﴾1﴿ (അളവിൽ) കുറക്കുന്നവർക്ക് മഹാനാശം!-

ٱلَّذِينَ إِذَا ٱكۡتَالُواْ عَلَى ٱلنَّاسِ يَسۡتَوۡفُونَ ﴿٢﴾

﴾2﴿ അതായത്, യാതൊരു കൂട്ടർക്ക്: അവർ ജനങ്ങളോട് അളന്ന് വാങ്ങുന്നതായാൽ അവർ (അളവ്) പൂർത്തിയാക്കി എടുക്കും;

وَإِذَا كَالُوهُمۡ أَو وَّزَنُوهُمۡ يُخۡسِرُونَ ﴿٣﴾

﴾3﴿ അവർക്ക് (അങ്ങോട്ട്) അളന്നു കൊടുക്കുകയോ, അല്ലെങ്കിൽ തൂക്കി ക്കൊടുക്കുകയോ ചെയ്യുന്നതായാൽ അവർ (ജനങ്ങൾക്ക്) നഷ്ടം വരുത്തുകയും ചെയ്യും.

أَلَا يَظُنُّ أُوْلَٰٓئِكَ أَنَّهُم مَّبۡعُوثُونَ ﴿٤﴾

﴾4﴿ അക്കൂട്ടർ വിചാരിക്കുന്നില്ലേ,

തങ്ങൾ (മരണാനന്തരം) എഴു ന്നേൽപിക്കപ്പെടുന്നവരാണെന്ന്?-

﴾5﴿ വമ്പിച്ച ഒരു ദിവസത്തിങ്കലേക്ക്!

لِيَوْمٍ عَظِيمٍ ﴿٥﴾

﴾6﴿ (അതെ) ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റു വരുന്ന ദിവസം.

يَوْمَ يَقُومُ ٱلنَّاسُ لِرَبِّ ٱلْعَـٰلَمِينَ ﴿٦﴾

﴾1﴿ وَيْلٌ കഷ്ടം, മഹാനാശം لِلْمُطَفِّفِينَ (അളവ്) കുറക്കുന്ന (കബളിച്ചെടുക്കുന്ന)വർക്കാണ് ﴾2﴿ الَّذِينَ യാതൊരു കൂട്ടർ إِذَا اكْتَالُوا അവർ അളന്നുവാങ്ങിയാൽ عَلَى النَّاسِ ജനങ്ങളോട്, മനുഷ്യരോട് يَسْتَوْفُونَ അവർ നിറവേറ്റി (പൂർത്തിയാക്കി) എടുക്കും ﴾3﴿ وَإِذَا كَالُوهُمْ അവർ അവർക്ക് അളന്ന് കൊടുത്താൽ أَوْ وَزَنُوهُمْ അല്ലെങ്കിലവർക്ക് തൂക്കിക്കൊടുത്താൽ يُخْسِرُونَ അവർ നഷ്ടം വരുത്തും ﴾4﴿ أَلَا يَظُنُّ വിചാരി (ധരി)ക്കുന്നില്ലേ أُولَٰئِكَ അക്കൂട്ടർ أَنَّهُم مَّبْعُوثُونَ അവർ എഴുന്നേൽപിക്കപ്പെടുന്നവരാണെന്ന് ﴾5﴿ لِيَوْمٍ عَظِيمٍ ഒരു വമ്പിച്ച ദിവസത്തേക്ക്, ദിവസത്തിൽ ﴾6﴿ يَوْمَ يَقُومُ എഴുന്നേറ്റ് വരുന്ന ദിവസം النَّاسُ മനുഷ്യർ لِرَبِّ الْعَالَمِينَ ലോകരുടെ റബ്ബിങ്കലേക്ക്, ലോകരക്ഷിതാവിങ്കലേക്ക്

ജാതിമതഭേദമന്യെ എല്ലാവരും സമ്മതിക്കുന്ന ഒരു വിധിയാണ് അളത്തത്തിലും തൂക്കത്തിലും അന്യരെ കബളിപ്പിക്കുന്നത് തെറ്റാണെന്ന്. പക്ഷേ, അതേസമയത്ത് ഈ അക്രമം ജനമദ്ധ്യെ സർവ്വത്ര നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ചില ആളുകൾ ഇങ്ങോട്ട് വാങ്ങുന്നതിനും, അങ്ങോട്ട് കൊടുക്കുന്നതിനും വെവ്വേറെ അളവുതാപ്പുകളും, തൂക്കക്കട്ടികളും ഉപയോഗിക്കലും പതിവാണ്. ഈ സ്വഭാവത്തെ അല്ലാഹു എത്രമാത്രം ഗൗരവത്തോടെയാണ് വീക്ഷിക്കുന്നതെന്ന് നോക്കുക. ഒന്നാമതായി, അവർക്ക് വമ്പിച്ച നാശമാണുള്ളതെന്ന് താക്കീത് ചെയ്തു. പിന്നീട്, ക്വിയാമത്ത്നാളിൽ അവർ അല്ലാഹുവിന്റെ മുമ്പിൽ കൈകെട്ടിനിന്ന് അതിനുത്തരം പറയേണ്ടിവരുമെന്നും ശക്തിയായ ഭാഷയിൽ താക്കീത് ചെയ്തു. ഇത്തരം തോന്നിയവാസങ്ങളും അക്രമങ്ങളും ചെയ്യുന്നവർക്കുണ്ടാകുന്ന ശിക്ഷാനുഭവങ്ങളെക്കുറിച്ച് തുടർന്നുള്ള വചനങ്ങളിൽ മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. അപ്പോൾ, അല്ലാഹുവിൽ വിശ്വാസമുള്ള ഒരു വ്യക്തിയിൽനിന്ന് ഒരിക്കലും ഉണ്ടാകുവാൻ പാടില്ലാത്ത ഒരു മഹാപാതകമാണിതെന്ന് പറയേണ്ടതില്ല. എന്നാൽ, മറ്റേത് സമുദായത്തെക്കാളും ഈ പാപകൃത്യത്തിൽനിന്ന് ഒഴിവായിരിക്കേണ്ടുന്ന മുസ്‌ലിംകളുടെ ഇന്നത്തെ നില വളരെ പരിതാപകരമാകുന്നു. പലരും അതൊരു കച്ചവടസാമർത്ഥ്യമായിട്ടുപോലും കരുതി വരുന്നു! അങ്ങനെയുള്ളവർ- അവർ യഥാർത്ഥത്തിൽ സത്യവിശ്വാസികളാണെങ്കിൽ- ഈ (4 - 6 വചനങ്ങളിലെ) ഗൗരവപ്പെട്ട ചോദ്യത്തിനുള്ള മറുപടി എന്ത് പറയുമെന്ന് സ്വയം ആലോചിക്കേണ്ടതാണ്.

അളത്തത്തിലും തൂക്കത്തിലും കബളിപ്പിക്കുന്നതിനെപ്പറ്റി ഇവിടെ മാത്രമല്ല, ഒന്നിലധികം സ്ഥലങ്ങളിൽ വേറെയും അല്ലാഹു കർശനമായി നിരോധിച്ചിട്ടുള്ളത് കാണാം.

സൂറ: റഹ്മാൻ 7 -9; ശുഅറാഉ് 181 -183; അൻആം 152; ഇസ്റാഉ് 35 മുതലായവ നോക്കുക. ശുഅയ്ബ് നബി (അ) അദ്ദേഹത്തിന്റെ ജനങ്ങളോട് പ്രബോധനം ചെയ്ത ഒരു പ്രധാനവിഷയം തന്നെ അതായിരുന്നുവെന്ന് സൂറ: ശുഅറാഇലെ വചനങ്ങളിൽ കാണാവുന്നതാണ്. അത് അനുസരിക്കാതിരുന്ന ആ ജനത അനുഭവിച്ച ശിക്ഷയും പ്രസിദ്ധമാണ്. അളത്തത്തിലും തൂക്കത്തിലും മര്യാദ പാലിക്കുവാൻ കൽപിച്ചതിനെത്തുടർന്ന് സൂറത്തുൽ ഇസ്റാഇലെ ആയത്തിൽ, അത് വളരെ ഗുണകരമായതും, കൂടുതൽ നല്ല പരിണാമം ഉണ്ടാകുന്നതുമാണ് (ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا) എന്ന് അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഈ കൃത്യം പാലിക്കാതിരുന്നാൽ ഉണ്ടായേക്കാവുന്ന ഐഹികമായ കെടുതിയെപ്പറ്റി ഒരു ഹദീഥിൽ നബി ﷺ താക്കീത് ചെയ്യുന്നതും വളരെ ശ്രദ്ധേയമാകുന്നു. ഹദീഥ് ഇതാണ്:-

'അഞ്ച് കാര്യങ്ങൾക്ക്പകരം അഞ്ചുകാര്യം' എന്ന് നബി ﷺ പറയുകയുണ്ടായി. അപ്പോൾ ആരോ ചോദിച്ചു: 'എന്താണ് അഞ്ച് കാര്യത്തിന് അഞ്ചുകാര്യം എന്ന് പറഞ്ഞത്?' തിരുമേനി പറഞ്ഞു: 'ഏതൊരു ജനതയും വാഗ്ദത്തം ലംഘിക്കുന്നതായാൽ അല്ലാഹു അവരിൽ അവരുടെ ശത്രുവിന് അധികാരം നൽകാതിരിക്കയില്ല; അല്ലാഹു അവതരിപ്പിച്ചതല്ലാതെ നിയമപ്രകാരം അവർ വിധി നടത്തുന്നതായാൽ അവരിൽ ദാരിദ്ര്യം പരക്കാതിരിക്കയുമില്ല; അവരിൽ നീചവൃത്തി പരസ്യമായിത്തീർന്നാൽ അവരിൽ മരണം പരക്കാതിരിക്കയില്ല; അവർ അളവ് കുറക്കുന്നതായാൽ അവർക്ക് ഉൽപ്പാദനം (വിളവ്) തടയപ്പെടുകയും, ക്ഷാമം പിടിപെടുകയും ചെയ്യാതിരിക്കയില്ല; അവർ സക്കാത്ത് മുടക്കുന്നപക്ഷം അവർക്ക് മഴ തടസ്സം ചെയ്യപ്പെടാതിരിക്കയില്ല.' (ഹാ; ത്വ.) അൽപം തുറന്ന മനസ്സോടെ ചിന്തിച്ചുനോക്കുന്ന ഏവർക്കും ഈ നബി വചനത്തിന്റെ പുലർച്ച കണ്ടറിയുവാൻ പ്രയാസമില്ലതന്നെ.

كَلَّآ إِنَّ كِتَـٰبَ ٱلْفُجَّارِ لَفِى سِجِّينٍ ﴿٧﴾

《7》 വേണ്ട! നിശ്ചയമായും തോന്നിയവാസികളുടെ ഗ്രന്ഥം 'സിജ്ജീനി'ൽ തന്നെയായിരിക്കും.

وَمَآ أَدْرَىٰكَ مَا سِجِّينٌ ﴿٨﴾

《8》 'സിജ്ജീൻ' എന്നാലെന്താണെന്ന് നിനക്ക് എന്തറിവാണുള്ളത്?!

كِتَـٰبٌ مَّرْقُومٌ ﴿٩﴾

《9》 ലിഖിതം ചെയ്യപ്പെട്ട ഒരു ഗ്രന്ഥമത്രെ (അത്).

《7》 كَلَّا വേണ്ട, അങ്ങനെയല്ല إِنَّ كِتَابَ നിശ്ചയമായും ഗ്രന്ഥം الْفُجَّارِ തോന്നിയവാസികളുടെ (ദുർജനങ്ങളുടെ) لَفِي سِجِّينٍ സിജ്ജീനിൽതന്നെ 《8》 وَمَا أَدْرَاكَ നിനക്ക് അറിയിച്ചതെന്താണ് (എന്തറിവാണുള്ളത്) مَاسِجِّينٌ സിജ്ജീൻ എന്തെന്ന് 《9》 كِتَابٌ ഒരു ഗ്രന്ഥമാണ് مَرْقُومٌ ലിഖിതം ചെയ്യപ്പെട്ട, എഴുതപ്പെട്ട

'സിജ്ജീൻ' എന്നതുകൊണ്ട് എന്താണെന്ന് സൂക്ഷ്മമായി പറയുവാൻ നമുക്ക് അറിഞ്ഞുകൂടാ. ദുർമാർഗികളുടെ കർമങ്ങൾ രേഖപ്പെടുത്തിയ ഏടുകളെല്ലാം ഉൾക്കൊള്ളുന്ന

ഒരു കേന്ദ്രമാണെന്നും, നരകം തന്നെയാണെന്നും മറ്റും പറയപ്പെട്ടിരിക്കുന്നു. അല്ലാഹു വിനറിയാം. അത് എന്താണെന്ന് നിനക്ക് എന്തറിവാണുള്ളത് എന്ന ചോദ്യം അതിന്റെ ഭയങ്കരതയും ഗൗരവവും ചൂണ്ടിക്കാട്ടുകയാണ്. 9 -ാം വചനം 'സിജ്ജീനി'ന്റെ ഒരു നിർവ്വചനമായിട്ടല്ല. ആ ഗ്രന്ഥത്തിന്റെ ഒരു വിവരണമായിട്ടാണുള്ളത്. എല്ലാം ലിഖിതം ചെയ്തു രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഒന്നാണത് എന്ന് സാരം.

وَيۡلٞ يَوۡمَئِذٖ لِّلۡمُكَذِّبِينَ ﴿١٠﴾

﴾10﴿ വ്യാജമാക്കുന്നവർക്ക് അന്നത്തെ ദിവസം മഹാനാശം!

ٱلَّذِينَ يُكَذِّبُونَ بِيَوۡمِ ٱلدِّينِ ﴿١١﴾

﴾11﴿ അതായത്, പ്രതിഫലനടപടിയുടെ ദിവസത്തെ വ്യാജമാക്കുന്നവർക്ക്

وَمَا يُكَذِّبُ بِهِۦٓ إِلَّا كُلُّ مُعۡتَدٍ أَثِيمٍ ﴿١٢﴾

﴾12﴿ മഹാപാപിയായ എല്ലാ അതിരുവിട്ടവനുമല്ലാതെ അതിനെ വ്യാജമാക്കുകയില്ലതാനും.

إِذَا تُتۡلَىٰ عَلَيۡهِ ءَايَٰتُنَا قَالَ أَسَٰطِيرُ ٱلۡأَوَّلِينَ ﴿١٣﴾

﴾13﴿ അവന് നമ്മുടെ 'ആയത്ത്' [ലക്ഷ്യം]കൾ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ അവൻ പറയും: 'പൂർവ്വികൻമാരുടെ ഐതിഹ്യങ്ങളാണ് (ഇതൊക്കെ)' എന്ന്.

﴾10﴿ وَيۡلٞ يَوۡمَئِذٖ അന്ന് മഹാനാശം لِّلۡمُكَذِّبِينَ വ്യാജമാക്കുന്നവർക്കാണ് ﴾11﴿ ٱلَّذِينَ يُكَذِّبُونَ അതായത് വ്യാജമാക്കുന്നവർക്ക് بِيَوۡمِ ٱلدِّينِ പ്രതിഫല നടപടിയുടെ ദിവസത്തെ ﴾12﴿ وَمَا يُكَذِّبُ بِهِ അതിനെ വ്യാജമാക്കയില്ലതാനും إِلا كُلُّ مُعۡتَدٍ എല്ലാ അതിരുവിട്ടവനു (അതിക്രമിയു)മല്ലാതെ أَثِيمٍ (മഹാ) പാപിയായ ﴾13﴿ إِذَا تُتۡلَىٰ عَلَيۡهِ അവന് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ آيَاتُنَا നമ്മുടെ ആയത്തുകൾ قَالَ അവൻ പറയും أَسَاطِيرُ ഐതിഹ്യം- പുരാണം (പഴങ്കഥ)കളാണ് الأَوَّلِينَ പൂർവ്വൻമാരുടെ, ആദ്യത്തവരുടെ

എല്ലാ കാലത്തും- ഈ കാലത്ത് കൂടുതലും- അനുഭവത്തിൽ കണ്ടുവരുന്ന ഒരു സമ്പ്രദായമാണിത്. അല്ലാഹു നിശ്ചയിച്ച നിയമാതിർത്തികളും, ധാർമിക നിയമങ്ങളും അതിലംഘിച്ചുകൊണ്ട് പാപകരവും കുറ്റകരവുമായ ദുർവൃത്തികളിൽ മുഴുകിയവർ വേദവാക്യങ്ങളും മതലക്ഷ്യങ്ങളും കേൾക്കുമ്പോൾ, 'അത് പഴഞ്ചനാണ്, ഐതിഹ്യമാണ്, പിന്തിരിപ്പനാണ്' എന്നിത്യാദി വാക്കുകൾ പറഞ്ഞു പരിഹസിച്ചു തൃപ്തി അടയുക. ഇതിനുള്ള കാരണം അടുത്ത വചനത്തിൽ നിന്ന് മനസ്സിലാക്കാം:-

كَلَّا ۖ بَلْ ۜ رَانَ عَلَىٰ قُلُوبِهِم مَّا كَانُوا۟ يَكْسِبُونَ ﴿١٤﴾

《14》 അങ്ങനെയല്ല; പക്ഷേ, അവർ (പ്രവർത്തിച്ചു) സമ്പാദിച്ചു കൊണ്ടിരിക്കുന്നത് അവരുടെ ഹൃദയ ങ്ങളിൽ കറപിടിച്ചിരിക്കുന്നു.

كَلَّآ إِنَّهُمْ عَن رَّبِّهِمْ يَوْمَئِذٍ لَّمَحْجُوبُونَ ﴿١٥﴾

《15》 വേണ്ട! നിശ്ചയമായും, അന്നത്തെ ദിവസം അവർ തങ്ങളുടെ റബ്ബിൽനിന്നും മറയിടപ്പെടുന്നവര ത്രെ.

ثُمَّ إِنَّهُمْ لَصَالُوا۟ ٱلْجَحِيمِ ﴿١٦﴾

《16》 പിന്നെ, നിശ്ചയമായും, അവർ ജ്വലിക്കുന്ന അഗ്നിയിൽ കടന്നു കരിയുന്നവർ തന്നെ.

ثُمَّ يُقَالُ هَـٰذَا ٱلَّذِى كُنتُم بِهِۦ تُكَذِّبُونَ ﴿١٧﴾

《17》 പിന്നെ, (അവരോട്) പറയ പ്പെടും: 'ഇതത്രെ, നിങ്ങൾ വ്യാജമാ ക്കിക്കൊണ്ടിരുന്നത്.'

《14》 كَلَّا അങ്ങനെയല്ല, വേണ്ട بَلْ رَانَ പക്ഷേ (എങ്കിലും) കറപിടിച്ചിരിക്കുന്നു عَلَىٰ قُلُوبِهِم അവരുടെ ഹൃദയങ്ങളിൽ مَا كَانُوا അവരായിരുന്നത് يَكْسِبُونَ സമ്പാദിക്കും, പ്രവർത്തിച്ചുണ്ടാക്കും 《15》 كَلَّا വേണ്ട, അതല്ല إِنَّهُمْ നിശ്ചയമായും അവർ عَن رَّبِّهِمْ തങ്ങളുടെ റബ്ബിൽനിന്ന് يَوْمَئِذٍ അന്നത്തെ ദിവസം لَمَحْجُوبُونَ മറയിട(മറക്ക)പ്പെട്ട വർതന്നെ 《16》 ثُمَّ إِنَّهُمْ പിന്നെ നിശ്ചയമായും അവർ لَصَالُوا കടക്കുന്ന (കരിയുന്ന)വർ തന്നെ الْجَحِيمِ ജ്വലിക്കുന്ന അഗ്നിയിൽ 《17》 ثُمَّ يُقَالُ പിന്നെ പറയപ്പെടും هَـٰذَا الَّذِي ഇത ത്രെ, യാതൊന്ന് كُنتُم بِهِ അതിനെ നിങ്ങളായിരുന്നു تُكَذِّبُونَ വ്യാജമാക്കും

അബൂഹുറയ്റഃ (റ)യിൽനിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: 'ഒരു അടിയാൻ ഒരു പാപം ചെയ്താൽ അത് അവന്റെ ഹൃദയത്തിൽ ഒരു കറുത്ത പുള്ളിയായിത്തീരും. അതിൽനിന്ന് അവൻ പശ്ചാത്തപിച്ചു മടങ്ങിയാൽ അത് അവന്റെ ഹൃദയം തുടച്ച് നന്നാക്കുകയും ചെയ്യും. പാപം വർദ്ധിച്ചാൽ അതും (കറുപ്പും) വർദ്ധിക്കും. അതാണ് അല്ലാഹു ഇങ്ങനെ പ്രസ്താവിക്കുന്നതെന്ന് പറഞ്ഞുംകൊണ്ട് നബിﷺ പതിനാലാം വചനം ഓതുകയുണ്ടായി' (ജ; തി; ന.) പാപങ്ങൾ വർദ്ധിക്കും തോറും ഹൃദയം കറപിടിക്കുകയും. അങ്ങനെ അതിലേക്ക് നല്ലതൊന്നും പ്രവേശിക്കാതാവുകയും ചെയ്യുന്നു, പശ്ചാത്താപമാണ് ഈ കറ നീക്കുവാനുള്ള ഏക ഔഷധം എന്നത്രെ ഹദീഥിന്റെ സാരം.

അന്ന് ദുർജനങ്ങൾ തങ്ങളുടെ റബ്ബിൽനിന്നും ഭയപ്പെട്ടവരായിരിക്കുമെന്ന് 15 -ാം വചനത്തിൽ പ്രസ്താവിച്ചുവല്ലോ. ഇതിൽനിന്ന് സജ്ജനങ്ങൾക്ക് അല്ലാഹുവിനെ ദർശിക്കുവാൻ കഴിയുമെന്ന് വ്യക്തമാകുന്നു. ദുർജനങ്ങളോട് അല്ലാഹുവിനുള്ള വെറുപ്പും കോപവുമാണ് ആ മഹാഭാഗ്യം അവർക്ക് സിദ്ധിക്കാതിരിക്കുവാൻ കാരണം. സജ്ജന

ങ്ങൾ അല്ലാഹുവിനെ ദർശിക്കുന്നതിനെപ്പറ്റി സൂഃ ഖിയാമഃ 22 ഉം, 23 ഉം വചനങ്ങളിൽ വായിച്ചത് ഓർക്കുക. അടുത്ത വചനങ്ങളിൽ സജ്ജനങ്ങളുടെ ഗ്രന്ഥത്തെക്കുറിച്ച് പ്രസ്താവിക്കുന്നു:-

كَلَّآ إِنَّ كِتَٰبَ ٱلْأَبْرَارِ لَفِى عِلِّيِّينَ ﴿١٨﴾

﴿18﴾ വേണ്ട! നിശ്ചയമായും പുണ്യവാൻമാരുടെ ഗ്രന്ഥം 'ഇല്ലിയ്യീനി'ൽ തന്നെയായിരിക്കും.

وَمَآ أَدْرَىٰكَ مَا عِلِّيُّونَ ﴿١٩﴾

﴿19﴾ 'ഇല്ലിയ്യൂൻ' എന്നാൽ എന്താണെന്ന് നിനക്ക് എന്തറിവാണുള്ളത്?!

كِتَٰبٌ مَّرْقُومٌ ﴿٢٠﴾

﴿20﴾ ലിഖിതം ചെയ്യപ്പെട്ട ഒരു ഗ്രന്ഥമത്രെ (അത്).

يَشْهَدُهُ ٱلْمُقَرَّبُونَ ﴿٢١﴾

﴿21﴾ അതിന്റെ അടുക്കൽ (അല്ലാഹുവിങ്കൽ) സാമീപ്യം സിദ്ധിച്ചവർ സന്നിഹിതരാകുന്നതാണ്.

﴿18﴾ كَلَّا വേണ്ടാ إِنَّ كِتَابَ നിശ്ചയമായും ഗ്രന്ഥം الْأَبْرَارِ പുണ്യവാൻമാരുടെ, സജ്ജനങ്ങളുടെ لَفِي عِلِّيِّينَ ഇല്ലിയ്യീനിൽതന്നെ ﴿19﴾ وَمَا أَدْرَاكَ നിനക്ക് എന്തറിവാണുള്ളത് مَا عِلِّيُّونَ 'ഇല്ലിയ്യൂൻ' എന്തെന്ന് ﴿20﴾ كِتَابٌ ഒരു ഗ്രന്ഥമാണ് مَرْقُومٌ ലിഖിതം (ചെയ്യ) പ്പെട്ട ﴿21﴾ يَشْهَدُهُ അതിങ്കൽ സന്നിഹിതരാകും, ഹാജരാകുന്നു, അതിനെ കാണുന്നു الْمُقَرَّبُونَ സാമീപ്യം നൽകപ്പെട്ടവർ

'സിജ്ജീനെ'ക്കുറിച്ച് മുമ്പുപറഞ്ഞതുപോലെത്തന്നെ'ഇല്ലിയ്യീനെ'ക്കുറിച്ചും സൂക്ഷ്മമായി നമുക്കൊന്നും അറിഞ്ഞുകൂട. സ്വർഗമാണെന്നും, വളരെ ഉന്നതവും ശ്രേഷ്ഠവുമായ ഒരു പ്രത്യേകസ്ഥാനമാണെന്നും മറ്റും പറയപ്പെടുന്നു. അതിന്റെ അടുക്കൽ അല്ലാഹുവിങ്കൽ സാമീപ്യം സിദ്ധിച്ചവർ- അഥവാ സ്ഥാനികളായ മലക്കുകൾ- സന്നിഹിതരായിരിക്കുമെന്ന് പറഞ്ഞത് സജ്ജനങ്ങളുടെ ഗ്രന്ഥങ്ങൾക്ക് അല്ലാഹുവിങ്കലുള്ള ആദരണീയസ്ഥാനമാണ് ചൂണ്ടിക്കാട്ടുന്നത്.

إِنَّ ٱلْأَبْرَارَ لَفِى نَعِيمٍ ﴿٢٢﴾

﴿22﴾ നിശ്ചയമായും പുണ്യവാൻമാർ സുഖാനുഗ്രഹങ്ങളിൽതന്നെയായിരിക്കും.

عَلَى ٱلْأَرَآئِكِ يَنظُرُونَ ﴿٢٣﴾

﴿23﴾ സോഫ അലംകൃതകട്ടിലുകളിലായി അവർ നോക്കിക്കണ്ടുകൊണ്ടിരിക്കും.

تَعۡرِفُ فِي وُجُوهِهِمۡ نَضۡرَةَ ٱلنَّعِيمِ ﴿٢٤﴾

﴾24﴿ അവരുടെ മുഖങ്ങളിൽ സുഖാനുഗ്രഹത്തിന്റെ ഓജസ്സ് നിനക്ക് (കണ്ട്) അറിയാവുന്നതാണ്.

يُسۡقَوۡنَ مِن رَّحِيقٖ مَّخۡتُومٍ ﴿٢٥﴾

﴾25﴿ മുദ്രവെക്കപ്പെട്ട ശുദ്ധമായ കള്ളിൽനിന്ന് അവർക്ക് കുടിപ്പാൻ നൽകപ്പെടും.

خِتَٰمُهُۥ مِسۡكٞۚ وَفِي ذَٰلِكَ فَلۡيَتَنَافَسِ ٱلۡمُتَنَٰفِسُونَ ﴿٢٦﴾

﴾26﴿ അതിന്റെ മുദ്രണം കസ്തൂരിയായിരിക്കും. കിടമൽസരം നടത്തുന്നവർ അതിൽ കിടമൽസരം നടത്തട്ടെ!

وَمِزَاجُهُۥ مِن تَسۡنِيمٍ ﴿٢٧﴾

﴾27﴿ അതിന്റെ ചേരുവ 'തസ്നീം' കൊണ്ടായിരിക്കും.

عَيۡنٗا يَشۡرَبُ بِهَا ٱلۡمُقَرَّبُونَ ﴿٢٨﴾

﴾28﴿ എന്നുവെച്ചാൽ (അല്ലാഹുവിങ്കൽ) സാമീപ്യം സിദ്ധിച്ചവർ കുടി(ച്ചാസ്വദി)ക്കുന്ന ഒരു ഉറവു ജലം!

﴾22﴿ إِنَّ الْأَبْرَارَ നിശ്ചയമായും പുണ്യവാൻമാർ لَفِي نَعِيمٍ സുഖാനുഗ്രഹത്തിൽ തന്നെയായിരിക്കും ﴾23﴿ عَلَى الْأَرَائِكِ അലംകൃതകട്ടിലു (സോഫ)കളിലായി يَنظُرُونَ അവർ നോക്കും ﴾24﴿ تَعْرِفُ നീ അറിയും, നിനക്ക് മനസ്സിലാകും فِي وُجُوهِهِمْ അവരുടെ മുഖങ്ങളിൽ نَضْرَةَ ശോഭ (പ്രസന്നത), അഴക്, ഓജസ് النَّعِيمِ സുഖാനുഗ്രഹത്തിന്റെ ﴾25﴿ يُسْقَوْنَ അവർക്ക് കുടിപ്പിക്കപ്പെടും مِن رَّحِيقٍ തനി (ശുദ്ധ) പാനീയത്തിൽ (കള്ളിൽ) നിന്ന് مَّخْتُومٍ മുദ്രവെക്കപ്പെട്ട ﴾26﴿ خِتَامُهُ അതിന്റെ മുദ്രണം مِسْكٌ കസ്തൂരിയായിരിക്കും وَفِي ذَٰلِكَ അതിൽ فَلْيَتَنَافَسِ കിടമൽസരം (അസൂയ) നടത്തിക്കൊള്ളട്ടെ الْمُتَنَافِسُونَ കിടമൽസരം നടത്തുന്നവർ ﴾27﴿ وَمِزَاجُهُ അതിന്റെ കലർപ്പ് (ചേരുവ) مِن تَسْنِيمٍ തസ്നീം കൊണ്ടായിരിക്കും ﴾28﴿ عَيْنًا ഒരു ഉറവുജലം يَشْرَبُ بِهَا അത് കുടിക്കും الْمُقَرَّبُونَ സാമീപ്യം സിദ്ധിച്ചവർ

ഉയർന്നതരം പാനീയങ്ങൾ കുപ്പികളിലോ മറ്റോ ആക്കിയശേഷം വല്ലതും പുറത്തു പോകുകയോ, ഉള്ളിൽ പ്രവേശിക്കുകയോ ചെയ്യാതിരിക്കുവാൻ വേണ്ടി അത് അരക്കിട്ട് മുദ്രവെച്ച് ഭദ്രമാക്കാറുണ്ടല്ലോ. അതുപോലെ സ്വർഗത്തിൽവെച്ച് അവർക്ക് നൽകപ്പെടുന്ന പാനീയങ്ങളും മുദ്രവെക്കപ്പെട്ടിരിക്കും. പക്ഷേ, സ്വർഗത്തിലെ കസ്തൂരികൊണ്ടായിരിക്കും അവ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നത്. ആ പാനീയത്തിൽ 'തസ്നീമാ'കുന്ന ചേരുവ കലർത്തപ്പെട്ടുമിരിക്കും. അല്ലാഹുവിങ്കൽ പ്രത്യേക സാമീപ്യസ്ഥാനം സിദ്ധിച്ചവർക്ക് കുടിച്ച് ആസ്വദിക്കുവാനുള്ള ഒരു ഉയർന്നതരം ഉറവുജലമത്രെ തസ്നീം. മേൽ

പ്രസ്താവിച്ചതുപോലെയുള്ള അത്യുന്നത സുഖസൗകര്യങ്ങളോട് കൂടിയ ശാശ്വത സ്വർഗീയജീവിതം ലഭിക്കുവാനല്ലേ, മനുഷ്യർ കിടമൽസരവും, അശ്രാന്തപരിശ്രമവും നടത്തേണ്ടത്?! അതിനാഗ്രഹിക്കുന്നവർ അതിന് മുമ്പോട്ടുവരട്ടെ. എന്നിങ്ങനെ ജനങ്ങളെ ആവേശഭരിതരാക്കുന്നതാണ് ഈ വചനങ്ങൾ.

إِنَّ ٱلَّذِينَ أَجْرَمُوا۟ كَانُوا۟ مِنَ ٱلَّذِينَ ءَامَنُوا۟ يَضْحَكُونَ ﴿٢٩﴾

﴾29﴿ നിശ്ചയമായും കുറ്റം പ്രവർത്തിച്ചവർ വിശ്വസിച്ചവരെക്കുറിച്ച് ചിരിച്ചുകൊണ്ടിരിക്കുമായിരുന്നു.

وَإِذَا مَرُّوا۟ بِهِمْ يَتَغَامَزُونَ ﴿٣٠﴾

﴾30﴿ അവർ അവരുടെ അരികെ നടന്നുപോകുമ്പോൾ അവർ പരസ്പരം കണ്ണിട്ട് (ഗോഷ്ടി) കാണിക്കുകയും ചെയ്തിരുന്നു.

وَإِذَا ٱنقَلَبُوٓا۟ إِلَىٰٓ أَهْلِهِمُ ٱنقَلَبُوا۟ فَكِهِينَ ﴿٣١﴾

﴾31﴿ തങ്ങളുടെ സ്വന്തക്കാരുടെ അടുക്കലേക്ക് തിരിച്ചു ചെല്ലുമ്പോൾ അവർ രസിച്ചു (സംതൃപ്തരായി) ക്കൊണ്ട് തിരിച്ചുചെല്ലുകയും ചെയ്തിരുന്നു.

وَإِذَا رَأَوْهُمْ قَالُوٓا۟ إِنَّ هَٰٓؤُلَآءِ لَضَآلُّونَ ﴿٣٢﴾

﴾32﴿ അവർ അവരെ കാണുമ്പോൾ പറയുകയും ചെയ്യും; 'നിശ്ചയമായും ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെ' എന്ന്.

وَمَآ أُرْسِلُوا۟ عَلَيْهِمْ حَٰفِظِينَ ﴿٣٣﴾

﴾33﴿ അവരുടെ [സത്യവിശ്വാസികളുടെ]മേൽ (നോട്ടം ചെയ്യുന്ന) സൂക്ഷിപ്പുകാരായി അവർ നിയോഗിക്കപ്പെട്ടിട്ടില്ലതാനും.

﴾29﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ أَجْرَمُوا കുറ്റം (തെറ്റ്) ചെയ്ത كَانُوا അവരായിരുന്നു مِنَ الَّذِينَ آمَنُوا വിശ്വസിച്ചവരെക്കുറിച്ച് يَضْحَكُونَ ചിരിക്കും **﴾30﴿** وَإِذَا مَرُّوا അവർ നടന്നാൽ بِهِمْ അവരിൽകൂടി, അരികെ يَتَغَامَزُونَ അവർ കണ്ണിട്ട് (ആംഗ്യം- ഗോഷ്ടി) കാണിക്കും **﴾31﴿** وَإِذَا انْقَلَبُوا അവർ തിരിച്ചു (മടങ്ങി) ചെന്നാൽ إِلَى أَهْلِهِمُ അവരുടെ സ്വന്ത(കൂട്ട)ക്കാരിലേക്ക് انْقَلَبُوا അവർ തിരിച്ചു ചെല്ലും فَكِهِينَ രസിക്കുന്നവരായിട്ട് **﴾32﴿** وَإِذَا رَأَوْهُمْ അവർ അവരെ കണ്ടാൽ قَالُوا അവർ പറയും إِنَّ هَؤُلَاءِ നിശ്ചയമായും ഇക്കൂട്ടർ لَضَالُّونَ വഴിപിഴച്ചവർതന്നെ **﴾33﴿** وَمَا أُرْسِلُوا അവർ അയക്ക (നിയോഗിക്ക)പ്പെട്ടിട്ടുമില്ല عَلَيْهِمْ അവരുടെ മേൽ (നോട്ടത്തിന്) حَافِظِينَ സൂക്ഷിപ്പുകാരായി,

കാക്കുന്നവരായിട്ട്

ക്വുർആൻ അവതരിച്ചുകൊണ്ടിരുന്ന കാലത്തെ മുശ്‌രിക്കുകൾ മുസ്‌ലിംകൾക്കെതിരിൽ അനുവർത്തിച്ചുവന്നിരുന്നതും, ഇസ്‌ലാമിന്റെ എതിരാളികളിൽ പലപ്പോഴും കാണപ്പെടുന്നതുമായ ചില സ്വഭാവങ്ങളാണ് ഇവിടെ അല്ലാഹു എടുത്തു പറയുന്നത്. മുസ്‌ലിംകളെക്കുറിച്ച് പുച്ഛിച്ചു ചിരിക്കുക, കണ്ണുകൊണ്ടും മറ്റും ഗോഷ്ടിയും ആംഗ്യവും കാട്ടി പരിഹസിക്കുക, സ്വന്തം ആൾക്കാരുടെ അടുക്കൽ ചെല്ലുമ്പോൾ അതിൽ ദുരഭിമാനം കൊള്ളുകയും ചെയ്യുക, പിഴച്ചവരെന്നും കൊള്ളരുതാത്തവരെന്നും അവരെപ്പറ്റി വിധികൽപിച്ച് സ്വയം തൃപ്തരാകുക മുതലായവ. അമുസ്‌ലിംകളിൽ മാത്രമല്ല, ഉൽബുദ്ധരെന്നും പുരോഗമനവാദികളെന്നും ആധുനികവാദികളെന്നുമൊക്കെ സ്വയം അഭിമാനിച്ചുകൊണ്ട് മതമൂല്യങ്ങളെയും ഇസ്‌ലാമിക സംസ്കാരങ്ങളെയും പുച്ഛമാക്കിത്തള്ളുന്ന മുസ്‌ലിം നാമധാരികളിലും ഇത്തരം സ്വഭാവം വിരളമല്ല. അല്പം ഇസ്‌ലാമികബോധവും മതനിഷ്ഠയുമുള്ളവരോടായിരിക്കും ഇവരുടെ വെറുപ്പും പരിഹാസവും കൂടുതൽ പ്രകടമാക്കുക

ഇതെല്ലാം കാണുമ്പോൾ, സത്യവിശ്വാസികളുടെ കാര്യങ്ങൾ പരിശോധിക്കുവാനും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് മേലന്വേഷണം നടത്തുവാനും അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടവരാണ് അവരെന്ന് തോന്നിയേക്കും. അതില്ലെന്ന് തീർച്ചതന്നെ. ആ സ്ഥിതിക്ക് പിന്നെ എന്തിനാണ് സത്യവിശ്വാസികളെ ഗുണദോഷിക്കുവാനും പരിഹസിക്കുവാനും അവൻ മിനക്കെടുന്നത്? എന്നൊക്കെയാണ് 33 -ാം വചനത്തിൽ അല്ലാഹു സൂചിപ്പിക്കുന്നത്. ഈ ജീവിതത്തിൽ തങ്ങളുടെ വൈരികളിൽനിന്ന് സത്യവിശ്വാസികൾ ഇങ്ങനെയുള്ള അനുഭവങ്ങൾ പലതും സഹിക്കേണ്ടിവന്നേക്കാമെങ്കിലും പരലോകത്തുവെച്ചുള്ള അനുഭവം മറിച്ചായിരിക്കുമെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു;-

فَٱلْيَوْمَ ٱلَّذِينَ ءَامَنُوا۟ مِنَ ٱلْكُفَّارِ يَضْحَكُونَ ﴿٣٤﴾

《34》 എന്നാൽ അന്ന് [ക്വിയാമത്ത് നാളിൽ] വിശ്വസിച്ചിട്ടുള്ളവർ അവിശ്വാസികളെക്കുറിച്ച് ചിരിക്കുന്നതാണ്.

عَلَى ٱلْأَرَآئِكِ يَنظُرُونَ ﴿٣٥﴾

《35》 സോഫ [അലങ്കൃതകട്ടിലു]കളിലായി അവർ നോക്കിക്കണ്ടുകൊണ്ടിരിക്കും.

هَلْ ثُوِّبَ ٱلْكُفَّارُ مَا كَانُوا۟ يَفْعَلُونَ ﴿٣٦﴾

《36》 അവിശ്വാസികൾക്ക് അവർ ചെയ്തുകൊണ്ടിരുന്നതിന് പ്രതിഫലം നൽകപ്പെട്ടുവോ?!

《34》 فَالْيَوْمَ എന്നാൽ അന്ന് الَّذِينَ آمَنُوا വിശ്വസിച്ചവർ مِنَ الْكُفَّارِ അവിശ്വാസികളെപ്പറ്റി يَضْحَكُونَ ചിരിക്കുന്നതാണ് 《35》 عَلَى الْأَرَائِكِ അലങ്കൃതകട്ടിലുകളിലായി يَنظُرُونَ അവർ നോക്കും 《36》 هَلْ ثُوِّبَ പ്രതിഫലം നൽകപ്പെട്ടുവോ الْكُفَّارُ അവി

ശിക്ഷാസികൾക്ക് مَا كَانُوا അവരായിരുന്നതിന് يَفْعَلُونَ ചെയ്യും

അതെ, അവർക്ക് ലഭിക്കുന്ന പ്രതിഫലങ്ങൾ മേൽവിവരിച്ച പ്രകാരമായിരിക്കെ, ആ പ്രതിഫലം ലഭിക്കുന്നതോടുകൂടി യഥാർത്ഥത്തിൽ അവർ അർഹിക്കുന്നതും അവർക്ക് അനുയോജ്യവുമായ പ്രതിഫലം അവർക്ക് കിട്ടിക്കഴിഞ്ഞുവെന്നതിൽ ഒട്ടും സംശയമില്ല.

جعلنا الله من عباد الصالحين الابرار وله الحمد والمنة

سورة الانشقاق

84. സൂറതുൽ ഇൻശിക്വാക്വ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 25

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِذَا ٱلسَّمَآءُ ٱنشَقَّتۡ ﴿١﴾

《1》 ആകാശം പിളരുമ്പോൾ!

وَأَذِنَتۡ لِرَبِّهَا وَحُقَّتۡ ﴿٢﴾

《2》 അത് അതിന്റെ റബ്ബിന് ചെവികൊടുക്കുക [കൽപനക്ക് കീഴൊതുങ്ങുക]യും (ചെയ്യുമ്പോൾ)! അത് (അതിന്) കടമപ്പെട്ടിരിക്കുന്നുതാനും.

وَإِذَا ٱلۡأَرۡضُ مُدَّتۡ ﴿٣﴾

《3》 ഭൂമി (പരത്തി) നീട്ടപ്പെടുകയും ചെയ്യുമ്പോൾ!

وَأَلۡقَتۡ مَا فِيهَا وَتَخَلَّتۡ ﴿٤﴾

《4》 അതിലുള്ളതിനെ അത് (വെളിക്ക്) ഇടുകയും, അത് ഒഴിവായിത്തീരുകയും (ചെയ്യുമ്പോൾ)!

وَأَذِنَتۡ لِرَبِّهَا وَحُقَّتۡ ﴿٥﴾

《5》 അത് അതിന്റെ റബ്ബിന് ചെവികൊടുക്കുക [കൽപനക്ക് കീഴൊതുങ്ങുക]യും (ചെയ്യുമ്പോൾ)! അത് (അതിന്) കടമപ്പെട്ടിരിക്കുന്നുതാനും.

《1》 إِذَاالسَّمَاءُ ആകാശം ആകുമ്പോൾ (ആയാൽ) انْشَقَّتْ അത് പിളരുക, പൊട്ടിക്കീറുക 《2》 وَأَذِنَتْ അത് ചെവികൊടുക്കുക (കീഴ്പ്പെടുക- അനുസരിക്കുക)യും لِرَبِّهَا അതിന്റെ റബ്ബിന് وَحُقَّتْ അത് കടമപ്പെടും (അവകാശപ്പെടുക)യും ചെയ്തിരിക്കുന്നു. 《3》 وَإِذَاالأَرْضُ ഭൂമി ആകുമ്പോൾ (ആയാൽ) مُدَّتْ അത് നീട്ട(പരത്തി വിശാലമാക്ക)പ്പെടുക 《4》 وَأَلْقَتْ അത് ഇടുകയും مَافِيهَا അതിലുള്ളത് وَتَخَلَّتْ അത് ഒഴിവാകുക

(കാലിയാകുക)യും ﴾5﴿ وَأَذِنَتْ അത് ചെവികൊടുക്കുകയും لِرَبِّهَا അതിന്റെ റബ്ബിന് وَحُقَّتْ അത് കടമപ്പെടുകയും ചെയ്തിരിക്കുന്നു

അതെ, ഇതെല്ലാം സംഭവിക്കുന്ന ആ അതിഗൗരവ ഘട്ടത്തിലാണ് പുനരുത്ഥാനവും, തുടർന്നുള്ള രക്ഷാശിക്ഷാ നടപടി മുതലായവയും സംഭവിക്കുന്നത് എന്ന് താൽപര്യം. ആകാശം പൊട്ടിപ്പിളരുക, ഭൂമി നിരത്തിപരപ്പാക്കുക, ലോകാരംഭം മുതൽക്കുള്ള മനുഷ്യരടക്കം ഭൂമി ഉൾക്കൊള്ളുന്ന വസ്തുക്കളെയെല്ലാം വെളിക്ക് കൊണ്ടുവരുക മുതലായവ അന്നത്തെ സംഭവവികാസങ്ങളാണെന്ന് ഇതിനുമുമ്പുള്ള സൂറത്തുകളിൽ പലപ്പോഴും പ്രസ്താവിക്കപ്പെട്ടതാണ്. ആകാശവും ഭൂമിയും എത്രയോ വൻസൃഷ്ടികളാണെങ്കിലും അല്ലാഹുവിന്റെ കൽപന വരുമ്പോൾ അവ ആ കൽപനക്ക് പൂർണമായും വിധേയമാകുന്നു. കൽപന അവയിൽ നടപ്പാകുവാൻ യാതൊരു തടസ്സവും ഉണ്ടായിരിക്കയില്ല. ഉണ്ടാകുവാൻ അവകാശവുമില്ല. എല്ലാം അവന്റെ സൃഷ്ടിയും, അവന്റെ ഉദ്ദേശമനുസരിച്ച് മാത്രം നിലനിന്നുവരുന്നതുമാണല്ലോ.

يَـٰٓأَيُّهَا ٱلْإِنسَـٰنُ إِنَّكَ كَادِحٌ إِلَىٰ رَبِّكَ كَدْحًا فَمُلَـٰقِيهِ ﴿٦﴾

﴾6﴿ ഹേ, മനുഷ്യാ, നിശ്ചയമായും നീ, നിന്റെ റബ്ബിങ്കലേക്ക് (തീവ്രമായ) അദ്ധ്വാനം അദ്ധ്വാനിച്ചു കൊണ്ടിരിക്കുന്നതാണ്; അങ്ങനെ, (നീ) അവനുമായി കണ്ടുമുട്ടുന്നവനാകുന്നു;

﴾6﴿ يَاأَيُّهَاالإِنْسَانُ ഹേ മനുഷ്യാ إِنَّكَ كَادِحٌ നിശ്ചയമായും നീ അദ്ധ്വാനപ്പെട്ടു (ബുദ്ധിമുട്ടി) ക്കൊണ്ടിരിക്കുന്നവനാണ് إِلَىٰرَبِّكَ നിന്റെ റബ്ബിങ്കലേക്ക് كَدْحًا ഒരു അദ്ധ്വാനം فَمُلَاقِيهِ അങ്ങനെ അവനെ കണ്ടുമുട്ടുന്നവനാണ്

മനുഷ്യാ, നിന്റെ ജീവിതകാലമത്രയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അദ്ധ്വാനിച്ചും ക്ലേശപ്പെട്ടും കൊണ്ടേ ഇരിക്കേണ്ടതുണ്ട്. നൻമയിലാകട്ടെ, തിന്മയിലാകട്ടെ, നിനക്കത് സഹജമാണ്. അങ്ങനെ നീങ്ങിക്കൊണ്ടിരിക്കെ നീ മരണമടയുകയും നിന്റെ റബ്ബുമായി കണ്ടുമുട്ടേണ്ടിവരികയും ചെയ്യും. അവന്റെ മുമ്പിൽ നിന്റെ കഴിഞ്ഞ കാല ചെയ്തികളെക്കുറിച്ച് കണക്ക് ബോധിപ്പിക്കേണ്ടിയും വരും. അതുകൊണ്ട് നിന്റെ ആ അദ്ധ്വാനം നിനക്ക്തന്നെ ഗുണകരമായി ഉപയോഗപ്പെടുത്തുവാൻ ശ്രമിച്ചുകൊള്ളുക എന്ന് സാരം. ഇമാം മുസ്‌ലിം (റ) രേഖപ്പെടുത്തിയിട്ടുള്ള ഒരു നബിവചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'ഓരോ മനുഷ്യനും കാലത്ത് പുറപ്പെടുന്നു: എന്നിട്ട് അവർ സ്വന്തം ദേഹത്തെ വിറ്റുകൊണ്ടിരിക്കുന്നു. അങ്ങനെ, (ഒന്നുകിൽ) അതിനെ രക്ഷപ്പെടുത്തുന്നവനോ, അല്ലെങ്കിൽ അതിനെ നാശപ്പെടുത്തുന്നവനോ ആയിരിക്കും അവൻ; (كل الناس يغدو فبائع نفسه فمعتقها او موبقها – مسلم)

فَأَمَّا مَنْ أُوتِىَ كِتَـٰبَهُۥ بِيَمِينِهِۦ ﴿٧﴾

﴾7﴿ എന്നാൽ അപ്പോൾ, ഏതൊരുവന് അവന്റെ ഗ്രന്ഥം അവന്റെ വലങ്കയ്യിൽ കൊടുക്കപ്പെട്ടുവോ,-

فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ﴿٨﴾

﴾8﴿ എന്നാലവൻ വഴിയെ ലഘു

വായ ഒരു വിചാരണ ചെയ്യപ്പെടുന്നതാണ്.

وَيَنقَلِبُ إِلَىٰٓ أَهْلِهِۦ مَسْرُورًا ﴿٩﴾

《9》 അവൻ തന്റെ സ്വന്തക്കാരിലേക്ക് സന്തുഷ്ടനായിക്കൊണ്ട് തിരിച്ചു പോകുകയും ചെയ്യും.

《7》 فَأَمَّا مَنْ എന്നാലപ്പോൾ യാതൊരുവൻ أُوتِيَ അവന് നൽകപ്പെട്ടു كِتَابَهُۥ അവന്റെ ഗ്രന്ഥം بِيَمِينِهِۦ അവന്റെ വലങ്കയ്യിൽ 《8》 فَسَوْفَ എന്നാൽ വഴിയെ, പിറകെ يُحَاسَبُ അവൻ വിചാരണ ചെയ്യപ്പെടും حِسَابًا ഒരു വിചാരണ يَسِيرًا ലഘുവായ, അല്പമായ 《9》 وَيَنْقَلِبُ അവൻ തിരിച്ചുപോകുകയും ചെയ്യും إِلَىٰٓ أَهْلِهِۦ തന്റെ സ്വന്തക്കാരി (ആൾക്കാ രി)ലേക്ക് مَسْرُورًا സന്തുഷ്ടനായി

റബ്ബുമായി കണ്ടുമുട്ടുമ്പോൾ മനുഷ്യൻ ഒന്നുകിൽ സജ്ജനങ്ങളിൽപെട്ടവനായിരിക്കും, അല്ലെങ്കിൽ ദുർജനങ്ങളിൽപെട്ടവനും. ആദ്യത്തെ വിഭാഗത്തിൽപെട്ടവനാണെങ്കിൽ അവന് തന്റെ കർമരേഖയാകുന്ന ഗ്രന്ഥം വലങ്കയ്യിൽ നൽകപ്പെടും. വലതുഭാഗം ശുഭലക്ഷണവും, വിജയസൂചനയുമാകുന്നു. അവന് നാമമാത്രമായ ഒരു ലഘുവിചാരണ മാത്രമേ നേരിടേണ്ടി വരികയുള്ളൂ. അതിന്റെ പര്യവസാനം ഗുണകരമായിരിക്കയും ചെയ്യും. അങ്ങനെ അത് കഴിയുമ്പോൾ അവൻ തന്റെ ആൾക്കാരുടെ അടുക്കലേക്ക് വളരെ സന്തോഷത്തോടും ആഹ്ലാദത്തോടും കൂടി മടങ്ങിച്ചെല്ലുകയും ചെയ്യും. 'അവന്റെ സ്വന്തക്കാർ- അഥവാ ആൾക്കാർ' (أَهْلِهِ) എന്ന് പറഞ്ഞതിന്റെ വിവക്ഷ, സദ്‌വൃത്തരായ അവന്റെ കൂട്ടുകാർ, കുടുംബാംഗങ്ങൾ മുതലായവരോ, സ്വർഗത്തിൽ അവന് നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്വന്തക്കാരോ ആകാവുന്നതാണ്. ആഇശഃ (റ) പ്രസ്താവിക്കുന്നു: നബിﷺ പറഞ്ഞു: 'ആർക്കെങ്കിലും വിചാരണ കർശനമാക്കപ്പെടുന്നപക്ഷം അവൻ ശിക്ഷിക്കപ്പെടും'. അപ്പോൾ ഞാൻ ചോദിച്ചു: 'വലതുകയ്യിൽ ഗ്രന്ഥം നൽകപ്പെട്ടവർ ലഘുവായ വിചാരണ ചെയ്യപ്പെടും (فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا) എന്ന് അല്ലാഹു പറഞ്ഞിട്ടില്ലേ?' അപ്പോൾ തിരുമേനി പറഞ്ഞു: 'അത് ഒരു (കാര്യമായ) വിചാരണയല്ല: ഒരു പ്രദർശനം (കർമരേഖ കാട്ടിക്കൊടുക്കൽ) മാത്രമാകുന്നു. ക്വിയാമത്തുനാളിൽ ആരൊരാളുടെ വിചാരണ കർശനമായി നടത്തപ്പെട്ടുവോ അവൻ ശിക്ഷക്ക് വിധേയനാകുന്നതാണ്' (ബു; മു.)

وَأَمَّا مَنْ أُوتِيَ كِتَـٰبَهُۥ وَرَآءَ ظَهْرِهِۦ ﴿١٠﴾

《10》 ഏതൊരുവന് അവന്റെ ഗ്രന്ഥം അവന്റെ മുതുകിന്റെ പിന്നിലൂടെ കൊടുക്കപ്പെട്ടുവോ-

فَسَوْفَ يَدْعُوا۟ ثُبُورًا ﴿١١﴾

《11》 അവൻ വഴിയെ നാശത്തെ വിളി (ച്ചു നിലവിളി)ക്കുന്നതാണ്.

وَيَصْلَىٰ سَعِيرًا ﴿١٢﴾

《12》 ആളിക്കത്തുന്ന അഗ്നിയിൽ അവൻ കടന്നെരിയുകയും ചെയ്യും.

﴾10﴿ وَأَمَّا مَنْ എന്നാൽ യാതൊരുവൻ أُوتِيَ അവന് നൽകപ്പെട്ടു كِتَابَهُ തന്റെ ഗ്രന്ഥം وَرَاءَ പിന്നിലൂടെ ظَهْرِهِ അവന്റെ മുതുകിന്റെ ﴾11﴿ فَسَوْفَ എന്നാൽ വഴിയെ يَدْعُو അവൻ വിളിക്കും ثُبُورًا നാശം, കഷ്ടപ്പാട് ﴾12﴿ وَيَصْلَىٰ അവൻ കടക്കുക(എരിയുക)യും ചെയ്യും سَعِيرًا കത്തിജ്വലിക്കുന്ന, അഗ്നിയിൽ, നരകത്തിൽ

ദുർജനങ്ങളായ ആളുകൾക്ക് അവരുടെ കർമരേഖ അവരുടെ പിൻഭാഗത്ത്നിന്ന് ഇടത് കയ്യിലായിരിക്കും നൽകപ്പെടുക. ഇത് അശുഭലക്ഷണവും പരാജയ സൂചനയും തന്നെ. അവരുടെ വിചാരണ വളരെ കർശനവുമായിരിക്കും. ഗ്രന്ഥം കയ്യിൽ കിട്ടുമ്പോഴേക്കും അവരുടെ കുറ്റങ്ങളും പര്യവസാനവും അവർക്ക് വ്യക്തമായി തെളിഞ്ഞുകാണും. അയ്യോ! കഷ്ടമേ! എന്ന് നിലവിളി കൂട്ടുകയും ചെയ്യും. പക്ഷേ, ഫലമെന്ത്?! നരകം തന്നെ അവർക്കാധാരം! ദുർജ്ജനങ്ങളുടെ ഏട് അവരുടെ പിന്നിൽകൂടി കൊടുക്കുമെന്ന് ഇവിടെയും, ഇടങ്കയ്യിൽ കൊടുക്കുമെന്ന് 69 : 25 ലും പറഞ്ഞതിൽനിന്ന് സജ്ജനങ്ങളുടെ ഗ്രന്ഥം അവരുടെ മുമ്പിൽകൂടിയായിരിക്കും വലങ്കയ്യിൽ നൽകുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്.

إِنَّهُۥ كَانَ فِىٓ أَهْلِهِۦ مَسْرُورًا ﴿١٣﴾

﴾13﴿ (കാരണം) അവൻ അവന്റെ സ്വന്തക്കാർക്കിടയിൽ സന്തുഷ്ടനായിരുന്നു.

إِنَّهُۥ ظَنَّ أَن لَّن يَحُورَ ﴿١٤﴾

﴾14﴿ അവൻ ധരിച്ചു, അവൻ (അല്ലാഹുവിങ്കലേക്ക്) മടങ്ങിവരുന്നതേയല്ല എന്ന്.

بَلَىٰٓ إِنَّ رَبَّهُۥ كَانَ بِهِۦ بَصِيرًا ﴿١٥﴾

﴾15﴿ ഇല്ലാതേ! [മടങ്ങാതിരിക്കയില്ല] നിശ്ചയമായും അവന്റെ റബ്ബ് അവനെപ്പറ്റി കണ്ടറിയുന്നവനായിരുന്നു.

﴾13﴿ إِنَّهُ كَانَ കാരണം അവനായിരുന്നു فِي أَهْلِهِ തന്റെ സ്വന്ത (ആൾ)ക്കാരിൽ مَسْرُورًا സന്തുഷ്ടൻ ﴾14﴿ إِنَّهُ ظَنَّ നിശ്ചയമായും അവൻ ധരിച്ചു أَن لَّن يَحُورَ അവൻ മടങ്ങിവരുന്നതേ അല്ല എന്ന് ﴾15﴿ بَلَى ഇല്ലാതേ, അല്ലാതേ إِنَّ رَبَّهُ നിശ്ചയമായും അവന്റെ റബ്ബ് كَانَ بِهِ അവനെക്കുറിച്ച് ആയിരിക്കുന്നു, ആകുന്നു بَصِيرًا കണ്ടറിയുന്നവൻ

സ്വന്തം ഭാവിയെക്കുറിച്ചുള്ള ചിന്തയോ, അല്ലാഹുവിനെക്കുറിച്ചുള്ള ബോധമോ ഇല്ലാതെ, തന്റെ സ്വന്തക്കാരുടെയും ആൾക്കാരുടെയും കൂട്ടത്തിൽ, തികച്ചും സംതൃപ്തനും സന്തുഷ്ടനുമായിക്കൊണ്ട് അവൻ അവന്റെ ഐഹികജീവിതം കഴിച്ചുകൂട്ടി. അല്ലാഹുവിങ്കലേക്ക് തിരിച്ചുചെല്ലേണ്ടിവരികയില്ലെന്നാണ് അവർ ധരിച്ചുവെച്ചത്. ഇതാണ് ഈ ദുർഗതിക്ക് കാരണം. പക്ഷേ, അല്ലാഹുവിങ്കലേക്ക് തിരിച്ചുവരാതെയും, അവന്റെ പിടുത്തത്തിൽ അകപ്പെടാതെയും ഇരിക്കുക സാധ്യമല്ലതന്നെ. അവനെ സൃഷ്ടിച്ചു വളർത്തിവരുന്ന അവന്റെ രക്ഷിതാവ് സദാ അവനെ കണ്ടും വീക്ഷിച്ചും കൊണ്ടിരിക്കുകയാണല്ലോ.

فَلَآ أُقۡسِمُ بِٱلشَّفَقِ ﴿١٦﴾

《16》 എന്നാൽ അസ്തമയ ശോഭ കൊണ്ട് ഞാൻ സത്യം ചെയ്ത് പറയുന്നു;

وَٱلَّيۡلِ وَمَا وَسَقَ ﴿١٧﴾

《17》 രാത്രിയും, അതുൾക്കൊള്ളുന്നവയും കൊണ്ടും-

وَٱلۡقَمَرِ إِذَا ٱتَّسَقَ ﴿١٨﴾

《18》 ചന്ദ്രൻ നികന്ന് (പൂർണത പ്രാപിച്ചു) വരുമ്പോൾ അതുകൊണ്ടും (സത്യം ചെയ്ത് പറയുന്നു):-

لَتَرۡكَبُنَّ طَبَقًا عَن طَبَقٍ ﴿١٩﴾

《19》 തീർച്ചയായും നിങ്ങൾ (ഓരോ) ഘട്ടം ഘട്ടമായി കയറിക്കൊണ്ടിരിക്കുന്നതാണ്.

فَمَا لَهُمۡ لَا يُؤۡمِنُونَ ﴿٢٠﴾

《20》 എന്നിരിക്കെ, എന്താണ് ഇവർക്ക്- ഇവർ വിശ്വസിക്കുന്നില്ലേ?!-

سجود

وَإِذَا قُرِئَ عَلَيۡهِمُ ٱلۡقُرۡءَانُ لَا يَسۡجُدُونَ ۩ ﴿٢١﴾

《21》 അവർക്ക് ക്വുർആൻ ഓതിക്കൊടുക്കപ്പെട്ടാൽ അവർ 'സുജൂദ്' [സാഷ്ടാംഗനമസ്കാരം] ചെയ്യുന്നുമില്ല?!

《16》 فَلَا أُقْسِمُ എന്നാൽ ഞാൻ സത്യം ചെയ്തു പറയുന്നു بِالشَّفَقِ അസ്തമയ ശോഭകൊണ്ട് 《17》 وَاللَّيْلِ രാത്രികൊണ്ടും وَمَا وَسَقَ അത് അടക്കിവെച്ച (ഉൾക്കൊള്ളുന്ന)വകൊണ്ടും 《18》 وَالْقَمَرِ ചന്ദ്രനെകൊണ്ടും إِذَا اتَّسَقَ (അത് ചേർന്ന്) പൂർണമായി - നികന്ന് വരുമ്പോൾ 《19》 لَتَرْكَبُنَّ നിശ്ചയമായും നിങ്ങൾ കയറും (തരണം ചെയ്യും) طَبَقًا ഒരു ഘട്ടം (അടുക്ക്, അവസ്ഥ, പിടി) ആയിക്കൊണ്ട് عَنْ طَبَقٍ ഒരു ഘട്ടത്തിൽ നിന്ന് طَبَقًا عَنْ طَبَقٍ ഘട്ടം ഘട്ടമായി ഓരോ പടിയായി അടുക്കടുക്കായി 《20》 فَمَا لَهُمْ എന്നിരിക്കെ, അവ (ഇവ)ർക്കെന്താണ് لَا يُؤْمِنُونَ അവർ വിശ്വസിക്കുന്നില്ല (വിശ്വസിക്കാതെ) 《21》 وَإِذَا قُرِئَ ഓതപ്പെട്ടാൽ عَلَيْهِمُ അവരിൽ, അവർക്ക് الْقُرْآنُ ക്വുർആൻ لَا يَسْجُدُونَ അവർ സുജൂദ് ചെയ്യുന്നുമില്ല

ഈ ആയത്ത് ഓതിക്കഴിഞ്ഞാൽ ഓത്തിന്റെ ഒരു സുജൂദ് ചെയ്യേണ്ടതാണ്. നബി ﷺ ഈ സൂറത്ത് ഓതുമ്പോൾ സുജൂദ് ചെയ്തതായി ഇമാംമാലിക്, മുസ്‌ലിം (റ) മുതലായവർ നിവേദനം ചെയ്തിട്ടുണ്ട്.

അസ്തമയസമയത്തെ ശോഭ, രാത്രി, രാത്രി ഉൾക്കൊള്ളുന്നവ- അഥവാ അതിന്റെ

ഇരുട്ടിൽപെട്ട് മറഞ്ഞുപോകുന്ന വസ്തുക്കൾ -പൂർണദശ പ്രാപിച്ച ചന്ദ്രൻ എന്നിങ്ങനെയുള്ള ചില പ്രകൃതി ദൃഷ്ടാന്തങ്ങളെക്കൊണ്ട് അല്ലാഹു സത്യം ചെയ്ത് പറയുന്നു; തീർച്ചയായും നിങ്ങൾ ഒന്നിനുശേഷം മറ്റൊന്നായി ഓരോ ഘട്ടങ്ങളെ തരണം ചെയ്തുകൊണ്ടിരിക്കുമെന്ന്. മരണത്തിന് മുമ്പ് ശൈശവം, കൗമാരം, യുവത്വം, വാർദ്ധക്യം, രോഗം, ആരോഗ്യം, സുഖം, ദുഃഖം ആദിയായ വിവിധ ഘട്ടങ്ങൾ മനുഷ്യർ തരണം ചെയ്യേണ്ടതുണ്ട്. ഏതെങ്കിലും ഒരു നല്ല കാര്യമോ ചീത്ത കാര്യമോ സാധിക്കേണമെങ്കിൽപോലും അതിനായി പല ബുദ്ധിമുട്ടുകളും നേരിടേണ്ടിവരും. പിന്നീടാണെങ്കിൽ, മരണം, ക്വബ്റിലെ ജീവിതം, ഉയിർത്തെഴുന്നേൽപ്, മഹ്ശറിലേക്ക് സമ്മേളിക്കൽ, വിചാരണ, രക്ഷാശിക്ഷകൾ ആദിയായ ഘട്ടങ്ങളെയും ഒന്നിന് പിന്നാലെ ഒന്നായി മനുഷ്യൻ തരണംചെയ്യേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ, കേവലം നിശ്ചയമോ സുസ്ഥിരമോ ആയ ഒരവസ്ഥയല്ല മനുഷ്യനുള്ളത്. വ്യക്തികളിൽ മാത്രമല്ല, സമൂഹങ്ങളിലും കാണാവുന്ന അവസ്ഥയാണിത്. ഇതെല്ലാം മനുഷ്യനെ ഇരുത്തി ചിന്തിപ്പിക്കേണ്ടതും, അവന്റെ ശാശ്വതമായ ഭാവിയെപ്പറ്റി ബോധപൂർവ്വം പ്രവർത്തിക്കുവാൻ അവന് പ്രേരകമാകേണ്ടതുമാകുന്നു. പക്ഷേ, എന്നിട്ടും സത്യവിശ്വാസം സ്വീകരിക്കുവാനോ, ക്വുർആന്റെ സന്ദേശങ്ങൾ ചെവിക്കൊണ്ട് മനസ്സിലാക്കുവാനോ, അല്ലാഹുവിന്റെ മുമ്പിൽ തലകുനിക്കുവാനോ അവൻ തയ്യാറാകുന്നില്ല. അത്ഭുതം തന്നെ. 16 മുതൽ 21 കൂടിയ വചനങ്ങളുടെ വ്യാഖ്യാനമായി പ്രാമാണ്യരായ ക്വുർആൻ വ്യാഖ്യാതാക്കൾ പലരും പ്രസ്താവിച്ചിട്ടുള്ളതിന്റെ സാരമാണ് മുകളിൽ പറഞ്ഞത്. ഈ ആശയത്തെ പിൻതാങ്ങുമാറുള്ള പല ക്വുർആൻ വചനങ്ങളും കാണാവുന്നതുമാകുന്നു.

ഈ സൂറത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം ബുഖാരി (റ) 19 -ാം വചനത്തിന് പ്രത്യേകമായി ഒരു ശീർഷകം കൊടുത്തിട്ടുണ്ട്. അതിൽ طَبَقًا عَنْ طَبَقٍ എന്ന വാക്കിന് ഇബ്നു അബ്ബാസ് (റ)ൽ നിന്നുള്ള ഒരു ഹദീഥ് രേഖപ്പെടുത്തിക്കൊണ്ട് حالا بعد حال (ഒരവസ്ഥക്കു ശേഷം മറ്റൊരവസ്ഥ) എന്നാണദ്ദേഹം അർത്ഥം സ്വീകരിച്ചിരിക്കുന്നത്. മറ്റ് പല മഹാൻമാരിൽനിന്നും ഇതുപോലെ നിവേദനം ചെയ്യപ്പെട്ടിട്ടുള്ളതായി ഇബ്നു കഥീർ (റ) മുതലായവരും പ്രസ്താവിച്ചിരിക്കുന്നു. ഏതാണ്ട് ഇതേ അർത്ഥത്തിലുള്ള വേറെ ചില നിവേദനങ്ങളും കാണാം. ചിലതിൽ شدة بعد شدة (ഒരു കാഠിന്യത്തിനുശേഷം മറ്റൊരു കാഠിന്യം) എന്നാണുള്ളത്. ഇവയുടെയെല്ലാം അടിസ്ഥാനത്തിലാണ് മേൽകണ്ട വ്യാഖ്യാനം ആ വചനത്തിന് നാമും സ്വീകരിച്ചത്. ചുരുക്കിപ്പറഞ്ഞാൽ, ഓരോന്നോരോന്നായി വിവിധ ഘട്ടങ്ങളെ തരണം ചെയ്തുകൊണ്ടിരിക്കുകയാണ് മനുഷ്യൻ എന്ന് സാരം. അൽപം വിഷമത്തോടുകൂടി തരണം ചെയ്യപ്പെടേണ്ടുന്ന അവസ്ഥകളാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്നത്രെ لتركبن (തീർച്ചയായും നിങ്ങൾ കയറും) എന്ന പ്രയോഗത്തിൽനിന്ന് മനസ്സിലാകുന്നത്. അതുകൊണ്ടാണ് വിഷമാവസ്ഥകൾ ഓരോന്നായി തരണം ചെയ്തുകൊണ്ടിരിക്കും എന്ന് ചില മഹാൻമാർ ഇവിടെ അർത്ഥം കൽപിച്ചതും. ഏതായാലും 'നിങ്ങൾ പടിപടിയായി പുരോഗമിച്ചുകൊണ്ടേയിരിക്കും' എന്ന് ഈ വചനത്തിന് ചില 'പുരോഗമനവാദി'കൾ കൽപിച്ചു കാണുന്ന അർത്ഥവ്യാഖ്യാനം സ്വീകരിക്കുവാൻ ന്യായം കാണുന്നില്ല. കാര്യപ്പെട്ട ഒരു മുഫസ്സിറും അത് പറഞ്ഞു കാണുന്നുമില്ല.

لَتَرْكَبُنَّ (ല തർകബുന്ന) എന്നതിൽ ب (ബാഉ്) എന്ന അക്ഷരത്തിന് അകാരം (فَتَح) കൊടുത്തും (ല- തർകബന്ന് എന്നും) വായനയുണ്ട്. അപ്പോൾ അത് 'നീ കയറും' എന്ന് അർത്ഥം വരുന്ന ഏകവചനവും, നേർക്കുനേരെ നബി ﷺ യെ അഭിമുഖീകരിക്കുന്നതുമായിരിക്കും. വായനാവ്യത്യാസങ്ങളും, വ്യത്യസ്ത വ്യാഖ്യാനങ്ങളും ഉദ്ധരിച്ചശേഷം

പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ ഇബ്നുജരീർ (റ) ഇപ്രകാരം പറയുന്നു: 'മുഹമ്മദ് നബിയേ, ഒരവസ്ഥക്കുശേഷം മറ്റൊരവസ്ഥയും, വിഷമകരമായ ഒരു കാര്യത്തിനുശേഷം മറ്റൊരു കാര്യവുമായി നീ കയറി (തരണം ചെയ്തു) കൊണ്ടിരിക്കുമെന്ന് വ്യാഖ്യാനം നൽകിയവരുടെ അഭിപ്രായമാണ് ശരിയായിട്ടുള്ളത്.' നബിﷺയെ അഭിമുഖീകരിച്ചുകൊണ്ടാണ് വാചകമെങ്കിലും എല്ലാ മനുഷ്യരെയും ഉദ്ദേശിച്ച് പറഞ്ഞതാണ് അതെന്നും, ഖിയാമത്ത്നാളിൽ വിഷമങ്ങളും ഭീകരതകളും അവർ കണ്ടുമുട്ടേണ്ടിവരുമെന്നാണതിന്റെ താൽപര്യമെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

بَلِ ٱلَّذِينَ كَفَرُواْ يُكَذِّبُونَ ﴿٢٢﴾

﴾22﴿ (അത്രയുമല്ല) പക്ഷേ, അവിശ്വസിച്ചവർ വ്യാജമാക്കിക്കൊണ്ടിരിക്കുകയാണ്.

وَٱللَّهُ أَعْلَمُ بِمَا يُوعُونَ ﴿٢٣﴾

﴾23﴿ അവർ (മനസ്സിൽ) സൂക്ഷിച്ചുവെക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനുമാകുന്നു.

فَبَشِّرْهُم بِعَذَابٍ أَلِيمٍ ﴿٢٤﴾

﴾24﴿ ആകയാൽ, (നബിയേ) അവർക്ക് വേദനയേറിയ ഒരു ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക.

إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَهُمْ أَجْرٌ غَيْرُ مَمْنُونٍ ﴿٢٥﴾

﴾25﴿ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കൊഴികെ, അവർക്ക് മുറിഞ്ഞു (നഷ്ടപ്പെട്ട്) പോകാത്ത പ്രതിഫലം ഉണ്ട്.

﴾22﴿ بَلِ പക്ഷേ الَّذِينَ كَفَرُوا അവിശ്വസിച്ചവർ يُكَذِّبُونَ വ്യാജമാക്കുന്നു ﴾23﴿ وَاللَّهُ أَعْلَمُ അല്ലാഹു ഏറ്റവും (നല്ലപോലെ) അറിയുന്നവനാണ് بِمَا يُوعُونَ അവർ സൂക്ഷിച്ചു (ഉള്ളിൽവെച്ചു) വരുന്നതിനെപ്പറ്റി ﴾24﴿ فَبَشِّرْهُمْ ആകയാൽ അവർക്ക് നീ സന്തോഷമറിയിക്കുക بِعَذَابٍ أَلِيمٍ വേദനയേറിയശിക്ഷയെപ്പറ്റി ﴾25﴿ إِلَّا الَّذِينَ യാതൊരുവർക്കൊഴികെ آمَنُوا വിശ്വസിച്ച وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കയും ചെയ്ത لَهُمْ അവർക്കുണ്ട് أَجْرٌ പ്രതിഫലം, കൂലി غَيْرُ مَمْنُونٍ മുറിക്കപ്പെടാത്ത (മുറിയാത്ത, നഷ്ടം പറ്റാത്ത)

അവർ സത്യവിശ്വാസം സ്വീകരിക്കുന്നില്ലെന്നും, ഖുർആൻ സ്വീകരിച്ചു അല്ലാഹുവിന് സാഷ്ടാംഗനമസ്കാരം ചെയ്യുന്നില്ലെന്നും മാത്രമല്ല, ഖുർആനെയും മറ്റും വ്യാജമാക്കി നിഷേധിക്കുകകൂടി ചെയ്യുന്നു. അതുകൊണ്ട് അവർക്ക് വല്ല സന്തോഷവാർത്തയും അറിയിക്കാനുണ്ടെങ്കിൽ അത് കഠിനമായ ശിക്ഷയെക്കുറിച്ചാണുള്ളത്. നേരെമറിച്ച് സത്യ

വിശ്വാസവും സൽക്കർമങ്ങളും സ്വീകരിച്ചവർക്കാകട്ടെ ഒരിക്കലും നഷ്ടപ്പെട്ടുപോകാത്ത ശാശ്വതമായ പ്രതിഫലവും ഉണ്ടായിരിക്കും. അവർ മനസ്സിൽ സൂക്ഷിച്ചുവെക്കുന്നത് (مَايُوعُونَ) എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം, അസൂയ, വെറുപ്പ്, വിദ്വേഷം, നിഷേധം മുതലായവയാണ്. الله اعلم

ولله الحمد والمنة

سورة البروج

85. സൂറത്തുൽ ബുറൂജ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 22

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلسَّمَآءِ ذَاتِ ٱلۡبُرُوجِ ﴿١﴾

《1》 ഗ്രഹമണ്ഡലങ്ങളുള്ളതായ ആകാശം തന്നെയാണ (സത്യം)!

وَٱلۡيَوۡمِ ٱلۡمَوۡعُودِ ﴿٢﴾

《2》 വാഗ്ദത്തം ചെയ്യപ്പെട്ട (ആ) ദിവസം തന്നെയാണ (സത്യം)!

وَشَاهِدٖ وَمَشۡهُودٖ ﴿٣﴾

《3》 സാക്ഷിയും, സാക്ഷീകരിക്കപ്പെടുന്നതും തന്നെയാണ (സത്യം)!

《1》 وَالسَّمَاءِ ആകാശം തന്നെയാണ ذَاتِ الْبُرُوجِ രാശി (ഗ്രഹമണ്ഡലം)കളുള്ള 《2》 وَالْيَوْمِ ദിവസവും തന്നെയാണ الْمَوْعُودِ വാഗ്ദത്തം ചെയ്യപ്പെട്ട 《3》 وَشَاهِدٍ സാക്ഷിയും തന്നെയാണ وَمَشْهُودٍ സാക്ഷീകരിക്കപ്പെടുന്ന (സാക്ഷി നിൽക്കപ്പെടുന്ന)തും

ഈ മൂന്ന് വചനങ്ങളിലായി നാല് വസ്തുക്കളെക്കൊണ്ട് അല്ലാഹു ആണയിട്ടിരിക്കുന്നു:

(1) ഗ്രഹമണ്ഡലങ്ങളുള്ള ആകാശംകൊണ്ട്. 'ഗ്രഹമണ്ഡലങ്ങൾ' എന്ന് അർത്ഥം കൽപിച്ച 'ബുറൂജ്' (الْبُرُوج) എന്ന വാക്കിന്- സൂ: ഫുർക്വാൻ 61 ന്റെ വിവരണത്തിൽ ചൂണ്ടിക്കാട്ടിയപോലെ- 'ഗ്രഹങ്ങൾ, രാശികൾ, നക്ഷത്രങ്ങൾ, കോട്ടകൾ, മാളികവീടുകൾ' എന്നൊക്കെ അർത്ഥം വരാറുണ്ട്.

(2) വാഗ്ദത്തം ചെയ്യപ്പെട്ട ദിവസംകൊണ്ട്- ക്വിയാമത്തുനാളാണ് ഇതുകൊണ്ട് ഉദ്ദേശ്യം- വാഗ്ദത്തം ചെയ്യപ്പെട്ടത് എന്ന് ക്വിയാമത്തുനാളിനെക്കുറിച്ച് ക്വുർആനിൽ വേറെയും സ്ഥലങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

(3, 4) സാക്ഷിയും സാക്ഷീകരിക്കപ്പെടുന്നതുംകൊണ്ട്, ഈ രണ്ട് വാക്കുകളും കുറേ

വ്യാപകമായ അർത്ഥം ഉൾക്കൊള്ളുന്നതാകുന്നു. ലോകത്തുള്ള വസ്തുക്കളെല്ലാം ഒരർത്ഥത്തിൽ ഒന്നൊന്നിന് സാക്ഷിയാണെന്ന് കാണാം. മനുഷ്യനെ സംബന്ധിച്ച സാക്ഷ്യത്തിനാണ് ഇവിടെ കൂടുതൽ പ്രസക്തിയുള്ളതെന്ന് പറയേണ്ടതില്ല. മനുഷ്യന്റെ കർമങ്ങൾക്ക് ലോകവസ്തുക്കളിൽ കണക്കറ്റ സാക്ഷികളെ കാണാവുന്നതാണ്. സ്ഥലങ്ങൾ, പരിസരവസ്തുക്കൾ, സമയങ്ങൾ, ഉപകരണങ്ങൾ, സഹജീവികൾ ആദിയായി പലതും പലതും അവന് സാക്ഷികളായിത്തീരുന്നു. അല്ലാഹുവിന്റെ കോടതിയിൽ ഇവയെല്ലാം മനുഷ്യകർമങ്ങളെ സാക്ഷീകരിക്കുന്നതാണ്. ഐഹിക കോടതികളിൽപോലും ഇങ്ങനെയുള്ള ചില കാര്യങ്ങൾ ഓരോതരത്തിൽ തെളിവുനൽകുന്ന സാക്ഷ്യങ്ങളായി ഉപയോഗപ്പെടുത്താറുണ്ടല്ലോ. അല്ലാഹുവിന്റെ മുമ്പിലാകട്ടെ, അവയെല്ലാം നേർക്കുനേരെത്തന്നെ സാക്ഷിമൊഴികൊടുക്കുന്നതായിരിക്കും. നബി തിരുമേനിﷺ ഈ സമുദായത്തിനും, മുമ്പുണ്ടായിരുന്ന പ്രവാചകൻമാർ അവരുടെ സമുദായങ്ങൾക്കും സാക്ഷികളാകുന്നു. (സൂ: നിസാഉ് 41.) ഈ സമുദായം മറ്റ് സമുദായങ്ങൾക്കും സാക്ഷിയാണ്. (അൽബക്വറഃ 143) മനുഷ്യന്റെ അവയവങ്ങൾ അവന് സാക്ഷികളായിരിക്കും. (യാസീൻ 65) എന്നിങ്ങനെ ക്വുർആന്റെ പ്രസ്താവനകളും അവയുടെ സാരങ്ങളും ഇവിടെ പ്രസ്താവ്യമാകുന്നു. ഇതുപോലെ ഹദീഥുകളിലും പലതരം സാക്ഷികളെക്കുറിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള എല്ലാ സാക്ഷികളും, ആ സാക്ഷികളുടെ സാക്ഷ്യങ്ങൾക്ക് വിധേയരായവരും ഇതിൽ ഉൾപ്പെടുന്നതാകുന്നു.

شَاهِدٍ, وَمَشْهُودٍ എന്നീ വാക്കുകൾക്ക് 'കാണുന്നതും, കാണപ്പെടുന്നതും' എന്നും, 'ഹാജരാകുന്നതും, ഹാജരാകുന്ന സ്ഥലവും അഥവാ കാലവും' എന്നും അർത്ഥം വരാവുന്നതാണ്. ക്വിയാമത്തുനാൾ, ജുമുഅഃ ദിവസം, അറഫാദിനം, ജമാഅത്ത് നമസ്കാരം, പള്ളി മുതലായവയും അവയിൽ സമ്മേളിക്കുന്നവരുമാണ് ഇവിടെ ഉദ്ദേശ്യമെന്ന് സൂചിപ്പിക്കുന്ന ചില രിവായത്തുകളും പ്രസ്താവനകളും ഇവിടെ കാണപ്പെടാറുള്ളത് ഈ അടിസ്ഥാനത്തിലാകുന്നു. വാസ്തവത്തിൽ അതെല്ലാം ഇവിടെ ഉദാഹരണങ്ങളായി സ്വീകരിക്കാമെന്നല്ലാതെ, സാക്ഷാൽ ഉദ്ദേശ്യം അവയിലൊന്നും പരിമിതമല്ല. ഏതായാലും അല്ലാഹു സത്യം ചെയ്യാൻ ഉപയോഗിച്ച വസ്തുക്കളെക്കുറിച്ച് ചിന്തിക്കുന്നവർക്ക് അതിൽ സാരവത്തായ പല രഹസ്യങ്ങളും കണ്ടെത്തുവാൻ കഴിയുമെന്നതിൽ സംശയമില്ല. സത്യവിശ്വാസികളുടെ നേരെ സത്യനിഷേധികൾ അഴിച്ചുവിടുന്ന കടുത്ത മർദ്ദനങ്ങൾക്കും, യഥാർത്ഥ വിശ്വാസത്തിന്റെ അചഞ്ചലതക്കും ഉത്തമോദാഹരണമായ ഒരു സംഭവമാണ് അല്ലാഹു തുടർന്ന് പറയുന്നത്:-

قُتِلَ أَصْحَٰبُ ٱلْأُخْدُودِ ﴿٤﴾

﴾4﴿ കിടങ്ങിന്റെ ആൾക്കാർ കൊല്ലപ്പെടട്ടെ [ശപിക്കപ്പെടട്ടെ]!-

ٱلنَّارِ ذَاتِ ٱلْوَقُودِ ﴿٥﴾

﴾5﴿ അതായത് ഇന്ധനം [വിറക്] നിറച്ച അഗ്നിയുടെ (ആൾക്കാർ);-

إِذْ هُمْ عَلَيْهَا قُعُودٌ ﴿٦﴾

﴾6﴿ അവർ അതിങ്കൽ ഇരുന്നുകൊണ്ടിരുന്ന സന്ദർഭം;-

وَهُمْ عَلَىٰ مَا يَفْعَلُونَ بِٱلْمُؤْمِنِينَ

﴾7﴿ സത്യവിശ്വാസികളെക്കൊണ്ട് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിന് അവർ ദൃക്സാക്ഷികളായും

شُهُودٌ ﴿٧﴾ കൊണ്ട്.

الْأُخْدُودِ ആൾക്കാർ أَصْحَابُ കൊല്ല (ശപിക്ക- നശിപ്പിക്ക)പ്പെടട്ടെ قُتِلَ ﴿4﴾
കിടങ്ങിന്റെ ﴿5﴾ النَّارِ അതായത് അഗ്നിയുടെ ذَاتِ الْوَقُودِ വിറക് (ഇന്ധനം) ഉള്ളതായ
(നിറക്കപ്പെട്ട) ﴿6﴾ إِذْهُمْ അവർ ആയിരുന്ന സന്ദർഭം عَلَيْهَا അതിങ്കൽ, അതിനുമേലെ
قُعُودٌ ഇരിക്കുന്നവർ ﴿7﴾ وَهُمْ അവർ, അവരാകട്ടെ عَلَىٰ مَا يَفْعَلُونَ തങ്ങൾ ചെയ്യുന്നതിന്
بِالْمُؤْمِنِينَ സത്യവിശ്വാസികളെക്കൊണ്ട് شُهُودٌ (ദൃക്ക്) സാക്ഷികളുമാണ്

നബി തിരുമേനിﷺയും സ്വഹാബികളും അങ്ങേഅറ്റം ശത്രുമർദ്ദനങ്ങൾക്ക് ഇരയായിക്കൊണ്ടിരുന്ന സന്ദർഭത്തിൽ അവതരിച്ച ഒരദ്ധ്യായമാണിത്. ബിലാൽ (റ), സ്വുഹൈബ് (റ) തുടങ്ങിയ പല സ്വഹാബികളും- സ്വഹാബീ വനിതകൾപോലും- ഖുറൈശികളുടെ വിവിധതരത്തിലുള്ള ക്രൂരമർദ്ദനങ്ങൾ അനുഭവിച്ചിരുന്നത് പ്രസിദ്ധമാണ്. ഒരിക്കൽ അവർ തിരുമേനിയോട് അതിനെക്കുറിച്ച് സങ്കടപ്പെടുകയുണ്ടായി. തിരുമേനി കഅ്ബഃയുടെ തണലിൽ ഒരു പുതപ്പ് തലയിണയാക്കി കിടക്കുകയായിരുന്നു. 'നബിയേ അവിടുന്ന്, ഞങ്ങൾക്കുവേണ്ടി (അല്ലാഹുവിനോട്) സഹായം തേടുന്നില്ലേ?! ഞങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നില്ലേ?!' എന്നിങ്ങനെ അവർ പറഞ്ഞു. തിരുമേനി പ്രതിവചിച്ചു: 'നിങ്ങളുടെ മുമ്പ് ചിലരെ പിടിച്ചു കുഴികുത്തി അതിൽ നിറുത്തി ഉളിവാൾ അവരുടെ തലയിൽ വെച്ച് രണ്ട് പിളർപ്പായി പിളർത്തുകയും, ഇരുമ്പിന്റെ ചീർപ്പുകൊണ്ട് എല്ലും മാംസവുമല്ലാത്തതെല്ലാം ഈർന്നെടുക്കുകയും ചെയ്യപ്പെടാറുണ്ടായിരുന്നു. എന്നിട്ട്പോലും അത് അയാളുടെ മതവിശ്വാസത്തിൽ നിന്ന് അയാളെ തടയുമായിരുന്നില്ല. അല്ലാഹു തന്നെയാണ്! അവൻ ഇക്കാര്യം പൂർത്തിയാക്കുകതന്നെ ചെയ്യും. അങ്ങനെ (യമനിലെ) സ്വൻആയിൽ നിന്ന് ഒരു വാഹനക്കാരൻ ഹള്വർ മൗത്തുവരെ അല്ലാഹുവിനെയും (വഴിമദ്ധ്യേ) ചെന്നായെയും അല്ലാതെ മറ്റൊന്നിനെയും ഭയപ്പെടാനില്ലാത്തവിധം സഞ്ചരിക്കുന്നതാകുന്നു. പക്ഷേ, നിങ്ങൾ ബദ്ധപ്പാട് കാണിക്കുകയാണ്.' (ബുഖാരീ.) ഇങ്ങനെയുള്ള സന്ദർഭത്തിൽ, മുൻകാലത്ത് സത്യവിശ്വാസികളായ ഒരു കൂട്ടർ സഹിക്കേണ്ടി വന്ന ഒരു ദാരുണ സംഭവം, ഈ സൂറത്തിൽ അല്ലാഹു അവർക്ക് വിവരിച്ചുകൊടുക്കുകയാണ്.

വിറകുകൂമ്പാരം നിറച്ച് അത്യുഗ്രമായി കത്തിജ്വലിക്കുമാറാക്കിയ ഒരു തീകുണ്ഡാരത്തിൽ സത്യവിശ്വാസികളായ സാധുക്കളെ ജീവനോടെ ഇട്ട് അഗ്നിക്കിരയാക്കുകയും, അതിന്റെ ചുറ്റുപാടും ഇരുന്ന് ആ പാവങ്ങൾ തീയിൽ എരിഞ്ഞു പിടയുന്നത് നോക്കിക്കണ്ടുകൊണ്ട് ആഹ്ലാദിച്ചു രസിക്കുകയും ചെയ്ത ഒരു ക്രൂര ജനതയെപ്പറ്റിയാണ് അല്ലാഹു പ്രസ്താവിക്കുന്നത്. ഈ കഠോരകൃത്യം ചെയ്യാനുള്ള ഏകകാരണം ആ പുണ്യാത്മാക്കൾ അല്ലാഹുവിൽ വിശ്വസിച്ചത് മാത്രമായിരുന്നുവെന്ന് അടുത്ത വചനത്തിൽ അല്ലാഹു എടുത്തു പറഞ്ഞിരിക്കുന്നു. ആ അക്രമികളുടെ മേൽ അവൻ തക്ക നടപടികളെടുക്കാതിരിക്കുകയില്ലെന്നും, സത്യവിശ്വാസികൾക്ക് വമ്പിച്ച പ്രതിഫലങ്ങൾ ലഭിക്കുവാനിരിക്കുന്നുവെന്നും, അവരെക്കാൾ ഊക്കൻമാരായിരുന്ന ധിക്കാരികളെയും അല്ലാഹു വെറുതെ വിട്ടിട്ടില്ലെന്നും തുടർന്ന് ചൂണ്ടിക്കാട്ടുന്നുണ്ട്. ഇതെല്ലാം സത്യവിശ്വാസികൾ ഓർമിക്കേണ്ടതുണ്ടെന്നത്രെ ഈ സംഭവം ഉദ്ധരിച്ചതിന്റെ താൽപര്യം.

തീക്കുണ്ടിന്റെ സംഭവം ഏതായിരുന്നുവെന്ന് തിട്ടപ്പെടുത്തിപ്പറയത്തക്കവിധം തെളിവുകളില്ല. ഒന്നിലധികം സംഭവങ്ങൾ ഇതിന് ഉദാഹരണമായി എടുക്കാവുന്ന രൂപത്തിൽ

നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്താനും. അവയിൽ ഏതെങ്കിലും ഒന്നിനെ ഉദ്ദേശിച്ചാണോ, അതല്ല, അവപോലെയുള്ള സംഭവങ്ങളെ മൊത്തത്തിൽ ഉദ്ദേശിച്ചാണോ ഈ വിവരണമെന്നും തീർത്തു പറയാവുന്നതല്ല. രണ്ടായാലും, ഈ സംഭവത്തിലടങ്ങിയ പാഠം ഗ്രഹിക്കുവാനും, അത് പ്രയോജനപ്പെടുത്തുവാനും, സംഭവം എവിടെവെച്ച് എപ്പോൾ ഉണ്ടായി എന്നറിയേണ്ടതില്ലല്ലോ. മേൽ സൂചിപ്പിച്ച നിവേദനങ്ങളിൽ കൂടുതൽ പ്രസ്താവയോഗ്യമായത് നമുക്ക് ഇവിടെ ഓർമിക്കാം.

ഇമാം മുസ്‌ലിം (റ) രേഖപ്പെടുത്തിയ ഒരു നബി വചനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: 'മുൻകാലത്ത് ഒരു രാജാവിന് ഒരു 'സാഹിർ' (ആഭിചാരവിദഗ്ധൻ- അഥവാ മായവിദ്യക്കാരൻ) ഉണ്ടായിരുന്നു. അയാളുടെ മരണശേഷം തന്റെ ഒരു പിൻഗാമിയാക്കിത്തീർക്കണമെന്ന ഉദ്ദേശ്യത്തിൽ അയാൾ ഒരു കുട്ടിക്ക് 'സിഹ്ർ' (ആഭിചാരം അഥവാ മായവിദ്യ) പഠിപ്പിച്ചു വന്നിരുന്നു. കുട്ടിയുടെ വഴിമദ്ധ്യെ ഒരു 'റാഹിബ്' (പുരോഹിതൻ) ഉണ്ടായിരുന്നു. പോക്ക് വേളകളിൽ കുട്ടി റാഹിബുമായി സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുകയും, ആ വഴി കുട്ടിക്ക് അല്ലാഹുവിൽ വിശ്വാസമുണ്ടായിത്തീരുകയും ചെയ്തു. ഒരു ദിവസം വഴിയിൽ ഒരു മൃഗം പ്രത്യക്ഷപ്പെട്ടു ഗതാഗത തടസ്സമുണ്ടാക്കുകയുണ്ടായി. റാഹിബിന്റെ സിദ്ധാന്തങ്ങളാണ് ശരിയായതെങ്കിൽ ഈ മൃഗത്തെ കൊലപ്പെടുത്തേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് കുട്ടി ആ മൃഗത്തിനുനേരെ കല്ലെറിഞ്ഞു. മൃഗം ചത്തു. മാർഗതടസ്സം നീങ്ങി. ഈ സംഭവം മുഖേന കുട്ടിയുടെ കാര്യം ജനശ്രദ്ധയാകർഷിച്ചു. അനന്തരം കുട്ടിയുടെ കൈക്ക് പല രോഗങ്ങളും സുഖപ്പെടുക മുതലായ സംഭവങ്ങൾ നടക്കുകയും, ജനങ്ങൾക്ക് കുട്ടിയെപ്പറ്റി വലിയ മതിപ്പുണ്ടായിത്തീരുകയും ചെയ്തു. കൂട്ടത്തിൽ രാജാവുമായി അടുത്ത ബന്ധമുള്ള ഒരാളുടെ കാഴ്ച നഷ്ടപ്പെട്ടിരുന്ന കണ്ണിനും കുട്ടിയുടെ കൈക്ക് സുഖം ലഭിച്ചു. ഇത് മുഖേന രാജാവും കുട്ടിയുടെ കഥ അറിഞ്ഞു. കുട്ടിയുടെ പഠിത്തത്തിന്റെ ഫലമാണ് അതെല്ലാമെന്നാണ് ജനങ്ങൾ ധരിച്ചത്. പക്ഷേ, ഇതെല്ലാം എന്റെ റബ്ബിന്റെ പ്രവർത്തനങ്ങളാണ് എന്ന് കുട്ടി പ്രഖ്യാപിച്ചു. 'ഞാനല്ലാതെ മറ്റൊരു റബ്ബ് ആരാണ്?' എന്നായി രാജാവ്. അതിനെത്തുടർന്ന് കുട്ടിയെയും അവന്റെ ഗുരുവായ റാഹിബിനെയുംരാജാവ് പിടികൂടി.റാഹിബിനെ ഉഴിവാൾ വെച്ച് പൊളിച്ച് വീഴ്ത്തി. പിന്നീട് കുട്ടി അവന്റെ പുതിയ മതം ഉപേക്ഷിക്കാത്തപക്ഷം അവനെ ഒരു മലമുകളിൽ കൊണ്ടുപോയി കീഴ്പോട്ടിടുവാൻ രാജാവ് കൽപ്പിച്ചു. പക്ഷേ, കുട്ടിയുടെ പ്രാർത്ഥനാഫലമായി കുട്ടി രക്ഷപ്പെട്ടു. അതിനുശേഷം കപ്പലിൽ കയറ്റി സമുദ്രത്തിലെറിയുവാൻ ഏർപ്പാട് ചെയ്തു. അതിലും അവൻ കരപ്പറ്റി രക്ഷപ്പെട്ടു. കൊണ്ടുപോയവർക്ക് നാശം പിണയുകയും ചെയ്തു. ഒടുക്കം കുട്ടി പറഞ്ഞു: 'എന്നെ കൊല്ലേണമെങ്കിൽ എന്റെ അമ്പുകൊണ്ട് എന്റെ റബ്ബിന്റെ പേര് പറഞ്ഞു എന്നെ പരസ്യമായി എറിയണം.' അത് ഫലിക്കുകയും ചെയ്തു. ഇത് കണ്ട് ജനങ്ങൾ കൂട്ടമായി അല്ലാഹുവിൽ വിശ്വസിച്ചു. അപ്പോൾ രാജാവും കിങ്കരൻമാരും വലിയ ഒരു അഗ്നികുണ്ഡം തയ്യാറാക്കി സത്യവിശ്വാസികളെ അതിലിട്ട് അഗ്നിക്കിരയാക്കി.' (رواه مسلم) ക്വുർആൻ ഉദ്ദേശിക്കുന്ന സംഭവം ഇതാണോ മറ്റ് വല്ലതുമാണോ എന്ന് നമുക്ക് തീർച്ചപ്പെടുത്തിക്കൂടാത്തതാണ്.

وَمَا نَقَمُواْ مِنۡهُمۡ إِلَّآ أَن يُؤۡمِنُواْ بِٱللَّهِ ٱلۡعَزِيزِ ٱلۡحَمِيدِ ﴿٨﴾

﴾8﴿ പ്രതാപശാലിയായ, സ്തുത്യർഹനായ അല്ലാഹുവിൽ അവർ [ആ സത്യവിശ്വാസികൾ] വിശ്വസിക്കുന്നതല്ലാതെ, അവരെക്കുറിച്ച് അവർ (യാതൊന്നും) കുറ്റപ്പെടുത്തിയിട്ടില്ലതാനും;-

ٱلَّذِى لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٩﴾

《9》 അതായത്, ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം യാതൊരുവന്നാണോ അവനിൽ (വിശ്വസിക്കുന്നത്.) അല്ലാഹുവാകട്ടെ, എല്ലാ കാര്യത്തിനും ദൃക്സാക്ഷിയാകുന്നു.

《8》 وَمَا نَقَمُوا അവർ കുറ്റപ്പെടുത്തിയിട്ടില്ല, ആക്ഷേപിച്ചിട്ടില്ല, വെറുത്തിട്ടില്ല مِنْهُمْ അവരിൽനിന്ന്, അവരെക്കുറിച്ച് إِلَّا أَنْ يُؤْمِنُوا അവർ വിശ്വസിക്കുന്നതല്ലാതെ بِاللَّهِ അല്ലാഹുവിങ്കൽ الْعَزِيزِ പ്രതാപശാലിയായ الْحَمِيدِ സ്തുത്യർഹനായ 《9》 الَّذِي അതായത് യാതൊരുവൻ لَهُ അവന്നാകുന്നു مُلْكُ السَّمَاوَاتِ ആകാശങ്ങളുടെ രാജാധിപത്യം وَالْأَرْضِ ഭൂമിയുടെയും وَاللَّهُ അല്ലാഹുവാകട്ടെ عَلَى كُلِّ شَيْءٍ എല്ലാ കാര്യത്തിനും شَهِيدٌ (ദൃക്ക്) സാക്ഷിയാണ്

എല്ലാ യാഥാർത്ഥ്യങ്ങളിലുംവെച്ച് ഏറ്റവും മഹത്തും, പരിപാവനവുമായ ആ യാഥാർത്ഥ്യത്തിൽ– അതെ, അല്ലാഹു മാത്രമാണ് ആരാധ്യനും രക്ഷിതാവുമെന്ന കാര്യത്തിൽ– വിശ്വസിച്ചുവെന്നല്ലാതെ മറ്റൊരു കുറ്റവും ആ സത്യവിശ്വാസികളുടെ മേൽ അവർക്ക് ചുമത്തുവാനില്ലായിരുന്നു. എന്നിരിക്കെ, അതിനെ ഏറ്റവും വമ്പിച്ച കുറ്റമായെടുത്ത് അവരെ പൈശാചികവും മൃഗീയവുമായ രൂപത്തിൽ ശിക്ഷിച്ച ആ ദുഷ്ടൻമാരെ അല്ലാഹു എങ്ങനെ ശപിക്കാതിരിക്കും?! സത്യവും സത്യവിശ്വാസവും, സ്വീകരിക്കുന്നതിന്റെ പേരിൽ, അസത്യത്തിന്റെയും അവിശ്വാസത്തിന്റെയും വൈതാളികൻമാരിൽനിന്നുണ്ടാകുന്ന എല്ലാ മൃഗീയ മർദ്ദനങ്ങളുടെയും സ്ഥിതി ഇതുതന്നെയാകുന്നു; എല്ലാം അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നു. എല്ലാറ്റിനും അവൻ നടപടി എടുക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

إِنَّ ٱلَّذِينَ فَتَنُوا۟ ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ ثُمَّ لَمْ يَتُوبُوا۟ فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ ٱلْحَرِيقِ ﴿١٠﴾

《10》 നിശ്ചയമായും, സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും (മർദ്ദിച്ചു) കുഴപ്പത്തിലാക്കുകയും, പിന്നീട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവർ; അവർക്ക് നരകശിക്ഷയുണ്ട്; അവർക്ക് ചുട്ടുകരിക്കുന്ന ശിക്ഷയുമുണ്ട്.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَهُمْ جَنَّـٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۚ

《11》 നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ;– അവർക്ക് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളുണ്ട്.

ذَٰلِكَ ٱلْفَوْزُ ٱلْكَبِيرُ ﴿١١﴾

അതത്രെ വലുതായ വിജയം.

إِنَّ بَطْشَ رَبِّكَ لَشَدِيدٌ ﴿١٢﴾

《12》 നിശ്ചയമായും, നിന്റെ റബ്ബിന്റെ പിടുത്തം [പിടിച്ചു ശിക്ഷിക്കൽ] കഠിനമായത് തന്നെയാണ്.

إِنَّهُۥ هُوَ يُبْدِئُ وَيُعِيدُ ﴿١٣﴾

《13》 നിശ്ചയമായും, അവൻ തന്നെയാണ്, ആദ്യമായുണ്ടാക്കുകയും, (വീണ്ടും) ആവർത്തിച്ചുണ്ടാക്കുകയും ചെയ്യുന്നത്.

وَهُوَ ٱلْغَفُورُ ٱلْوَدُودُ ﴿١٤﴾

《14》 വളരെ പൊറുക്കുന്നവനും, വളരെ സ്നേഹമുള്ളവനും അവനത്രെ.

ذُو ٱلْعَرْشِ ٱلْمَجِيدُ ﴿١٥﴾

《15》 'അർശ്' [സിംഹാസനം] ഉള്ളവനും, മഹത്വമേറിയവനും;-

فَعَّالٌ لِّمَا يُرِيدُ ﴿١٦﴾

《16》 താൻ ഉദ്ദേശിക്കുന്നതെന്തോ അത് (ശരിക്കും) പ്രവർത്തിക്കുന്നവനും.

《10》 إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരുവൻ فَتَنُوا അവർ കുഴപ്പപ്പെടുത്തി, പരീക്ഷണത്തിലാക്കി (മർദ്ദിച്ചു) ٱلْمُؤْمِنِينَ സത്യവിശ്വാസികളെ وَٱلْمُؤْمِنَاتِ സത്യവിശ്വാസിനികളെയും ثُمَّ പിന്നീട് لَمْ يَتُوبُوا അവർ പശ്ചാത്തപിച്ചതുമില്ല فَلَهُمْ എന്നാലവർക്കുണ്ട് عَذَابُ جَهَنَّمَ ജഹന്നമി (നരകത്തി)ന്റെ ശിക്ഷ وَلَهُمْ അവർക്കുണ്ട്താനും عَذَابُ ٱلْحَرِيقِ കരിച്ചലിന്റെ (ചുട്ടെരിക്കുന്ന) ശിക്ഷ 《11》 إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരുവർ آمَنُوا വിശ്വസിച്ച وَعَمِلُوا ٱلصَّالِحَاتِ സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത لَهُمْ جَنَّاتٌ അവർക്കുണ്ട് സ്വർഗങ്ങൾ تَجْرِي നടക്കുന്ന, ഒഴുകുന്ന مِن تَحْتِهَا അതിന്റെ അടിഭാഗത്തൂടെ ٱلْأَنْهَارُ അരുവികൾ, നദികൾ ذَٰلِكَ ٱلْفَوْزُ അതത്രെ വിജയം, ഭാഗ്യം ٱلْكَبِيرُ വലിയ 《12》 إِنَّ بَطْشَ നിശ്ചയമായും പിടുത്തം (ശിക്ഷ) رَبِّكَ നിന്റെ റബ്ബിന്റെ لَشَدِيدٌ കഠിനമായതുതന്നെ 《13》 إِنَّهُ هُوَ നിശ്ചയം അവൻതന്നെ يُبْدِئُ ആദ്യമായുണ്ടാക്കുന്നു, തുടക്കം ചെയ്യുന്നു وَيُعِيدُ ആവർത്തിക്കുക (മടക്കിയുണ്ടാക്കുക)യും ചെയ്യുന്നു 《14》 وَهُوَ അവനത്രെ ٱلْغَفُورُ വളരെ പൊറുക്കുന്നവൻ ٱلْوَدُودُ വളരെ സ്നേഹം (താൽപര്യം) ഉള്ളവൻ 《15》 ذُو ٱلْعَرْشِ അർശുള്ളവൻ, സിംഹാസനക്കാരൻ ٱلْمَجِيدُ മഹത്വമേറിയവൻ, യോഗ്യതയുള്ളവൻ 《16》 فَعَّالٌ ശരിക്കും ചെയ്യുന്നവൻ, പ്രവർത്തിക്കുന്നവൻ لِمَا يُرِيدُ താൻ ഉദ്ദേശിക്കുന്നതിനെ, എന്ത് താൽപര്യപ്പെടുന്നോ അത്

എന്നിരിക്കെ, അവന്റെ പിടിയില്‍ അമരാത്തവനോ, അവന്റെ നടപടിയില്‍നിന്ന് രക്ഷപ്പെടുന്നുവനോ, അവനെ അതിജയിക്കുന്നവനോ ആരുണ്ട്? ആരും തന്നെയില്ല. എല്ലാം അവന്റെ സൃഷ്ടി. രക്ഷിക്കുവാനും ശിക്ഷിക്കുവാനുമുള്ള അധികാരവും കഴിവും അവന്ന് മാപ്പുചെയ്യാനും ദയകാണിക്കുവാനുമുള്ള കഴിവും സന്നദ്ധതയും ഉള്ളവനും അവന്‍ തന്നെ. പരമാധികാരവും പരിപൂര്‍ണ സ്വാതന്ത്ര്യവും അവന്ന് മാത്രം. അവനെ ചോദ്യം ചെയ്യാന്‍ ആരുമില്ല.

هَلۡ أَتَىٰكَ حَدِيثُ ٱلۡجُنُودِ ﴿١٧﴾

﴾17﴿ (ആ) സൈന്യങ്ങളുടെ വര്‍ത്തമാനം നിനക്ക് വന്നെത്തിയിരിക്കുന്നുവോ (നബിയേ),-

فِرۡعَوۡنَ وَثَمُودَ ﴿١٨﴾

﴾18﴿ അതായത്, ഫിര്‍ഔന്റെയും, 'ഥമൂദി'ന്റെയും?!

﴾17﴿ هَلۡ أَتَاكَ നിനക്ക് വന്നിരിക്കുന്നുവോ حَدِيثُ വര്‍ത്തമാനം الْجُنُودِ സൈന്യങ്ങളുടെ ﴾18﴿ فِرْعَوْنَ അതായത് ഫിര്‍ഔന്റെ وَثَمُودَ ഥമൂദിന്റെയും

അതെ, ആ വര്‍ത്തമാനം നിങ്ങള്‍ക്ക് അറിയാമല്ലോ, അത് നിങ്ങള്‍ക്ക് സമാധാനം നല്‍കുവാനും, സത്യനിഷേധികള്‍ക്ക് പാഠമായിരിക്കുവാനും പോരുന്നതാണ്.

بَلِ ٱلَّذِينَ كَفَرُواْ فِي تَكۡذِيبٖ ﴿١٩﴾

﴾19﴿ എങ്കിലും (ഈ) അവിശ്വസിച്ചവര്‍ വ്യാജമാക്കലിലാണ് (ഏര്‍പ്പെട്ടിട്ടു)ള്ളത്.

وَٱللَّهُ مِن وَرَآئِهِم مُّحِيطُۢ ﴿٢٠﴾

﴾20﴿ അല്ലാഹുവാകട്ടെ, അവരുടെ പിന്‍വശത്തിലൂടെ (അവരെ) വലയം ചെയ്തുകൊണ്ടിരിക്കുന്നവനുമാണ്.

بَلۡ هُوَ قُرۡءَانٞ مَّجِيدٞ ﴿٢١﴾

﴾21﴿ പക്ഷേ, അത് മഹത്വമേറിയ ഒരു ക്വുര്‍ആനാകുന്നു.

فِي لَوۡحٖ مَّحۡفُوظِۭ ﴿٢٢﴾

﴾22﴿ സുരക്ഷിതമായ ഒരു ഫലകത്തിലാണ് (അതുള്ളത്).

﴾19﴿ بَلِ എങ്കിലും (പക്ഷേ) الَّذِينَ كَفَرُوا അവിശ്വസിച്ചവര്‍ فِي تَكْذِيبٍ വ്യാജമാക്കലിലാകുന്നു ﴾20﴿ وَاللَّهُ അല്ലാഹുവാകട്ടെ مِن وَرَائِهِم അവരുടെ പിന്‍വശത്തൂടെ, പിന്നില്‍നിന്ന് مُحِيطٌ വലയം ചെയ്യുന്നവനാകുന്നു ﴾21﴿ بَلْ هُوَ എങ്കിലും (പക്ഷേ-എന്നാല്‍) അത് قُرْآنٌ ഒരു ക്വുര്‍ആനാകുന്നു (വായനാഗ്രന്ഥമാണ്) مَجِيدٌ മഹത്വമേറിയ, ശ്രേഷ്ഠമാക്കപ്പെട്ട ﴾22﴿ فِي لَوْحٍ ഒരു ഫലകത്തില്‍, പലകയില്‍ مَحْفُوظٍ സുരക്ഷിതമായ, സൂക്ഷിക്കപ്പെട്ട

അക്രമത്തിലും മര്‍ദ്ദനത്തിലും മുന്‍പന്തിയില്‍നിന്നിരുന്ന അതികേമന്‍മാരായ ഫിര്‍

ഔൻ, ഥമൂദുവർഗംപോലെയുള്ളവരുടെയെല്ലാം പര്യവസാനങ്ങൾ എന്തായിരുന്നുവെന്ന് പൊതുവിൽ അറിഞ്ഞു കഴിഞ്ഞതാണല്ലോ. ഈ ധിക്കാരികൾക്ക് അതിൽനിന്നൊന്നും പാഠം പഠിഞ്ഞിട്ടില്ല. അവരിപ്പോഴും നിഷേധത്തിലും ധിക്കാരത്തിലും ഉറച്ചുനിൽക്കുക യാണ്. അല്ലാഹു എല്ലാം സൂക്ഷ്മമായി അറിഞ്ഞുകൊണ്ടിരിക്കുന്നുതാനും. അതവർ ഓർക്കുന്നില്ല. ക്വുർആനാണെങ്കിൽ- അതാണല്ലോ അവരുടെ ഈ ദുഷ്ചെയ്തികൾക്ക് കാരണമായിത്തീർന്നിരിക്കുന്നത്- അതിലെ വചനങ്ങളും ആശയങ്ങളും അത് വിഭാവനം ചെയ്യുന്ന ആദർശങ്ങളുമെല്ലാംതന്നെ അതിമഹത്തായതും ആരുടെ കൈകടത്തലിനും പഴുതില്ലാത്തവിധം സുരക്ഷിതമായതുമാകുന്നു. അതിനെ വ്യാജമാക്കിത്തള്ളുവാനോ, നിഷേധിക്കുവാനോ യാതൊരു ന്യായവുമില്ല, കാരണവുമില്ല.

لَوْحٍ مَّحْفُوظٍ (സുരക്ഷിതഫലകം- അഥവാ സൂക്ഷിക്കപ്പെട്ട പലക) എന്നാൽ ഏതാണ്? അതെവിടെയാണ്? ഏതുതരത്തിലുള്ളതാണ്? എന്നൊന്നും നമുക്ക് വസ്തുനിഷ്ഠമായി വിവരിക്കുവാൻ അറിഞ്ഞുകൂടാ. വാക്കിന്റെ ഭാഷാർത്ഥത്തെ അടിസ്ഥാന മാക്കി -ചില ആളുകൾ ചെയ്തുകാണുന്നതുപോലെ- അതിനെ കേവലം ഒരു ഭൗതിക വസ്തുവായി ചിത്രീകരിക്കുവാനോ, നമ്മുടെ കയ്യിലുള്ള 'മുസ്ഹഫു'കളോ മറ്റോ ആണെന്ന് വിധികൽപിക്കുവാനോ മുതിരുന്നത് അന്യായമാണ്. ക്വുർആനെപ്പറ്റി സൂറത്തുൽ വാക്വിഅഃ 77 - 79 ൽ إِنَّهُ لَقُرْآنٌ كَرِيمٌ فِي كِتَابٍ مَّكْنُونٍ لَّا يَمَسُّهُ إِلَّا الْمُطَهَّرُونَ (അത് മാന്യമായ ഒരു ക്വുർആനാണ്, ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിലാണുള്ളത്. പരിശുദ്ധമാക്കപ്പെട്ടവരല്ലാതെ അതിനെ സ്പർശിക്കയില്ല.) എന്ന് പറഞ്ഞിരിക്കുന്നു. ഇതിന്റെ വിവരണത്തിൽ അവിടെ നാം പ്രസ്താവിച്ചത് ഓർക്കുക. ആ ആശയംതന്നെയാണ് ഇവിടെയും ഉള്ളത്. സൂറ: റഅ്ദിൽ يَمْحُو اللَّهُ مَا يَشَاءُ وَيُثْبِتُ وَعِندَهُ أُمُّ الْكِتَابِ الرعد: ٣٩- (അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായിച്ചുകളയുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂലഗ്രന്ഥം അവന്റെ അടുക്കലുണ്ട്താനും.) എന്നും പറയുന്നു. അപ്പോൾ, അല്ലാഹുവിങ്കൽ പ്രത്യേകം സൂക്ഷിക്കപ്പെട്ട ഒരു ജ്ഞാനരേഖയാണ് അതെന്നും, ക്വുർആനടക്കം അല്ലാഹു അതിൽ പലതും രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്നും, അവൻ അറിയിച്ചുകൊടുത്തതല്ലതെ ആർക്കും അതിനെപ്പറ്റി അറിയുവാൻ കഴിയുന്നതല്ലെന്നും ഗ്രഹിക്കാമല്ലോ. ക്വുർആൻ വചനങ്ങളിൽനിന്നും, നബിവചനങ്ങളിൽനിന്നും, മുൻഗാമികളായ മഹാൻമാരുടെ വചനങ്ങളിൽനിന്നും പൊതുവിൽ 'ലൗഹുൻ- മഹ്ഫൂദ്വി (لوح محفوظ)'നെപ്പറ്റി മുസ്ലിംകൾ മനസ്സിലാക്കുന്നതും വിശ്വസിക്കുന്നതും അതാണ്. والله اعلم

ولله الحمد والمنة

سورة الطارق

86. സൂറതുത്ത്വാരിക്വ്

മക്കയിൽ അവതരിച്ചത് - വചനങ്ങൾ 17

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلسَّمَآءِ وَٱلطَّارِقِ ۝١

《1》 ആകാശം തന്നെയാണ, രാത്രി കടന്നുവരുന്നതും തന്നെയാണ (സത്യം)!

وَمَآ أَدۡرَىٰكَ مَا ٱلطَّارِقُ ۝٢

《2》 രാത്രി കടന്നുവരുന്നത് എന്നാൽ എന്താണെന്ന് നിനക്ക് എന്തറിയാം?!

ٱلنَّجۡمُ ٱلثَّاقِبُ ۝٣

《3》 തുളച്ചുചെല്ലുന്ന നക്ഷത്രമത്രെ (അത്).

إِن كُلُّ نَفۡسٖ لَّمَّا عَلَيۡهَا حَافِظٞ ۝٤

《4》 എല്ലാ ഓരോ ദേഹവും [ആളും] തന്നെ, അതിന്റെ മേൽ സൂക്ഷിച്ചു (വീക്ഷിച്ചു)കൊണ്ടിരിക്കുന്ന ഒരാൾ ഇല്ലാത്തതായിട്ടില്ല.

《1》 وَالسَّمَاءِ ആകാശം തന്നെയാണ وَالطَّارِقِ (രാത്രി) വന്നുമുട്ടുന്ന (കടന്നുവരുന്ന)തും 《2》 وَمَاأَدْرَاكَ നിനക്ക് എന്തറിയാം مَاالطَّارِقُ രാത്രി കടന്നുവരുന്നത് എന്താണെന്ന് 《3》 النَّجْمُ നക്ഷത്രമാണ് الثَّاقِبُ തുളച്ചുചെല്ലുന്ന (ശോഭയേറിയ) 《4》 إِنْ كُلُّ نَفْسٍ എല്ലാ ഓരോ ദേഹവും (ആളും- ആത്മാവും) ഇല്ല لَمَّا عَلَيْهَا അതിന്റെമേൽ ഇല്ലാതെ حَافِظٌ ഒരു സൂക്ഷിക്കുന്നവൻ, പാറാവുകാരൻ, കാക്കുന്നവൻ

ആകാശത്തെയും നക്ഷത്രത്തെയുംകൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു. നക്ഷത്ര

ങ്ങൾ പ്രത്യക്ഷപ്പെടുന്നത് രാത്രിയാകകൊണ്ട് രാത്രി കടന്നുവരുന്നത് (الطَّارِقِ) എന്നും, പ്രകാശിക്കുന്ന ശോഭയോടുകൂടിയതാകകൊണ്ട് തുളച്ചുചെല്ലുന്നത് (الثَّاقِبُ) എന്നും അതിനെ വിശേഷിപ്പിച്ചിരിക്കുന്നു. 'നക്ഷത്രം കൊണ്ടുള്ള വിവക്ഷ, പൊതുവിൽ എല്ലാ നക്ഷത്രങ്ങളുമോ, ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചുകാണുന്നതുപോലെ ഏതെങ്കിലും പ്രത്യേക നക്ഷത്രമോ ആകാവുന്നതാണ്. ഓരോ ആളെപ്പറ്റിയും സൂക്ഷിച്ചു വീക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരു പാറാവുകാരൻ ഉണ്ടെന്നും, ആരും അതിൽനിന്ന് ഒഴിവില്ല എന്നു മാണ് അല്ലാഹു സത്യംചെയ്ത് പറയുന്നത്.

മനുഷ്യന്റെ കർമങ്ങളെല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുകയും എഴുതി രേഖപ്പെടുത്തു കയും ചെയ്യുന്ന ചില മലക്കുകൾ എല്ലാവരുടെയും കൂടെ ഉണ്ടെന്ന് സൂറ: ഇൻഫിത്വാർ 10 ൽ കണ്ടുവല്ലോ. മനുഷ്യന്റെ മുമ്പിലൂടെയും പിമ്പിലൂടെയും അവനെ കാത്ത് സൂക്ഷി ച്ചുകൊണ്ടിരിക്കുന്ന മലക്കുകൾ ഉണ്ടെന്ന് സൂറ: റഅ്ദ് 11 ലും പ്രസ്താവിച്ചിരിക്കുന്നു. സൂക്ഷിച്ചുകൊണ്ടിരിക്കുന്ന പാറാവുകാരൻ (حَافِظٌ) എന്ന് ഇവിടെ പറഞ്ഞത് ഈ രണ്ടിൽ ഏതെങ്കിലും ഒരു വിഭാഗത്തെ ഉദ്ദേശിച്ചാവാം. അല്ലാഹുവിനെത്തന്നെ ഉദ്ദേശിച്ചും ആവാം. ഏറ്റവും നല്ല പാറാവുകാരൻ അവൻ തന്നെയാണല്ലോ. (فَاللهُ خَيرٌ حافظا) ഏതായാലും മനു ഷ്യന്റെ എല്ലാ പ്രവർത്തനങ്ങളും ചലനങ്ങളും ഒന്നൊഴിയാതെ വീക്ഷിക്കപ്പെട്ടുകൊണ്ടി രിക്കുന്നുണ്ടെന്ന് അവനെ അല്ലാഹു ഉണർത്തുകയാണ്.

فَلۡيَنظُرِ ٱلۡإِنسَٰنُ مِمَّ خُلِقَ ٥

(5) എന്നാൽ, മനുഷ്യൻ (ചിന്തിച്ചു) നോക്കട്ടെ, അവൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന്!

خُلِقَ مِن مَّآءٖ دَافِقٖ ٦

(6) തെറിച്ചുവരുന്ന ഒരു വെള്ളത്തിൽനിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

يَخۡرُجُ مِنۢ بَيۡنِ ٱلصُّلۡبِ وَٱلتَّرَآئِبِ ٧

(7) അത് മുതുകെല്ലിനും, നെഞ്ചെല്ലുകൾക്കും ഇടയിൽ നിന്ന് പുറത്തുവരുന്നു.

---

(5) فَلۡيَنظُرِ എന്നാൽ നോക്കട്ടെ الۡإِنسَٰنُ മനുഷ്യൻ مِمَّ خُلِقَ അവൻ എന്തിനാൽ (ഏതിൽനിന്ന്) സൃഷ്ടിക്കപ്പെട്ടു എന്ന് (6) خُلِقَ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു مِن مَّآءٍ ഒരു വെള്ളത്തിനാൽ دَافِقٍ തെറിച്ചുവരുന്ന (7) يَخۡرُجُ അത് പുറത്ത് വരുന്നു مِنۢ بَيۡنِ الصُّلۡبِ മുതുകെല്ലിന്റെ ഇടയിൽനിന്ന് وَالتَّرَآئِبِ നെഞ്ചെല്ലുകളുടെയും

ഭക്ഷ്യസത്തുക്കളിൽ നിന്ന് ഉൽഭൂതമാകുന്നതും, ശരീരാംശങ്ങളിൽനിന്നെല്ലാം ഒഴു കിവരുന്നതുമാണ് പുരുഷ ബീജവും സ്ത്രീയുടെ അണ്ഡവും. അതിന്റെ പ്രധാനകേന്ദ്രം പുരുഷന്റെ നട്ടെല്ലുകളും സ്ത്രീയുടെ മേലേനെഞ്ചെല്ലുകളുമാകുന്നു. അവിടങ്ങളിൽനി ന്നാണത് വെളിക്കുവരുന്നത്. അതുകൊണ്ടാണ് മുതുകെല്ലിനും നെഞ്ചെല്ലുകൾക്കുമിട യിൽനിന്ന് അത് പുറപ്പെടുന്നുവെന്ന് പറഞ്ഞിരിക്കുന്നത്. മാതാപിതാക്കളുടെ ശരീര

ത്തിൽ നിന്ന് വാർന്നു തെറിച്ചുവീഴുന്ന ഒരു നിസ്സാരജലത്തിന്റെ ഏറ്റവും ഒരു ബിന്ദുവിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കപ്പെട്ടവനല്ലേ മനുഷ്യൻ?! അവന് രണ്ടാമതൊരു ജീവിതം കൂടി നൽകുവാൻ അല്ലാഹുവിന് കഴിവില്ലെന്നോ?!-

إِنَّهُۥ عَلَىٰ رَجۡعِهِۦ لَقَادِرٞ ۝٨

《8》 നിശ്ചയമായും, അവൻ അല്ലാഹു അവനെ മട(ക്കി സൃഷ്ടി)ക്കുന്നതിന് കഴിവുള്ളവൻതന്നെ,-

يَوۡمَ تُبۡلَى ٱلسَّرَآئِرُ ۝٩

《9》 രഹസ്യങ്ങൾ പരിശോധിക്കപ്പെടുന്ന ദിവസം.

فَمَا لَهُۥ مِن قُوَّةٖ وَلَا نَاصِرٖ ۝١٠

《10》 അപ്പോൾ അവന്ന് യാതൊരു ശക്തിയാകട്ടെ, സഹായകനാകട്ടെ (ഉണ്ടായിരിക്കുക) ഇല്ല.

《8》 إِنَّهُ നിശ്ചയമായും അവൻ عَلَىٰ رَجْعِهِ അവനെ മടക്കുവാൻ, ആവർത്തിക്കുന്നതിന് لَقَادِرٌ കഴിവുള്ളവൻ തന്നെ 《9》 يَوْمَ تُبْلَى പരിശോധിക്ക(പരീക്ഷിക്ക)പ്പെടുന്ന ദിവസം السَّرَائِرُ രഹസ്യങ്ങൾ, സ്വകാര്യചെയ്തികൾ 《10》 فَمَا لَهُ അപ്പോൾ അവന്നില്ല مِن قُوَّةٍ ഒരു ശക്തിയും وَلَا نَاصِرٍ ഒരു സഹായകനുമില്ല

സ്വകാര്യജീവിതത്തിൽ അവൻ നടത്തുന്ന എല്ലാ ഗൂഢപ്രവർത്തനങ്ങളും, അവന്റെ വിചാരം, വികാരം, ഉദ്ദേശ്യം, വിശ്വാസം മുതലായവയുമെല്ലാം ക്വിയാമത്തുനാളിൽ പരിശോധനാവിഷയമാകുന്നതും, അതനുസരിച്ച് നടപടി എടുക്കപ്പെടുന്നതുമാണ്. ഇന്ന് ഈ കാണുന്ന കഴിവും സ്വാധീനവും ഒന്നുംതന്നെ അവന് അന്നുണ്ടായിരിക്കയില്ല. ആരും അവനെ രക്ഷിക്കുവാനും ഉണ്ടാകുന്നതല്ല.

وَٱلسَّمَآءِ ذَاتِ ٱلرَّجۡعِ ۝١١

《11》 ആവർത്തി(ച്ചു മഴചൊരി)ക്കുന്ന ആകാശം തന്നെയാണ (സത്യം)!

وَٱلۡأَرۡضِ ذَاتِ ٱلصَّدۡعِ ۝١٢

《12》 (സസ്യലതാദികൾ മുളച്ച്) പിളരുന്ന ഭൂമിയും തന്നെയാണ (സത്യം)!

إِنَّهُۥ لَقَوۡلٞ فَصۡلٞ ۝١٣

《13》 നിശ്ചയമായും, ഇത് ഒരു (ഖണ്ഡിതമായ) തീരുമാന വചനം തന്നെയാകുന്നു.

وَمَا هُوَ بِٱلۡهَزۡلِ ۝١٤

《14》 ഇത് തമാശയല്ല.

《11》 وَالسَّمَاءِ ആകാശം തന്നെയാണ ذَاتِ الرَّجْعِ മടക്കം (ആവർത്തനം) ഉള്ളതായ 《12》 وَالْأَرْضِ ഭൂമിയുമാണ ذَاتِ الصَّدْعِ പിളരൽ ഉള്ള (പിളരുന്ന)തായ 《13》 إِنَّهُ നിശ്ചയമായും ഇത്, അത് لَقَوْلٌ ഒരു വാക്ക് (വചനം) തന്നെ فَصْلٌ തീരുമാനമായ (ഖ

ണ്ഡിതമായ) ﴾14﴿ وَمَاهُوَ അതല്ലതാനും بِالْهَزْلِ തമാശ

മടക്കം അഥവാ ആവർത്തനം ഉള്ളത് (ذَاتِ الرَّجْعِ) എന്ന് ആകാശത്തെ വിശേഷിപ്പിച്ചതിന് മഴ ആവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നും, ഗോളങ്ങളുടെ ചലനം ആവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നും വിവക്ഷ നൽകപ്പെടാറുണ്ട്. ആദ്യത്തെ അഭിപ്രായത്തിനാണ് മുൻഗണന കാണുന്നത്. പിളരുന്നത് (ذَاتِ الصَّدْعِ) എന്ന് ഭൂമിയെ വിശേഷിപ്പിച്ചത് മഴ നിമിത്തം സസ്യലതാദികൾ മുളച്ചു പൊന്തുമാറ് ചീർത്തു പിളരുന്നത് എന്ന ഉദ്ദേശ്യത്തിലാകുന്നു. മനുഷ്യന്റെ സൃഷ്ടിയെക്കുറിച്ചും അവന്റെ പുനരെഴുന്നേൽപിനെക്കുറിച്ചും അവന്റെ ചിന്ത തിരിക്കുവാൻ പോരുന്നതാണ് ഈ സത്യവാചകങ്ങൾ. മനുഷ്യന് മരണശേഷം വീണ്ടും ഒരു ജീവിതമുണ്ടെന്നും, അവന്റെ കർമങ്ങളെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുമെന്നും പറയുന്നത് കേവലം തമാശയോ വിനോദമോ ഒന്നുമല്ല; യാതൊരു നീക്കുപോക്കുമില്ലാത്ത വിധം ഖണ്ഡിതവും അവസാനത്തെതുമായ വാക്കാണത് എന്നത്രെ അല്ലാഹു സത്യം ചെയ്തു പറയുന്നത്.

إِنَّهُمْ يَكِيدُونَ كَيْدًا ﴿١٥﴾

﴾15﴿ നിശ്ചയമായും, അവർ [അവിശ്വാസികൾ] ഒരു (വമ്പിച്ച) തന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കുന്നു;

وَأَكِيدُ كَيْدًا ﴿١٦﴾

﴾16﴿ ഞാനും ഒരു (വമ്പിച്ച) തന്ത്രം പ്രയോഗിക്കുന്നതാണ്

فَمَهِّلِ الْكَافِرِينَ أَمْهِلْهُمْ رُوَيْدًا ﴿١٧﴾

﴾17﴿ ആകയാൽ, (നബിയേ) അവിശ്വാസികൾക്ക് നീ (കാല) താമസം നൽകുക; അവർക്ക് നീ അൽപമൊന്ന് താമസം ചെയ്തുകൊടുക്കുക.

﴾15﴿ إِنَّهُمْ നിശ്ചയമായും അവർ يَكِيدُونَ തന്ത്രം (ഉപായം) പ്രവർത്തിക്കുന്നു كَيْدًا ഒരു തന്ത്രം, ഉപായം ﴾16﴿ وَأَكِيدُ ഞാനും തന്ത്രം പ്രയോഗിക്കുന്നു كَيْدًا ഒരു തന്ത്രം ﴾17﴿ فَمَهِّلِ ആകയാൽ താമസം (ഒഴിവ്- ഇട- സാവകാശം) നൽകുക الْكَافِرِينَ അവിശ്വാസികൾക്ക് أَمْهِلْهُمْ അവർക്ക് താമസം ചെയ്തുകൊടുക്കുക رُوَيْدًا അൽപം, കുറച്ച്

സത്യപ്രബോധനത്തെയും, പ്രവാചകനെയും നിഷ്കാസനം ചെയ്യാനായി അവർ ഗൂഢതന്ത്രങ്ങൾ പലതും നടത്തിക്കൊണ്ടിരിക്കുകയാണ്. അവരെ പരാജയപ്പെടുത്തുവാനും മുട്ടുകുത്തിക്കുവാനുമുള്ള തന്ത്രങ്ങൾ ഞാനും നടത്തുന്നുണ്ട്. അതുകൊണ്ട് അവരുടെ കാര്യത്തിൽ ധൃതിപ്പെടേണ്ടതില്ല. അൽപമൊന്ന് ക്ഷമിച്ചേക്കുക. താമസിയാതെ അവരെ ഞാൻ പരാജയപ്പെടുത്തുകയും പിടികൂടുകയും ചെയ്യാതിരിക്കയില്ല. എന്ന് നബി ﷺയെ സമാധാനിപ്പിക്കുകയാണ്. അല്ലാഹുവിന്റെ തന്ത്രം കുറിക്ക് കൊള്ളുമെന്ന് പറയേണ്ടതില്ല. അത് സംഭവിച്ചുകഴിയുകയും ചെയ്തുവല്ലോ.

اللهم لك الحمد والمنة